# RED STEPS

# ചുവന്ന പടവുകൾ




CPI (M) സുൽത്താൻബത്തേരി ഏരിയ കമ്മിറ്റി


ആശംസകളോടെ......
Wayanad Milk
Wayanad Curd
Wayanad Milk Peda
Wayanad Milk Ghee
Wayanad Milk
പാക്കറ്റ്പാൽ | തൈര് | സംഭാരം | നെയ്യ് | പേഡ
സുൽത്താൻബത്തേരി കോ–ഓപ്പറേറ്റീവ് മിൽക്ക് സപ്ലൈ സൊസൈറ്റി
ലിമിറ്റഡ് നമ്പർ: ഡി. 1843, സുൽത്താൻബത്തേരി പി.ഒ, പിൻ: 673592
ഫോൺ: 04936 220260, 222760
President : K K Paulose / Secretary : P P Vijayan
coopsby@gmail.com-221325

ആശംസകളോടെ....

# പാരാമെഡിക്കൽ ഡിഗ്രി കോഴ്സ്
# ഇനി വയനാട്ടിലും

**ADMISSION STARTED**

**Dialysis ( 3 Year Degree)**
**Medical Laboratory Technology**
(3 Year Degree)
**Radiology & Medical Imagine Technology**
(3 Year Degree)
**Operation Theater Technology**
(3 Year Degree)
**Cardiac Care Technology**
(3 Year Degree)

UGC/PSC, NACC4+, B.Voc Approved
Hostel & Loan Facilities Available

**100% Placement**



നിങ്ങളുടെ അവസരം പരമാവധി പ്രയോജനപ്പെടുത്തുക

SKY BLUE

## COLLEGE OF AVIATION & PARAMEDICAL SCIENCE

MOOLANKAVE, SULTHAN BATHERY, WAYANAD
PH : 7561 847 765, 7907 808 741

**GENIUS ARE NOT BORN, BUT MADE**

- BBA Aviation & Diploma In Avaiation & Hospitality
- BA Adventure Sports & Diploma In Adv. Sports.
- BCom GST
- ECA Cloud Computing & Ethical Hacking
- Dip : Dialysis & Lab Technician



സ്ഥാപിതം 1987

# സുൽത്താൻബത്തേരി താലൂക്ക് സ്റ്റേറ്റ് എംപ്ലോയീസ് ആന്റ് ടീച്ചേഴ്സ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി

**Ltd. No. W. 45 (SETCOS)**

ചുങ്കം ബസ്സ് സ്റ്റാന്റിന് സമീപം, കൈപ്പഞ്ചേരി റോഡ്,
**സുൽത്താൻബത്തേരി.**

ഫോൺ : 04936 – 222276, 8078932276
e-mail : setcosbathery@gmail.com



സ്ഥിര നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ

## സൊസൈറ്റിയുടെ സേവനങ്ങൾ

- പേഴ്സണൽ ലോണുകൾ – (15 ലക്ഷം രൂപ വരെ 10% പലിശ നിരക്കിൽ)
- എമർജൻസി ലോണുകൾ
- വാഹന വായ്പകൾ – (10 ലക്ഷം രൂപ വരെ)
- ഹയർ പർച്ചേഴ്സ് സ്കീമുകൾ – (1 ലക്ഷം രൂപ വരെ)
- സേവിംഗ്സ് ബാങ്ക് ഇടപാടുകൾ – (100 രൂപ അടച്ച് ആരംഭം)
- റിക്കറിംഗ് ഡെപ്പോസിറ്റ് (RD) – (100 ന്റെ ഗുണിതങ്ങളായി)
- സ്ഥിര നിക്ഷേപങ്ങൾ (FD) – (സീനിയർ സിറ്റിസന് 0.5% കൂടുതൽ പലിശ)
- ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീമുകൾ (GDS) – (20 ലക്ഷം രൂപ വരെ)
- സേവിംഗ്സ് അക്കൗണ്ടിൽ നിന്നും ജി.ഡി.എസിലേക്ക് യഥാസമയം പണം മാറ്റുന്നതിനുള്ള സംവിധാനം*
- 10 ലക്ഷം വരെ സലയുള്ള മുടങ്ങി കിടക്കുന്ന ജി.ഡി.എസ്. ഏറ്റെടുക്കാൻ സൗകര്യം*
- RTGS, NEFT, UPI സൗകര്യം*

## സൊസൈറ്റിയുടെ ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീമിന്റെ (GDS) സവിശേഷതകൾ

- GDS ലേലം ഉറപ്പിച്ചാൽ ഉടൻ പണം*
- ഉദാരമായ ജാമ്യവ്യവസ്ഥകൾ*
- GDS സ്ഥിര നിക്ഷേപമാക്കാൻ സൗകര്യം.*
- GDS സ്ഥിര നിക്ഷേപമാക്കുമ്പോൾ ലേലം ഉറപ്പിച്ച അന്നു മുതൽ പലിശ ലഭിക്കുന്നു.*
- പുതിയ GDSൽ നിന്നും നിബന്ധനകൾക്കു വിധേയമായി അടച്ച തുകയുടെ 70% വരെ ലോൺ അനുവദിക്കുന്നു.*
- GDSകൾക്ക് ബാധകമായ GST അംഗങ്ങളിൽ നിന്നും ഈടാക്കാതെ സംഘം തന്നെ അടക്കുന്നു.
- GDSൽ ചേരുന്ന എല്ലാവർക്കും സമ്മാനമായി 'ക്യാഷ് ബാക്ക്'

*നിബന്ധനകൾക്ക് വിധേയം

| | | |
|---|---|---|
| വി. ജെ. ഷാജി | റ്റി. രാജൻ | എം. എ. അനുഷാദ് |
| (പ്രസിഡന്റ്) 95398 17070 | (വൈസ് പ്രസിഡന്റ്) 90486 77736 | (സെക്രട്ടറി) 99613 33947 |


എ.കെ.ജി സ്മാരക മന്ദിരം
(CPI(M) ബത്തേരി ഏരിയ കമ്മിറ്റി ഓഫീസ് ) &
സി.ഭാസ്കരൻ സ്മാരക ഓഡിറ്റോറിയം

# ഏരിയ സാരഥികൾ


വി.വി. ബേബി


പി.ആർ. ജയപ്രകാശ്


സുരേഷ് താളൂർ


സി.കെ. സഹദേവൻ


കെ. ശശാങ്കൻ


ബേബി വർഗ്ഗീസ്


പി.കെ. രാമചന്ദ്രൻ


സി. ശിവശങ്കരൻ


ബിന്ദു മനോജ്


ടി.കെ. രമേശ്


കെ.കെ. പൗലോസ്


ടി.കെ. ശ്രീജൻ


കെ.സി. യോഹന്നാൻ


സി.എൻ. രവി


കെ.വൈ. നിധിൻ


വി.പി. ബോസ്


കെ.എം. സിന്ധു


പി.സി. രജീഷ്


എം.എസ്. ഫെബിൻ


സി.എസ്. ശ്രീജിത്ത്


അശോകൻ ചൂരപ്ര


ജിനേഷ് പൗലോസ്



ലിജോ ജോണി


കെ.എൻ. എബി


ടി.പി. ഷുക്കൂർ


പി.കെ. അനൂപ്


സാബു കുഴിമാളം



പി.വി. വർഗ്ഗീസ് വൈദ്യർ



സി. ഭാസ്ക്കരൻ



പി.പി. ബാലകൃഷ്ണൻ



കെ. ശ്രീധരൻ

# വാക്ക്....

ചരിത്രത്തിന്റെ അനുസ്യൂതമായ പ്രവാഹത്തെ സ്വാംശീകരിക്കുകയും
നിരന്തരം വ്യാഖ്യാനിക്കുകയും ചെയ്യുന്നത്,
മനുഷ്യ പക്ഷത്തു നിലയുറപ്പിച്ചിട്ടുള്ള ഏതൊരു
അന്വേഷകന്റെയും പ്രാഥമിക ബാദ്ധ്യതയാണ്.
ചരിത്രത്തെ അടയാളപ്പെടുത്തുകയും
വിസ്മൃതിയിലാണ്ടുപോയതിനെ വീണ്ടെടുക്കയും
ചെയ്യുന്നത്, നമ്മുടെ കാലത്ത് ഒരു രാഷ്ട്രീയ പ്രവർത്തനം
തന്നെയാണ്.
നഷ്ടപ്പെട്ടുപോയ വസന്തസ്മൃതികളിൽ അഭിരമിക്കുന്നതിനു പകരം
ഇച്ഛാശക്തികൊണ്ട്,
സമൃദ്ധ വസന്തതടങ്ങളിലേക്കു വിശ്രമമില്ലാതെ
പറക്കുന്ന പക്ഷികൾ തന്നെയാണു നമ്മൾ,
നമ്മുടെ അലസതകളിൽ,
നമ്മൾ പോലുമറിയാതെ വന്നു നിറയുന്നതെന്തെന്ന്
ഇന്നു നമുക്കറിയാം.
കഴിഞ്ഞ കാലങ്ങളിൽ കുപ്പത്തൊട്ടിയിൽ വലിച്ചെറിഞ്ഞ
ചിലത് ദംഷ്ട്രങ്ങളോടെ പുനരാവിഷ്ക്കരിക്കപ്പെടുകയാണ്.
കണ്ണില്ലാത്ത വിശ്വാസങ്ങൾ കൊണ്ട്
നമ്മെ, ഞാനും നീയും അപരനുമാക്കുന്നു.
അറിവില്ലായ്മയുടെ അപ്പോസ്തലന്മാർ
പുരസ്കാര ജേതാക്കളാവുമ്പോൾ,
നമ്മുടെ ചരിത്രവും വർത്തമാനവും കണ്ടെടുക്കയും
മനുഷ്യരായി തീരുകയും ചെയ്യുന്ന
നിരന്തര പോരാട്ടത്തിന്റെ കർമ്മോത്സുകതയിൽ,
കെടാത്ത അഗ്നി സിരകളിൽ കൊണ്ടു നടക്കേണ്ട ബാധ്യതയിൽ നിന്ന്
നമുക്ക് വിട്ടു നില്പില്ലല്ലോ?
ബത്തേരിയുടെ മണ്ണിൽ,
ചെങ്കൊടി പാറിയ ഇതിഹാസ നിമിഷത്തിൽ നിന്നും
നമ്മുടെ ആകാശങ്ങളെ കൂടുതൽ ചുവപ്പിച്ച
മഹാപ്രതിഭകളുടെ വാക്കും ജീവിതവും
അവരുടെ പോരാട്ടങ്ങളും
പോരാട്ടങ്ങൾക്കൊടുവിൽ കൈവന്ന,
മറ്റൊരു ലോകത്തെക്കുറിച്ചുള്ള സ്വപ്നങ്ങളും
ആയിരം മനസ്സുകളെ ജ്വലിപ്പിച്ച,
മനുഷ്യ മോചന കഥകൾ
ഇനിയും നമുക്ക് പറഞ്ഞല്ലേ മതിയാവൂ
അല്ലെങ്കിൽ, നമ്മളല്ലാതെ മറ്റാരതുപറയാൻ......

കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി

നം. 263/പ്രസ്/സി.എം.ഒ/24. 02 മാർച്ച്, 2024.



## സന്ദേശം

സി.പി.ഐ.എം ബത്തേരി ഏരിയാ കമ്മിറ്റിക്കായി പുതുതായി നിർമ്മിച്ച എ കെ ജി സ്മാരക മന്ദിരത്തിന്റെയും സി ഭാസ്കരൻ സ്മാരക ആഡിറ്റോറിയത്തിന്റെയും ഉദ്ഘാടനത്തോടനുബന്ധിച്ച് ഒരു സ്മരണിക കൂടി പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

കെട്ടിടോദ്ഘാടനത്തിനും ബത്തേരിയിലെ പുരോഗമന പ്രസ്ഥാനത്തിന്റെ നാൾവഴികൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന സുവനീറിനും എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

**The Secretary**
CPIM, Bathery Area Committee
E-mail : akgmandhiramsby@gmail.com

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# സന്ദേശം



സി.പി.ഐ.(എം) സുൽത്താൻ ബത്തേരി ഏരിയ കമ്മിറ്റി ഓഫീസ് എ.കെ.ജി. സ്മാരകമന്ദിരത്തിന്റെയും സ.സി.ഭാസ്ക്കരൻ സ്മാരക ഓഡിറ്റോറിയത്തിന്റെയും ഉദ്ഘാടനത്തോടനുബന്ധിച്ച് പുറത്തിറക്കുന്ന സുവനീറിന് എല്ലാവിധ ആശംസകളും നേരുന്നു.

അഭിവാദനങ്ങളോടെ,

എം.വി.ഗോവിന്ദൻ മാസ്റ്റർ
സെക്രട്ടറി
സി.പി.ഐ.(എം) കേരള സംസ്ഥാന കമ്മിറ്റി

## കേരള നിയമസഭ

# ഒ. ആർ കേളു എം. എൽ. എ

### മാനന്തവാടി നിയോജകമണ്ഡലം



## ആശംസ

സുൽത്താൻ ബത്തേരി എ.കെ.ജി സ്മാരക മന്ദിരം & സി.ഭാസ്കരൻ ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്യുന്നതിനോടനുബന്ധിച്ച് ഒരു സുവനീർ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷം രേഖപ്പെടുത്തുന്നു. സുൽത്താൻ ബത്തേരി പ്രദേശത്തെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റ് – ന്റെ വളർച്ചയും, അതുവഴി അടിസ്ഥാന വർഗ്ഗത്തിന്റെ സമര പോരാട്ടത്തിന് കരുത്തായി മാറാനും ഇത്തരം ഉജ്ജ്വലമായ ഇടപെടലുകൾ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ഇന്ത്യൻ ബഹുസ്വരതയുടെ മേൽ വർഗീയ – ഫാസിസ്റ്റ് ഭരണകൂടം നടത്തുന്ന ശക്തമായ ആക്രമണങ്ങൾക്കുമേൽ ചെറുത്തുനിൽപ്പിന്റെ തീജ്ജ്വാലയായി പടർന്ന് കയറാനുള്ള വിവിധങ്ങളായ രാഷ്ട്രീയ പോരാട്ടങ്ങൾ ഏറ്റെടുക്കുന്ന സുൽത്താൻബത്തേരി പ്രദേശത്തെ മുഴുവൻ സഖാക്കളെയും ഹൃദയത്തോട് ചേർത്ത് അഭിവാദ്യം ചെയ്യുന്നു.

സ്നേഹാഭിവാദ്യങ്ങളോടെ,
ഒ.ആർ കേളു എം.എൽ.എ



# ചുവക്കുന്ന ബത്തേരി



1958 ൽ തെക്കേ വയനാട്, വടക്കേ വയനാട് എന്ന പേരുകളിൽ അറിയപ്പെട്ടിരുന്ന ഈ ഭൂപ്രദേശം കണ്ണൂരിന്റെയും കോഴിക്കോടിന്റെയും ജില്ലാ പരിധികളിൽ കാര്യമായ സാമൂഹിക രാഷ്ട്രീയ വികസനങ്ങൾ എത്തി നോക്കാതിരുന്ന കാലം ആ കാലഘട്ടത്തിൽ നടന്ന കുടിയേറ്റങ്ങൾ. തോട്ടം മേഖല മാത്രമായിരുന്ന ഈ പ്രദേശത്ത് വികസനങ്ങൾ നാമമാത്രമായിരുന്നു. കാട്ടുമൃഗങ്ങളോടും രോഗങ്ങളോടും മല്ലടിച്ച് കൃഷി ഭൂമി രൂപപ്പെടുത്തുന്നതിൽ അന്നത്തെ ജനങ്ങൾ ശ്രദ്ധാലുക്കാളായിരുന്നു

തോട്ടം മേഖലയിലും എസ്റ്റേറ്റ് മേഖലയിലും പണിയെടുത്തിരുന്ന തൊഴിലാളികളെ സംഘടിപ്പിക്കാനും അവരിൽ തൊഴിലാളി വർഗ്ഗ ചിന്തകൾ ഉണർത്താനും തൊഴിലാളി വർഗ രാഷ്ട്രീയം വേരു പിടിപ്പിക്കുന്ന കാലം. 1980 നവംബർ 1ന് കേരളത്തിൽ പന്ത്രണ്ടാമത്തെ ജില്ലയായി വയനാട് ജില്ല പ്രഖ്യാപനം വരുന്നതിന് മുമ്പുതന്നെ സി.പി.ഐ.(എം) വയനാട് ജില്ലാകമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയത് ദീർഘവീക്ഷണത്തോടെ പ്രവർത്തിക്കുന്ന പാർട്ടി എന്ന നിലയിൽ നമുക്ക് അഭിമാനിക്കാം. ആ കാലഘട്ടത്തിൽ പാർട്ടിക്ക് താലൂക്ക് കമ്മിറ്റികളാണ് ഉണ്ടായിരുന്നത്. സ. വർഗ്ഗീസ് വൈദ്യരായിരുന്നു സി.പി.ഐ.(എം.) ന്റെ താലൂക്ക് സെക്രട്ടറി.

പിന്നീട് 3 ഏരിയകമ്മിറ്റികൾ നിലവിൽ വന്നു. ബത്തേരി, വൈത്തിരി, മാനന്തവാടി.
അതിൽ ബത്തേരി ഏരിയ കമ്മിറ്റിയുടെ പ്രഥമ സെക്രട്ടറിയായിരുന്നു സ. സി. ഭാസ്ക്കരൻ.
ആദ്യ നാളുകളിൽ സെക്രട്ടറിയുടെ കയ്യിലുള്ള സഞ്ചിയിലായിരുന്നു കമ്മിറ്റിയുടെ രേഖകൾ ഉണ്ടായിരുന്നത്. ബത്തേരി ചുങ്കത്തുള്ള വാടക മുറിയിലേക്ക് മാറുന്നതു വരെ ഇത് തുടർന്നു.
നിരവധി സമര പോരാട്ടങ്ങളിലൂടെ പാർട്ടി വളർന്നുകൊണ്ടിരുന്നു 1979 ൽ സ്വന്തമായി ഒരു ഓഫീസ് എന്ന ആശയം ഉയർന്നുവരികയും അതു നടപ്പാക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. അന്ന് മൂസാൻ കുട്ടിയായിരുന്നു പാർട്ടി ജില്ലാ സെക്രട്ടറി.
ആ കാലഘട്ടത്തിൽ തുച്ഛ വരുമാനക്കാരായ തൊഴിലാളികളും പാർട്ടി അനുഭാവികളും പൊതുജനങ്ങളും അകമഴിഞ്ഞ് സഹകരിക്കുകയും 1979 ൽ 10 സെന്റ് സ്ഥലം വാങ്ങുകയും ചെയ്തു. പിന്നീട് വർഷങ്ങൾക്കു ശേഷം ഓഫീസ് നിർമ്മിക്കുകയും സ. ഇ.കെ. നയനാർ അത് ഉദ്ഘാടനം ചെയ്യുകയും ചെയ്തു.
ബത്തേരി ഏരിയയിലെ പാർട്ടിയുടെ നാഴികക്കല്ലായിരുന്നു ആ പ്രവർത്തനം.
നിരവധി സമര സംഘടന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നടത്താനും അതോടൊപ്പം വിവിധ വർഗ ബഹുജന സംഘടനകളെ ശക്തിപ്പെടുത്താനും അതിലൂടെ പുരോഗമന ആശയങ്ങൾ ജനങ്ങളിലേക്കെത്തിക്കാനും ഈ കേന്ദ്രംവഴി പാർട്ടിക്കു കഴിഞ്ഞു. ഒപ്പം ആയിരക്കണക്കിന് സാധാരണ ജനങ്ങൾക്ക് ആശ്രയ കേന്ദ്രമായും ഈ ഓഫീസ് മാറി.
തുടർന്ന് സഖാക്കൾ പി.പി. ബാലകൃഷ്ണൻ, കെ. ശശാങ്കൻ, കെ. ശ്രീധരൻ, ബേബി വർഗ്ഗീസ് തുടങ്ങിയവരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ബത്തേരി ഏരിയയിലെ പാർട്ടിക്ക് സ്വാധീനം നേടിയെടുക്കാനും കഴിഞ്ഞു.
2022 ൽ നടന്ന ഏരിയ സമ്മേളനത്തിൽ ബത്തേരി ഏരിയയെ മീനങ്ങാടി, ബത്തേരി ഏരിയകളാക്കി വിഭജിച്ചു പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നേറി. മീനങ്ങാടി, അമ്പലവയൽ, നെന്മേനി, നൂൽപ്പുഴ പഞ്ചായത്തുകളിൽ പലപ്പോഴായി പാർട്ടി അധികാരത്തിൽ വന്നു.
സുൽത്താൻ ബത്തേരി നഗരസഭ രൂപീകരിച്ചതു മുതൽ നമ്മളാണ് അധികാരത്തിലുള്ളത്.
പഞ്ചായത്തായിരുന്ന ഘട്ടത്തിൽ ഒരു സീറ്റിൽ പോലും ജയിക്കാൻ സാധിക്കാതിരുന്ന കാലം മാറി. 35 ൽ 23 സീറ്റിലും വിജയിക്കുന്നിടത്തേക്ക് നമ്മൾ വളർന്നു. പാർട്ടിയുടെ മുന്നേറ്റത്തിന് അനുസൃതമായ ഒരു ഓഫീസിന്റെ അഭാവം പരിഗണിച്ച് മനോഹരമായ ഒരു ഓഫീസ് ഇന്ന് യാഥാർത്ഥ്യമായിരിക്കുന്നു.
മനോഹരമായ ഒരു ഓഫീസ് യാഥാർത്ഥ്യമായിരിക്കെ പാവങ്ങളുടെ പടത്തലവൻ സഖാവ് AKG യുടെ നാമധേയത്തിലുള്ള ഓഫീസിനോടനുബന്ധിച്ച് സ. സി. ഭാസ്ക്കരേട്ടന്റെ സ്മരണക്കായി ഒരു ഓഡിറ്റോറിയവും സ. പി.പി. ബാലകൃഷ്ണന്റെ സ്മരണക്കായി ഒരു ഡിജിറ്റൽ ലൈബ്രറിയും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സൗകര്യപ്രദമായ ഒരു ഡൈനിംഗ് ഹാളും, കിച്ചണും ഓഫീസിനോടനുബന്ധിച്ചുണ്ട്. പുതിയ ഓഫീസ് നിർമ്മിക്കണമെന്ന് കഴിഞ്ഞ ഏരിയ സമ്മേളന തീരുമാനമായിരുന്നു. ഓഫീസ് നിർമ്മാണത്തിനായി 2023 ഫെബ്രുവരി മാസത്തിലാണ് സംഘാടകസമിതി രൂപീകരിച്ചത്. ശേഷം മാർച്ച് 19ന് പാർട്ടി കേന്ദ്രകമ്മിറ്റി അംഗം സ. ഇ.പി. ജയരാജൻ തറക്കല്ലിട്ടു. ഏപ്രിൽ മാസത്തിൽ നിർമ്മാണ പ്രവർത്തി ആരംഭിച്ചു. 2024 മാർച്ച് 22ന് പുതിയ ഓഫീസിന്റെ ഉദ്ഘാടനം നടത്തണമെന്നായിരുന്നു തീരുമാനിച്ചത്. അതിന് മുമ്പ് തന്ന നിർമ്മാണം പൂർത്തിയായി. 2024 മാർച്ച് 16ന് കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രി സ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുകയാണ്. ഓഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സഹായിച്ച എല്ലാവരോടും ഉള്ള കൃതജ്ഞത രേഖപ്പെടുത്തട്ടെ.

**പി.ആർ. ജയപ്രകാശ്**
ഏരിയ സെക്രട്ടറി

# ആമുഖം

കമ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്), സുൽത്താൻ ബത്തേരി ഏരിയാ കമ്മറ്റി ഓഫീസ് നിർമ്മാണം പൂർത്തീകരിച്ച്, ഉദ്ഘാടനം നിർവ്വഹിക്കുന്ന വേളയിൽ ഒരു സുവനീർ കൂടി വേണമെന്ന് തീരുമാനിക്കുകയായിരുന്നു. സുൽത്താൻ ബത്തേരിയുടെ മണ്ണിൽ പുരോഗമന പ്രസ്ഥാനം നടന്നു കയറിയ ചരിത്ര സന്ദർഭങ്ങളുടെ അടയാളപ്പെടുത്തലായിരിക്കണം പ്രസ്തുത സുവനീർ എന്ന കാര്യത്തിൽ സുവനീർ കമ്മറ്റിയെടുത്ത തീരുമാനം ഏക കണ്ഠമായിരുന്നു.

കഴിഞ്ഞ കാലങ്ങളിൽ, സുൽത്താൻ ബത്തേരി സാക്ഷ്യം നിന്ന അനവധിയായ പോരാട്ട വഴികളിൽ ചിലത് പുതിയ തലമുറയ്ക്കു മുമ്പിൽ അനാവരണം ചെയ്യപ്പെടേണ്ടതുണ്ടെന്നും വിസ്മൃതിയുടെ പൂപ്പൽ അത്തരം ഓർമകൾക്കുമേൽ പടർന്നേറാൻ പാടില്ലെന്ന ചരിത്ര ബോധത്തിന്റെ നിർബ്ബന്ധങ്ങളിൽ നിന്നുമാണ്. കഴിഞ്ഞ കാല പോരാട്ടങ്ങളുടെ കാലടിപ്പാടുകൾ തിരയാൻ ഇവിടെ ശ്രമിച്ചത്.

സുൽത്താൻ ബത്തേരിയുടെ ആകാശവും നമ്മൾ ചവിട്ടി നില്കുന്ന മണ്ണും ഇന്ന് ഏറെ ചുവന്നിട്ടുണ്ട്. ഹൃദയത്തോട് ചേർത്തുവച്ച മോചന സ്വപനത്തിന്റെ ചെങ്കൊടി ഈ മണ്ണിൽ ഉറപ്പിച്ചു നിർത്തുന്നതിനു, വിട്ടുവീഴ്ചയില്ലാത്ത ഇച്ഛാശക്തികൊണ്ട്, നെഞ്ചിലെ ചൂടുരക്തം കൊണ്ടു ചുവപ്പിച്ച രക്തപതാകയെ ആവുന്നത്രയുയരത്തിലുയർത്തിയ പോരാട്ട വീര്യങ്ങളുടെ അനുസ്മരണങ്ങൾ, ഈ ഘട്ടത്തിലല്ലാതെ മറ്റെപ്പോഴാണ് നമ്മൾ അടയാളപ്പെടുത്തി വയ്ക്കുക.

വയനാടിന്റെ വളക്കൂറുള്ള മണ്ണും കരുത്തുറ്റ പച്ചപ്പും നാണ്യവിളകളുടെ സമൃദ്ധിയും വയലേലകളുടെ കനത്ത കതിർ കിനാവുകളും ബാഹ്യമായി കാണുമ്പോഴുള്ള ഇമ്പമാർന്ന കാഴ്ചകൾക്കപ്പുറം ചൂഷണത്തിന്റെയും അടിച്ചമർത്തലുകളുടെയും വിവേചനത്തിന്റെയും മറ്റനവധി പാതകങ്ങളുടെയും കഥകൾ ഓർമിപ്പിക്കുന്നുണ്ട്. തൊഴിലാളിയെ നട്ടെല്ലുയർത്തി, വിരൽ ചൂണ്ടി അവകാശങ്ങൾ ചോദിച്ചു വാങ്ങാൻ പ്രാപ്തനാക്കിയത്, തമ്പുരാൻ പാടങ്ങളിൽ നിന്ന് മർദ്ദക ജന്മി പരമ്പരകളെ കുടിയൊഴിപ്പിച്ചും സ്വന്തം കാലിൽ നില്കാനും ആത്മാഭിമാനം ഉയർത്തി പിടിക്കാനും നിസ്വനായ തൊഴിലാളിയെ കരുത്തുള്ളവനാക്കിയത്, ഈ ചെങ്കൊടി പ്രസ്ഥാനവും അവർ നയിച്ച എണ്ണമറ്റ സമരങ്ങളുമാണ്.

കടുത്ത തൊഴിൽ ചൂഷണങ്ങൾ അനുഭവിച്ച തൊഴിലാളിയുടെ ആത്മാഭിമാനത്തിന്റെ വിലയായിരുന്നു, തോട്ടങ്ങളിലും കൃഷിയിടങ്ങളിലും നടന്ന സമര പോരാട്ടങ്ങൾ. വർഗ്ഗ ബോധത്തിന്റെ കത്തുന്ന സമരാഗ്നിയിൽ നിന്നല്ലാതെ പാവപ്പെട്ടവന്റെയും തൊഴിലാളിയുടെയും മോചന സ്വപ്നം, മറ്റെവിടെ നിന്നും യാഥാർത്ഥ്യമാവില്ലെന്ന തിരിച്ചറിവാണ് സമര സഖാക്കളുടെ പ്രയാണങ്ങളുടെ ഇന്ധനം. സഖാക്കൾ സി.ഭാസ്കരനും പി.പി.ബാലകൃഷ്ണനും ശ്രീധരനും നെഞ്ചുവിരിച്ചു മുമ്പിൽ നിന്നപ്പോഴാണ് ചുവടുകൾ മുന്നോട്ടുവയ്ക്കാനുള്ള കരുത്ത് നമുക്ക് കിട്ടിയത്. നെഞ്ചു പൊട്ടുമാറുച്ചത്തിൽ അവർ വിളിച്ച മുദ്രാവാക്യങ്ങൾ ഏറ്റുവിളിച്ചു കൊണ്ടാണ് ആയിരങ്ങൾ പോരാട്ട വീഥിയിൽ അണിനിരന്നത്. അവരുയർത്തിയ വാക്കും അവർ കാണിച്ച ധീരതയും ഇനിയുമെത്രയോ കാലം നമ്മെ സമരപാതയിൽ പിടിച്ചു നിർത്താൻ പര്യാപ്തമാണ്. ഏരിയാ കമ്മറ്റി ഓഫീസിനോടനുബന്ധിച്ച്, സഖാവ് സി.ഭാസ്കരൻ സ്മാരക ഓഡിറ്റോറിയവും സഖാവ് പി പി ബാലകൃഷ്ണൻ സ്മാരക ലൈബ്രറിയും ഉദ്ഘാടനത്തിനൊരുങ്ങുകയാണ്.

ബത്തേരി ഏരിയ കേന്ദ്രീകരിച്ച് ധീരമായ രാഷ്ട്രീയ പ്രവർത്തനം നിർവ്വഹിച്ച സഖാവ് ബീരാൻ തൊവരിമല, സഖാവ് കെ.ആർ ഉണ്ണീരി, സഖാവ് സി.എം. നീലകണ്ഠൻ, സഖാവ്. അമ്മിണി മത്തായി, സഖാവ്.പി.യു.കോര തുടങ്ങിയ ധീര സഖാക്കളുടെ ജീവചരിത്രകുറിപ്പുകൾ സുവനീറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സമത്വസുന്ദരമായ ഒരു ലോകത്തെക്കുറിച്ചുള്ള അവരുടെ സ്വപ്നങ്ങൾ, വരും തലമുറയെ കർമോത്സുകരാക്കുമെന്നതിൽ സംശയമൊന്നുമില്ല.

സവർണ ഫാസിസ്റ്റു ശക്തികളുടെ കഴുകൻ ചിറകുകൾ, മതേതര ഇന്ത്യയുടെ വിരിമാറിൽ അസ്വസ്തതയുടെയും ഭീതിയുടെയും കരിനിഴൽ പടർത്തിയിട്ടുണ്ട്. ഫാസിസത്തിനെതിരെയുള്ള പോരാട്ടങ്ങൾ അത്രമേൽ ലളിതവത്കരിക്കാനാവില്ല. നമ്മുടെ സംസ്കാരത്തിന്റെ വൈവിധ്യങ്ങളെയും സ്വതന്ത്രമായ ചിന്താസരണികളെയും മാനിച്ചുകൊണ്ടും നിലനിർത്തി കൊണ്ടുമുള്ള ധൈഷണിക ചെറുത്തു നില്പുകളെ ജനകീയമാക്കി കൊണ്ടുള്ള സമരപാതകൾ തുറന്നു കൊണ്ടു വേണം പോരാട്ടത്തെ മുന്നോട്ടു നയിക്കാൻ. ഫാസിസം മുന്നോട്ടു വെക്കുന്ന വിശുദ്ധ സംസ്കാര ധാരകളെ ഉദാത്തമായ മാനവിക ചിന്തകൾ കൊണ്ടു വിശകലനം ചെയ്യണം. അതിന്റെ പൊള്ളത്തരങ്ങൾ തുറന്നു കാണിക്കുകയും ചെയ്യണം. സ.സുനിൽ പി.ഇളയിടത്തിന്റെ സംസ്കാരത്തിന്റെ ബഹുസ്വരത എന്ന ലേഖനം, ഒരോർമപ്പെടുത്തലും ഒരു ചൂണ്ടുവിരലുമാണ് ചുറ്റുവട്ടത്തുള്ള ഏതാനും എഴുത്തുകാരുടെ ലഘു കുറിപ്പുകളും സൃഷ്ടികളും ഉൾപ്പെടുത്തിയിട്ടുണ്ട്. പുരോഗമന പ്രസ്ഥാനത്തോടൊപ്പം തോൾച്ചേർന്നു നില്ക്കുന്നതും ഒരു രാഷ്ട്രീയ പ്രവർത്തനം തന്നെയെന്ന തിരിച്ചറിവ് അത്ര നിസ്സാരമല്ലെന്നു മനസ്സിലാക്കപ്പെടുന്നു.



# പിന്നിട്ട വഴികൾ....

1940 കൾ മുതൽ വയനാട്ടിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒറ്റപ്പെട്ടതും വ്യക്തിപരവുമായ പ്രവർത്തനങ്ങൾ അടയാളപ്പെടുത്താൻ കഴിയുമെങ്കിലും 1950 കൾ മുതലാണ് അതിന് ഒരു സംഘടനാ രൂപം കൈ കൊള്ളുന്നത്. 1931 വരെ വയനാട്ടിൽ ഭൂരിപക്ഷം ആദിവാസി ജനവിഭാഗമായിരുന്നു. 1941 ആകുമ്പോഴേക്കും കുടിയേറ്റം മൂലം മറ്റു ജനവിഭാഗങ്ങൾ ഏകദേശം തുല്യമായി. 1951 ആകുമ്പോഴേക്കും തിരുകൊച്ചിയിൽ നിന്നുള്ള കുടിയേറ്റം ( ഏകദേശം 92000 ത്തിലധികം കുടുംബങ്ങളിലെ 3 ലക്ഷത്തോളം ആളുകൾ ) ആദിവാസികളെ ന്യൂനപക്ഷമാക്കി മാറ്റി ഈ കുടിയേറ്റക്കാരിൽ നവോത്ഥാന പ്രസ്ഥാനങ്ങളിൽ ആവേശം കൊണ്ടവരും, മലബാറിലെ കർഷക സമരങ്ങളിൽ ആവേശം കൊണ്ടവരും, മലബാർ കലാപത്തിന്റെ ഭാഗമായി ഉണ്ടായ സാമ്രാജ്യത്വ വിരോധം പേറുന്നവരും എല്ലാം ഉണ്ടായിരുന്നു. ഈ കൂട്ടത്തിൽ അന്നത്തെ കോൺഗ്രസ് പാർടി നേതൃത്വം സോഷ്യലിസ്റ്റ്കാർക്ക് മുൻ കൈയുള്ളതിനാൽ സോഷ്യലിസ്റ്റ് അനുകൂലികൾ ധാരാളം പേരുണ്ടായിരുന്നു. അതിനാൽ ഇത്തരം ആളുകൾ പരസ്പരം അറിയാതെ തന്നെ നടത്തിയ വിവധങ്ങളായ സാമൂഹ്യ ഇടപ്പെടലുകൾ വയനാട്ടിൽ പാർടി രൂപീകരണത്തിലേക്ക് നയിച്ചു

വയനാട്ടിൽ കോൺഗ്രസ്സ് പാർടി പ്രവർത്തനത്തിൽ തന്നെ എ.കെ.ജി അടക്കം വഹിച്ച പങ്ക് പാർട്ടി പ്രവർത്തനം സംഘടിപ്പിക്കുന്നതിന് സഹായകമായി തൊഴിലാളി പ്രശ്നങ്ങൾ, കർഷക പ്രശ്നങ്ങൾ, ആദിവാസി അടിമത്തമടക്കമുള്ളത് എന്നിവയെ ആധാരമാക്കിയ വിവിധ രീതിയിലാണ് ആദ്യകാലത്തെ സംഘടനാ പ്രവർത്തനം പാർടിയുടെ ആദ്യത്തെ സംഘടനാ സംവിധാനം തിരുനെല്ലിയിലാണ് ആരംഭിച്ചത് സഖാക്കൾ എ.കെ.ജി. സി.എച്ച് കണാരൻ, കെ.പി ഗോപാലൻ എന്നിവരുടെ ഒളിതാവളം തൃശ്ശിലേരി ആയിരുന്നു.

വിവിധ പ്രദേശങ്ങളിൽ നിന്നു വന്നവർ ഓരോ പ്രദേശങ്ങളിലുണ്ടാവുന്ന ജനകീയ പ്രശ്നങ്ങളിൽ ഇടപ്പെടുന്നതിലൂടെയാണ് പരസ്പരം തിരിച്ചറിയുന്നതും സംഘടനാ രൂപത്തിലേക്ക് നീങ്ങുന്നതും കമ്മ്യൂണിസ്റ്റ് ഗ്രൂപ്പുകളാണ് ആദ്യത്തെ സംഘടനാ രൂപം. 1951 ൽ എ.കെ.ജി നടത്തിയ ജാഥയെ തുടർന്നാണ് ഏറ്റവും കൂടുതൽ സംഘടനാ രൂപം വയനാട്ടിലുണ്ടാവുന്നത്. 1953 ൽ സ പി ശങ്കറിന്റെ നേതൃത്വത്തിൽ വയനാട്ടിലാകെ ഒരു കാൽനട ജാഥ നടന്നു ഇത് സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്താനും പരസ്പരം അറിയാതിരുന്നവർക്ക് അറിയാനുമുള്ള അവസരവും പാവപ്പെട്ട മനുഷ്യർക്ക് ഒരു പ്രതീക്ഷയും നൽകി

1954 ൽ വയനാട് താലൂക്ക് സമ്മേളനം ബത്തേരിയിൽ ചേർന്ന് വയനാട് താലൂക്ക് കമ്മിറ്റി രൂപീകരിച്ചു. ആസ്ഥാനം മാനന്തവാടി ഓർഗനൈസിംഗ് കമ്മിറ്റി സെക്രട്ടറിയായി സ സി ഗോപാലൻ നായരെ തെരഞ്ഞെടുത്തു. വയനാട്ടിലെ പാർട്ടി കെട്ടിപ്പടുക്കുന്നതിൽ എ.കെ.ജി, സി.എച്ച് കണാരൻ, ചാത്തുണ്ണി മാസ്റ്റർ തുടങ്ങിയവരുടെ ഇടപ്പെടൽ പ്രധാനമായിരുന്നു

1957 ൽ സ ഇ.എം.എസ്സിന്റെ നേതൃത്വത്തിൽ രൂപീകൃതമായ കമ്മ്യൂണിസ്റ്റ് സർക്കാർ ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നത് ജനങ്ങളിൽ പ്രതീക്ഷയുണ്ടാക്കുകയും കമ്മ്യൂണിസ്റ്റ് പാർടി പ്രവർത്തനത്തിന് ശക്തി പകരുയും ചെയ്തു. എന്നാൽ ആ സർക്കാരിനെ വിമോചന സമരത്തിലൂടെ അട്ടിമറിച്ചതും പട്ടം സർക്കാർ കള്ളകേസ്സുകളും, ഒഴിപ്പിക്കലും ശക്തമാക്കിയത് പുറകോട്ടടിക്ക് കാരണമായി. പിന്നീട് എ കെ ജിയുടെ

**കേരള സംസ്ഥാന ഭാഗ്യക്കുറി**

വിശ്വസ്തം – സുതാര്യം – ജനകീയം



# വയനാട് ജില്ലാ ലോട്ടറി തൊഴിലാളി ക്ഷേമ സഹകരണ സംഘം W/297

**Phone : 04936 299266**

**സഹകരണരംഗത്ത് ലോട്ടറി മേഖലയിലെ കേരളത്തിലെ ഏറ്റവും വലിയ സ്ഥാപനം**




**ഹെഡ് ഓഫീസ് : സുൽത്താൻ ബത്തേരി**

**ബ്രാഞ്ചുകൾ : സുൽത്താൻ ബത്തേരി, കൽപ്പറ്റ മാനന്തവാടി, പുൽപ്പള്ളി 1, പുൽപ്പള്ളി 2**

| സെക്രട്ടറി | പ്രസിഡന്റ് |
|---|---|
| ഇന്ദുപ്രഭ കെ.പി. | സി. ശിവശങ്കരൻ |

നേതൃത്വത്തിൽ 1960 ൽ കാസർക്കോട് മുതൽ തിരുവനന്തപുരം വരെ നടത്തിയ ജാഥയുടെ ഭാഗമായി പുൽപ്പള്ളിയിൽ നിന്നും കോഴിക്കോട്ടേക്ക് സ: ചാത്തുണ്ണി മാസ്റ്ററുടെ നേതൃത്വത്തിൽ നടത്തിയ ജാഥ പാർടിക്ക് പുത്തനുണർവ്വ് നൽകി.

എന്നാൽ 1962 ലെ ഇന്ത്യ ചൈന യുദ്ധം, 1964 ലെ പാർടി പിളർപ്പ്, ഇതെല്ലാം പാർടിക്ക് പുറകോട്ടടിയുണ്ടാക്കിയെങ്കിലും 1967 ലെ ഇ.എം.എസ്സ് സർക്കാർ പുത്തൻ ഉണർവേകി. എന്നാൽ ആ കാലത്ത് പാർടിയിൽ ഉയർന്നുവന്ന നക്സലിസം വീണ്ടും പാർടിയെ പുറകോട്ടടിപ്പിച്ചു. പുൽപ്പള്ളി പോലീസ് സ്റ്റേഷൻ ആക്രമണമുൾപ്പെടെ വിവരണാതീതമായ പ്രയാസങ്ങളാണുണ്ടാക്കിയത്. സർക്കാർ ഭൂപരിഷ്കരണ ഭേദഗതി ബിൽ പാസാക്കിയപ്പോൾ സർക്കാരിനെ വീണ്ടും അട്ടിമറിച്ചു. പ്രസിഡണ്ട് ബില്ലിൽ ഒപ്പിട്ടില്ല. തുടർന്ന് നിയമം നടപ്പിലാക്കാൻ പാർടി നേതൃത്വത്തിൽ നടത്തിയ സമരം വയനാട്ടിലും ആവേശകരമായിരുന്നു. മിച്ച ഭൂമി സമരത്തിൽ വയനാട്ടിൽ 3000 പേർ പങ്കെടുത്തു. പത്ത് ദിവസം മുതൽ 6 മാസം വരെ സഖാക്കളെ ശിക്ഷിച്ചു ജയിലിലായി. ഇത് വയനാട്ടിലെ പാർടിയെ സജീവമാക്കി. അതിനെ തുടർന്നാണ് നോർത്ത് വയനാട് താലൂക്ക് കമ്മിറ്റി, സൗത്ത് വയനാട് താലൂക്ക് കമ്മിറ്റി എന്ന രീതിയിൽ പ്രവർത്തിച്ചിരുന്ന കമ്മിറ്റികൾ ഏകോപിപ്പിച്ച് സി.പി.ഐ (എം) 1973 ഡിസംബർ 8,9 തീയ്യതികളിൽ മാനന്തവാടി സമ്മേളനം വയനാട് ജില്ലാ കമ്മിറ്റി രൂപീകരിച്ചു അത് വരെ കോഴിക്കോട് ജില്ലാ കമ്മിറ്റി അംഗങ്ങളായിരുന്ന സഖാക്കൾ പി. കുഞ്ഞിക്കണ്ണൻ, പി.വി വർഗ്ഗീസ് വൈദ്യർ എന്നിവരും കണ്ണൂർ ജില്ലാ കമ്മിറ്റി അംഗങ്ങളായിരുന്ന സഖാക്കൾ സി.പി മൂസാൻ കുട്ടി, കെ. പത്മനാദൻ എന്നിവരടക്കം പി.എ മുഹമ്മദ്, കെ.വി മോഹനൻ, ഒ.വി സനൽ കുമാർ, കെ.സി കുമാരൻ, പി.പി ആലി, കെ.പി ഗോവിന്ദ വാര്യർ, എം.ജെ വർഗ്ഗീസ്, വി.പി ശങ്കരൻ നമ്പ്യാർ, കര്യാടൻ മൊയ്തു എന്നിവരടങ്ങിയ 13 അംഗ ജില്ലാ കമ്മിറ്റി രൂപീകരിച്ചു. 4 ലോക്കൽ കമ്മിറ്റികളും, 431 പാർടി അംഗങ്ങളുമായിരുന്നു ഉണ്ടായിരുന്നത്. തുടർന്ന് നടത്തിയ പ്രവർത്തനത്തിലൂടെ 1975 ആയപ്പോഴേക്കും 24 പഞ്ചായത്തുകളിലായി 18 ലോക്കൽ കമ്മിറ്റിയും, 3 നേരിട്ടുള്ള ബ്രാഞ്ചുകളും, 666 പൂർണ്ണ മെമ്പർമാരും, 312 കാൻഡിഡേറ്റ് മെമ്പർമാരും ഉണ്ടായി. ഈ കാലഘട്ടത്തിൽ വർഗ്ഗ ബഹുജന സംഘടനകളുടെ കമ്മിറ്റികളും സജീവമായ പ്രവർത്തനത്തിലേക്ക് വന്നു

ജില്ലാ കമ്മിറ്റി രൂപീകരണത്തിന് ശേഷം മൂന്നു താലൂക്കുകളെ മൂന്നു ഏരിയ കമ്മിറ്റികളായി രൂപീകരിച്ച് പ്രവർത്തിക്കാൻ തുടങ്ങി. തുടർന്ന് 1981 ൽ 6 ഏരിയ കമ്മിറ്റികളായി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. 1973 ൽ പാർടി രൂപീകരണ കാലത്ത് ജില്ലയിലെ മൂന്നാമത്തെ രാഷ്ട്രീയപാർടി ആയിരുന്ന സി.പി.ഐ (എം) ഇന്ന് ജില്ലയിൽ 8 ഏരിയ കമ്മിറ്റികൾ പ്രവർത്തിക്കുന്നു. 2021 ലെ ഏരിയ സമ്മേളനത്തിൽ വെച്ചാണ് കോട്ടത്തറ, മീനങ്ങാടി ഏരിയ കമ്മിറ്റികൾ നിലവിൽ വന്നത്. (കൽപ്പറ്റ, മീനങ്ങാടി, ബത്തേരി, പുൽപ്പള്ളി, കോട്ടത്തറ, പനമരം, വൈത്തിരി, മാനന്തവാടി). ബത്തേരി ഏരിയ കമ്മിറ്റി വിഭജിച്ച് മീനങ്ങാടി ഏരിയ നിലവിൽ വന്നപ്പോൾ നിലവിലെ ബത്തേരി ഏരിയയിൽ നൂൽപ്പുഴ, നെന്മേനി പഞ്ചായത്തുകളിലെ അഞ്ച് ലോക്കൽ കമ്മിറ്റികളും ബത്തേരി മുൻസിപ്പാലിറ്റിയിലെ നാല് ലോക്കൽ കമ്മിറ്റികളും ഉൾപ്പെടെ 9 ലോക്കൽ കമ്മിറ്റികളാണുള്ളത്. ജില്ലയിൽ 8 ഏരിയ കമ്മിറ്റിക്ക് കീഴിൽ നിലവിൽ 65 ലോക്കൽ കമ്മിറ്റികളും 806 ബ്രാഞ്ചുകളും 13000 പാർട്ടി അംഗങ്ങളും പ്രവർത്തിക്കുന്നു.

ഇന്ന് വയനാട്ടിലെ ഒന്നാമത്തെ രാഷ്ട്രീയ കക്ഷി സി.പി.ഐ (എം) ആണ്. പക്ഷേ നമുക്ക് ഭൂരിപക്ഷം ജന ങ്ങളുടെ പിന്തുണയുള്ള പാർട്ടിയാവാൻ കഴിഞ്ഞിട്ടില്ല.വയനാട്ടിന്റെ സമഗ്ര പുരോഗതിക്ക് എക്കാലവും മുൻ കൈ എടുത്ത് പ്രവർത്തിച്ചത് ഇടതുപക്ഷ സർക്കാരുകളാണ്. ജില്ല പ്രഖ്യാപിച്ചതും ജില്ലയിലെ ആരോഗ്യ വിദ്യാഭ്യാസ രംഗത്തെ പുരോഗതിയും ഇന്നു കാണുന്ന ടൂറിസം വികസനത്തിന് തുടക്കം കുറിച്ചതും ഇടതുപ ക്ഷ ഭരണ കാലത്താണ് എന്ന് കാണാം. പാർട്ടിയുടെ നേതൃത്വത്തിൽ ആരംഭകാലം മുതൽ ഉയർത്തിക്കൊണ്ടു വന്ന പ്രക്ഷോഭങ്ങൾ ജില്ലയിലെ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ നമ്മുടെ സ്വാധീനം വർധിപ്പിക്കുന്നതിനിട യാക്കിയിട്ടുണ്ട്. ആദ്യകാല കുടിയേറ്റ ജനതയുടെ പ്രശ്നങ്ങൾ, ആദിവാസി ജനവിഭാഗങ്ങൾക്കിടയിലെ അടിമത്തത്തിനെതിരായ പ്രവർത്തനം, തോട്ടം തൊഴിലാളികളുടെ കങ്കാണി സമ്പ്രദായത്തിനെതിരായ സമരം പി ന്നീട് ആഗോളവൽക്കരണ നയങ്ങൾ തീർത്ത പ്രതിസന്ധിയിൽ കാർഷിക മേഖലയിൽ ഉയർന്നു വന്ന വിഷ യങ്ങളെ ആസ്പദമാക്കിയ സമരങ്ങൾ, ഭൂമിക്ക് - വേണ്ടി ആദിവാസികൾ നടത്തിയ സമരങ്ങൾ, വിവിധ ഭൂപ്ര ശ്നങ്ങളെ ആധാരമാക്കിയ സമരങ്ങൾ, എന്നാൽ ഇന്ന് ജില്ലയിൽ നേരിടുന്ന വന്യ ജീവി ആക്രമണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ഇപ്പോഴും പൂർത്തീകരിക്കാത്ത ഭൂപ്രശ്നങ്ങൾ, ആദിവാസി വിഭാഗങ്ങളുടെ ഭൂപ്രശ്നം, അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവരുടെ പ്രശ്നങ്ങൾ, വയനാടിന്റെ റെയിൽവേ ഉൾപ്പെടെയുള്ള ഗതാഗത പ്രശ്നങ്ങൾ ഇവയെല്ലാം പരിഹരിക്കപ്പെടേണ്ടതതായുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തുടർച്ചയായ സമരമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതായുണ്ട്. ഇതിന് സാധ്യമാവുന്ന രീതിയിൽ സംഘടനയെ നമുക്ക് ശക്തിപ്പെടുത്തേണ്ടതായുണ്ട്. നമ്മുടെ വർഗ്ഗ ബഹുജന പ്രസ്ഥാനങ്ങൾ അതാത് വിഭാ ഗങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് കഴിയും തരത്തിൽ പ്രവർത്തിക്കേണ്ടതായുണ്ട്. ഇതിനെല്ലാം കഴിയും വിധമുള്ള മുന്നേറ്റം സൃഷ്ടിക്കുന്നതിന് ബത്തേരി ഏരിയയിലെ പ്രവർത്തനങ്ങൾക്ക് ശ ക്തി പകരുന്നതിന് സഹായിക്കുന്ന ഒരു കേന്ദ്രമായി പുതുതായി നിർമ്മിച്ച ഏരിയ കമ്മിറ്റി ഓഫീസ് എ. കെ.ജി മന്ദിരം തീർച്ചയായും മാറ്റപ്പെടും. ജില്ലയിലെ പാർട്ടിയുടെ സമുന്നത നേതാവായിരുന്ന സ: സി ഭാസ്കരേട്ടന്റെ ഓർമ്മകൾ നിലനിർത്തുന്നതിനായി പണി കഴിപ്പിച്ച സി. ഭാസ്കരൻ സ്മാരക ഹാളും കേരളത്തിന്റെ മുഖ്യമന്ത്രിയും പാർട്ടി പി.ബി അംഗവുമായ സ: പിണറായി വിജയൻ 16/03/24 ന് ഉദ്ഘാടനം ചെയ്യുന്നു. ഇത്രയും മനോഹരമായ ഒരു ഓഫീസും ഹാളും പണികഴിപ്പിക്കാൻ നേതൃത്വം നൽകിയ സ: പി ആർ ജയപ്രകാശ് സെക്രട്ടറി ആയ ഏരിയ കമ്മിറ്റിയെ പ്രത്യേകം അഭിനന്ദിക്കുന്നു. ഏരിയയിലെ സഖാക്കൾക്ക് അഭിവാദ്യം അർപ്പിക്കുന്നു.

ആശംസകളോടെ,

**പി. ഗഗാറിൻ**


Kerala Academy of Engineering
KAE
Wayanad
ഗവ. അംഗീകൃതം
Kerala Academy of Engineering
26th
ANNIVERSARY
യോഗ്യത
SSLC/+2/ Degree
BOYS & GIRLS
അഡ്മിഷൻ ആരംഭിച്ചു
പാരാമെഡിക്കൽ കോഴ്സുകൾ (UGC അംഗീകൃതം)
BSC MLT (3 വർഷം)
DMLT (2 വർഷം)
MLT (1 വർഷം)
ഡിപ്ലോമ ഇൻ ഫാർമസി അസിസ്റ്റന്റ് (2 വർഷം)
ഫാർമസി അസിസ്റ്റന്റ് (1 വർഷം)
ഡിപ്ലോമ ഇൻ ഡയാലിസിസ് ടെക്നീഷ്യൻ (2 വർഷം)
ഡയാലിസിസ് ടെക്നീഷ്യൻ (1 വർഷം)
നേഴ്സിംഗ് അസിസ്റ്റന്റ് (2 വർഷം)
ഡിപ്ലോമ ഇൻ റേഡിയോളജി (2 വർഷം)
ഓപ്പറേഷൻ തീയേറ്റർ ടെക്നീഷ്യൻ (1 വർഷം)
പാരാമെഡിക്കൽ കോഴ്സുകൾ ഓൺലൈനായി പഠിക്കുവാനും അവസരം
KGCE എഞ്ചിനീയറിംഗ് കോഴ്സുകൾ (PSC അംഗീകൃതം)
മെക്കാനിക്കൽ എഞ്ചിനീയറിംഗ് (2 വർഷം)
ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് (2 വർഷം)
സിവിൽ എഞ്ചിനീയറിംഗ് (2 വർഷം)
ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് (2 വർഷം)
റഫ്രിജറേഷൻ & A/C എഞ്ചിനീയറിംഗ് (2 വർഷം)
ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചി. (2 വർഷം)
NIOS കോഴ്സുകൾ
+2 കൊമേഴ്സ്, ഹ്യൂമാനിറ്റീസ് (1 വർഷം)
പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് (1 വർഷം)
FD & GT കോഴ്സുകൾ (PSC അംഗീകൃതം) KGTE
ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ് ടെക്നോളജി (2 വർഷം)
AN ISO 9001:2015 CERTIFIED INSTITUTION
കേരള അക്കാദമി ഓഫ് എൻജിനീയറിംഗ്
സുൽത്താൻ ബത്തേരി 9961 1095 77, 9496 6666 46
ചുള്ളിയോട് റോഡ്, കല്ലുവയൽ ബത്തേരി 9645 1095 77
കൽപ്പറ്റ 04936 204406
മാനന്തവാടി 04935 244 406
വടകര 9645 1095 77
HELP LINE : 9961 1095 77, 9496 6666 46
ഫീസ് തവണകളായി അടക്കുവാൻ സൗകര്യം | പ്രാക്ടിക്കലിന് കൂടുതൽ പ്രാധാന്യം | ക്യാമ്പസ് ഇന്റർവ്യൂ | ഹോസ്റ്റൽ സൗകര്യം | സ്കോളർഷിപ്പുകൾ



# മുൻപേ നടന്നവർ

1980 ൽ നായനാർ സർക്കാറാണ് വയനാട് ജില്ല രൂപീകരിക്കുന്നത്. 1973 മുതൽ സി.പി.ഐ (എം) വയനാട് ജില്ലാ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. വയനാട് ആദ്യം കോഴിക്കോട് കണ്ണൂർ ജില്ലകളുടെ ഭാഗമായിരുന്നു. തെക്കൻ വയനാട് താലൂക്ക് (ഇന്നത്തെ ബത്തേരി, വൈത്തിരി താലൂക്കുകൾ) കോഴിക്കോട് ജില്ലയുടെ ഭാഗമായിരുന്നു. വടക്കേ വയനാട് താലൂക്ക് (ഇന്നത്തെ മാനന്തവാടി താലൂക്ക്) കണ്ണൂർ ജില്ലയുടെ ഭാഗവുമായിരുന്നു. വയനാട് ജില്ലാ രൂപീകരണ ത്തിനായി സി.പി.ഐ (എം) ബേപ്പൂർ എം.എൽ.എ ആയിരുന്ന കെ. ചാത്തുണ്ണി മാസ്റ്റർ നിയമസഭയിൽ പ്രമേയം അവതരി പ്പിച്ചപ്പോൾ യു.ഡി.എഫ് എം.എൽ.എമാർ എതിർത്ത് വോട്ട് ചെയ്തു പരാജയപ്പെടുത്തി. അന്നത്തെ ജില്ലയിലെ 3 എം.എൽ.എ മാരും കോൺഗ്രസ്സായിരുന്നു.

1973 ൽ പാർട്ടി ജില്ലാ കമ്മിറ്റി രൂപീകരിച്ചപ്പോൾ ആദ്യ സെക്രട്ടറി സ: സി.പി മൂസാൻ കുട്ടിയായിരുന്നു. പിന്നീടദ്ദേഹം സി.എം.പി ആയി. പിന്നീട് ദീർഘകാലം സ: പി.എ മുഹമ്മദ് ആയിരുന്നു സെക്രട്ടറി. സ: സി ഭാസ്ക്കരൻ സെക്രട്ടറി ചുമതല നിർവഹിച്ചു. സ: എം വേലാ യുധൻ സെക്രട്ടറിയായി പ്രവർത്തിച്ചു. കർഷകരും തോട്ടം തൊഴിലാളികളും ആദിവാസിക ളും അടങ്ങുന്നതാണ് വയനാട്ടിലെ ജനങ്ങൾ. യു.ഡി.എഫിന്റെ ശക്തി കേന്ദ്രമായിരുന്നു നേരത്തെ വയനാട് ജില്ല. മാനന്തവാടിയിൽ കെ.കെ അണ്ണനും ബത്തേരിയിൽ പി.വി. വർഗ്ഗീസ് വൈദ്യരും കൽപ്പറ്റയിൽ ബി. ബെല്ലിംട്ടൻ എൽ.ഡി.എഫ് എം.എൽ.എ ആയി തെരഞ്ഞെ ടുക്കപ്പെട്ടു.

ജില്ലയുടെ ജനങ്ങളുടെ പ്രശ്നങ്ങൾ ഉയർത്തി പാർട്ടി നിരന്തര പ്രക്ഷോഭങ്ങളിൽ ഏർപ്പെട്ടു. രാജ്യത്തെ വിദർഭ, അനന്തപൂർ ജില്ലകളോടൊപ്പം വയനാട് കർഷക ആത്മഹത്യാ കേന്ദ്രമായി. സഖാക്കൾ പി. കൃഷ്ണപ്രസാദിന്റെയും എം. വേലായുധന്റെയും നേതൃത്വത്തിൽ വലിയ കർഷക പ്രക്ഷോഭം ആരംഭിച്ചു. നിരവധി സമരങ്ങൾ ജില്ലയിൽ ഉയരുന്നു വന്നു. ആത്മഹ ത്യയല്ല പരിഹാര മാർഗ്ഗം പോരാട്ടമാണ് എന്ന സന്ദേശമുയർത്തി നടത്തിയ കർഷക പ്രക്ഷോഭത്തിൽ ജനങ്ങളിൽ നല്ല സ്വീകാര്യത ഉണ്ടാക്കി. കർഷക സമരങ്ങൾ പാർട്ടിക്കനുകൂലമായി

ആദിവാസികൾ ഭൂമിക്ക് വേണ്ടി സമാനതകളില്ലാത്ത പ്രക്ഷോഭത്തിൽ ഏർപ്പെട്ടു. 1476 ആദി വാസികളെ ജയിലിലടച്ചു. സഖാക്കൾ പി.വി വേലായുധൻ, കെ.സി കുഞ്ഞിരാമൻ, സീത ബാലൻ, പി. ചന്തു തുടങ്ങിയ ആദിവാസി നേതാക്കൾ ജയിൽ വാസം അനുഭവിച്ചു. കർഷക ആദിവാസി പ്രക്ഷോഭങ്ങൾ ജില്ലയിലെ രാഷ്ട്രീയ രംഗത്ത് വലിയ ചലനങ്ങൾ ഉണ്ടാക്കി. പാർട്ടിക്കനുകൂലമായ പൊതുവികാരമായി ഈ സമരങ്ങൾ മാറി വയനാട് ചരിത്രത്തിലാദ്യമാ യി 2006 ലെ തെരഞ്ഞെടുപ്പിൽ 3 മണ്ഡലങ്ങളിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്ഥാനാർഥികൾ വിജയിച്ചു. ജില്ലയിലെ ഒന്നാമത്തെ പാർട്ടിയായി സി.പി.ഐ (എം) ഉയർന്നു വന്നു.

ജില്ലയിലെ പാർട്ടി കെട്ടിപ്പടുക്കുന്നതിൽ വലിയ സംഭാവനകൾ നൽകിയ സഖാക്കൾ സി.പി മൂസാൻ കുട്ടി, കെ. പത്മനാഭൻ, പി.എ മുഹമ്മദ്, പി.വി വർഗ്ഗീസ് വൈദ്യർ, റ്റി.എസ് രാധാകൃ ഷ്ണൻ, പി. കുഞ്ഞിക്കണ്ണൻ, സി. ഭാസ്കരൻ, എം. വേലായുധൻ എന്നീ സഖാക്കൾ നമ്മെ വിട്ടു പിരിഞ്ഞു.

കോഴിക്കോട് ജില്ലയിലെ അത്തോളിയിൽ നിന്നും ഹോട്ടൽ തൊഴിലാളിയായി വയനാ ട്ടിലെത്തിയതായിരുന്നു സ: സി. ഭാസ് കരൻ. പാർട്ടി ബത്തേരി ഏരിയ സെക്രട്ടറി, സി.ഐ.റ്റി.യു ജില്ലാ സെക്രട്ടറി, പാർട്ടി ജില്ലാ ആക്റ്റിംഗ് സെക്രട്ടറി എന്നീ ഉത്തരവാദിത്ത ങ്ങൾ ഏറ്റെടുത്തു പ്രവർത്തിച്ചു. ബത്തേരി പഞ്ചായത്ത് മെമ്പർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എന്നീ ചുമതലകൾ നിർവഹിച്ചു. അകാലത്ത് സഖാവ് നമ്മെ വിട്ടു പിരിഞ്ഞു. ബത്തേരി ഏരിയ കമ്മിറ്റി ഓഫീസിനോടനുബന്ധിച്ച് സഖാവിന്റെ ഓർമക്കായി നിർമ്മിച്ച സ്മാരക ഹാൾ മാർച്ച് 16 കേരള മുഖ്യമന്ത്രി സ: പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

**സി.കെ. ശശീന്ദ്രൻ**
സി.പി.ഐ.എം. സംസ്ഥാന കമ്മിറ്റിയംഗം

with best compliments from......

**NEW INDIAN**

**MARUTI AUTHORISED SERVICE STATION**

NEXA ARENA

FREE SERVICE, WARRANTY, INSURANCE CASHLESS FACILITY AVAILABLE

&

BOSCH SERVICE

**BOSCH MULTI CAR SERVICE**

**OUR SERVICES**

- **DENTING AND PAINTING**
- **BODY PAINTING**
- **WATER SERVICE**
- **WHEEL ALIGNMENT**
- **A/C WORK**
- **ELECTRICAL WORK**




**Contact Us:**

**6238 902 402 | 04936 223001 | 6238 902 410**

**6238 902 401 | 6238 902 408 | 6238 902 409**

MYSORE ROAD, THIRUNELLY, SULTHAN BATHERY

# സ്മരണാഞ്ജലി....



കെ.എസ്. ശ്രീധരൻ നായർ



പി.ടി. ഉലഹന്നാൻ



ഇ.എസ്. സഹദേവൻ



വി.കെ. തങ്കപ്പൻ മാസ്റ്റർ



പി.ആർ. അപ്പുണ്ണി


ആശംസകളോടെ.....

# മീനങ്ങാടി
## ക്ഷീരോൽപ്പാദക സഹകരണ സംഘം

Ltd. No: D29(D) APCOS
മീനങ്ങാടി പി.ഒ., വയനാട് 673591

സ്ഥാപിതം:1973

Ph: 04936 247302, 8547247302
e-mail: meenangadikss@gmail.com





**ജയൻ പി.പി** (പ്രസിഡന്റ്)
Ph: 9744065902

പ്രതിദിനം
**17500 ലിറ്റർ**
പാൽ സംഭരണം



**മാത്യു കെ.ബി.** (സെക്രട്ടറി)
Ph: 9446546925



## സ്മരണകൾ ഇരമ്പുന്നു



വി.വി. ബേബി

കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റ് രാഷ്ട്രീയ മുറ്റേത്തിന്റെ പന്ഥാവിലാണ്. 1973 ൽ കോഴിക്കോട് ജില്ലയുടെ ഭാഗമായിരുന്ന സൗത്ത് വയനാട് താലൂക്കും കണ്ണൂർ ജില്ലയുടെ ഭാഗമായിരുന്ന മാനന്തവാടി താലൂക്കും ഉൾപ്പെടുന്ന പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് പാർട്ടി വയനാട് ജില്ലാ കമ്മിറ്റി രൂപീകരിച്ചത്. അത് വയനാട് റവന്യൂ ജില്ല ഔദ്യോഗികമായി പ്രഖ്യാപിച്ചിരുന്നില്ല. വയനാടിന്റെ സമഗ്രമായ വളർച്ച കൈവരിക്കണമെങ്കിൽ റവന്യൂ ജില്ല രൂപീകരിക്കണമെന്ന് സി.പി.ഐ.( എം) ആവശ്യം കേരള നിയമസഭയിൽ ഉന്നയിച്ചപ്പോൾ നിഷേധാത്മകമായ നിലപാടാണ് കേരളത്തിൽ അധികാരത്തിൽ ഉണ്ടായിരുന്ന കോൺഗ്രസ്സ് നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ സർക്കാർ സ്വീകരിച്ചത്. സർക്കാരിന്റെ നിഷേധാത്മക നിലപാടിൽ പ്രതിഷേധിച്ച് പാർട്ടി നിർദ്ദേശിച്ച പ്രദേശങ്ങൾ ഉൾപ്പെടുത്തി പാർട്ടി ജില്ലാ കമ്മിറ്റി രൂപീകരിക്കുകയും വിവിധ വർഗ്ഗ ബഹുജന സംഘടനകളുടെ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. കണ്ണൂർ ജില്ലക്കാരനായ സ: സി.പി. മൂസാൻകുട്ടിയായിരുന്നു ജില്ലാ സെക്രട്ടറി. തൃശ്ശൂർ ജില്ല കേന്ദ്രീകരിച്ച് പ്രവർത്തിച്ചുകൊണ്ടിരുന്ന ട്രേഡ് യൂനിയൻ നേതാവ് സ: കെ.പത്മനാഭനെ വയനാട്ടിൽ ട്രേഡ് യൂനിയൻ പ്രവർത്തനത്തിനായി ചുമതലപ്പെടുത്തി. ജില്ല രൂപീകരിക്കതിനു മുൻപായി വയനാട് എസ്റ്റേറ്റ് ലേബർ യൂനിയന്റെയും നോർത്ത് വയനാട് എസ്റ്റേറ്റ് ലേബർ യൂനിയന്റെയും പ്രവർത്തനം ആരംഭിച്ചിരുന്നു. സി.ഐ.ടി.യു ജില്ലാ ഘടകത്തിന്റെ രൂപീകരണത്തിനുശേഷം വിവിധ മേഖലകളിലെ തൊഴിലാളികളെ സംഘടിപ്പിക്കതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത് ഈ ഘട്ടത്തിലാണ്. ബത്തേരി ചുങ്കത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന ഹോട്ടൽ ഹൈലോഡ്, ഹോട്ടൽ വിജയകുമാർ, ഹോട്ടൽ ജയ തുടങ്ങി വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഹോട്ടൽ തൊഴിലാളികളുടെ സംഘടന പ്രവർത്തനം ആരംഭിച്ചു. യൂനിയൻ പ്രവർത്തനം ആരംഭിച്ചതോടെ വിജയകുമാർ ഹോട്ടലിലെ തൊഴിലാളിയെ അകാരണമായി പിരിച്ചുവിടുകയും പിരിച്ചുവിടൽ നടപടിക്കെതിരെ അനിശ്ചിതകാല സമരം ആരംഭിക്കുകയും ചെയ്തു. പിരിച്ചുവിട്ട തൊഴിലാളിയെ തിരിച്ചെടുപ്പിച്ച് കൊണ്ടാണ് സമരം അവസാനിപ്പിച്ചത്. ഈ സമരം ഹോട്ടൽ തൊഴിലാളികൾക്കിടയിൽ വലിയ ആവേശമുണ്ടാക്കി. കൂടുതൽ തൊഴിലാളികൾ സംഘടനയിൽ ചേരുകയും ചെയ്തു. ബത്തേരി ചുങ്കം ജങ്ഷനിൽ പ്രവർത്തിച്ചിരുന്ന എംബസി ഹോട്ടലിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ ഏറ്റെടുത്ത് പ്രക്ഷോഭ സമരം നടന്നു. സമരത്തെ തുടർന്ന് സ്ഥാപനം പൂർണ്ണമായി അടച്ചിടുകയും ചെയ്തു. തുടർന്ന് സി.ഐ.ടി.യുവിന്റെയും മറ്റ് വർഗ്ഗ ബഹുജന സംഘടനകളുടെയും നേതൃത്വത്തിൽ സമരസഹായ സമിതി രൂപീകരിച്ച് നടത്തിയ ഇടപെടലിനെത്തുടർന്ന് പ്രശ്നങ്ങൾ പരിഹരിക്കാനും കഴിഞ്ഞുവെന്നത് ട്രേഡ് യൂനിയൻ രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കി. ഹോട്ടൽ തൊഴിലാളി സംഘടന ശക്തമായതോടെ സുൽത്താൻ ബത്തേരിയിലെ ഹോട്ടലുകളിലും മറ്റും വെള്ളമെത്തിക്കുന്ന വെള്ളക്കാവ് തൊഴിലാളികളുടെ സംഘടന രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. 1980 കാലഘട്ടത്തിൽ ബത്തേരിയിലെ സി.പി.ഐ.(എം) പ്രവർത്തനത്തിന് വെള്ളക്കാവ് തൊഴിലാളികളുടെ സാന്നിദ്ധ്യവും വളരെയേറെ സഹായകമായി. ചുമട്ടു മേഖലയിൽ സംഘടന രൂപീകരിക്കുന്നതിന് ആദ്യഘട്ടത്തിൽ നമുക്ക് കഴിഞ്ഞിരുന്നില്ല. ബത്തേരിയിലെ ചുമട്ട് തൊഴിലാളി രംഗത്ത് മുസ്ലീം ലീഗ് നിയന്ത്രണത്തിലുള്ള എസ്.ടി.യു.വിന്റെ ആധിപത്യമായിരുന്നു. പിന്നീട് നാം നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായി ചുമട്ട് തൊഴിലാളി രംഗത്തെ ഏതാനും തൊഴിലാളികളെ നമുക്കൊപ്പം അണിനിരത്താൻ കഴിഞ്ഞതോടെ നമ്മുടെ ശക്തമായ ഇടപെടലിനെത്തുടർന്നും തൊഴിലാളിപക്ഷ നിലപാടുകളുടെയും ഭാഗമായി നിലവിൽ ചുമട്ടുരംഗത്തെ പ്രധാനപ്പെട്ട സംഘടനയായി നമുക്ക് മാറാൻ കഴിഞ്ഞു. ചുമട്ടു മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിരവധി പ്രക്ഷോഭ സമരങ്ങൾ നടന്നപ്പോൾ സമരത്തെ അടിച്ചമർത്താനായി പോലീസിന്റെ ഭീകരമായ മർദ്ദനങ്ങളും കള്ളക്കേസുകളും അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്.

ട്രേഡ് യൂനിയൻ രംഗത്ത് ടാക്സി തൊഴിലാളികളുടെ സംഘടന രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചത് ഈ ഘട്ടത്തിലാണ്. ഓട്ടോറിക്ഷ തൊഴിലാളികളുടെ സംഘടന രൂപീകരിച്ച് പ്രവർത്തിക്കാൻ കഴിഞ്ഞത് നമ്മുടെ പാർട്ടിയുടെ മുറ്റേത്തിന് സഹായകരമായിട്ടുണ്ട്. സുൽത്താൻ ബത്തേരി മരംവെട്ട് തൊഴിലാളി യൂനിയൻ ടിമ്പർ ലോഡിങ്ങ് തൊഴിലാളി യൂനിയൻപ്രവർത്തനം ആരംഭിച്ചതും ഈ ഘട്ടത്തിലാണ്. സ്വന്തമായി കിടപ്പാടമില്ലാതിരുന്ന കൂലിവേലക്കാരെ സംഘടിപ്പിക്കുകയും ഭൂരഹിതരായ കർഷക തൊഴിലാളികൾക്ക് കിടപ്പാടം ലഭിക്കത്തിനുവേണ്ടി നടത്തിയ മിച്ചഭൂമി സമരം കർഷകതൊഴിലാളി മേഖലയിൽ നിലനിന്നിരുന്ന അടിമവേല സമ്പ്രദായം വല്ലി സമ്പ്രദായം അവസാനിപ്പിക്കത്തിന് നമ്മുടെ ഇടപെടൽ നമ്മുടെ സ്വാധീനം വർദ്ധിപ്പിക്കു തിന് കാരണമായിട്ടുണ്ട്. ആദിവാസി മേഖലയിൽ നിലനിന്നിരുന്ന തൊഴിലില്ലായ്മയും പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെ നേർ ചിത്രം പുറത്തുകൊണ്ടുവരുന്നതിൽ ഇംഗ്ലീഷ് പത്രമായ ഇന്ത്യൻ എക്സ്പ്രസ്സിന്റെ ഫോട്ടോഗ്രാഫർ ജയന്റെ ക്യാമറയിൽ പകർത്തിയ ഞണ്ടൻകൊല്ലിയിലെ രാജുവിന്റെ ദയനീയതയുടെ ചിത്രം ഏതൊരു മനുഷ്യസ്നേഹിയുടെയും കരളലിയിക്കു തായിരുന്നു. പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കേരളാസ്റ്റേറ്റ് കർഷകതൊഴിലാളിയൂനിയൻ നേതാവും പാർട്ടി സംസ്ഥാന സെക്രട്ടറിയറ്റ് അംഗവുമായിരുന്ന സ: എ.കണാരന്റെയും പാർട്ടി വർഗ്ഗ ബഹുജന സംഘടനകളുടെയും നേതൃത്വത്തിൽ നടത്തിയ സർവ്വേയിൽ ബത്തേരിയിലെയും നൂൽപ്പുഴയിലെയും ആദിവാസി കോളനിയിൽ കഴിയുന്ന പാവപ്പെട്ട മനുഷ്യരുടെ ദയനീയ അവസ്ഥ പുറം ലോകത്തെ അിറയിക്കാനും ഇവർക്കാവശ്യമായ മരുന്നും ഭക്ഷണവും എത്തിച്ചുകൊടുക്കുന്നതിനായി മെഡിക്കൽ ക്യാമ്പുകളും ഭക്ഷ്യധാന്യ വിതരണവും നടത്തിയത് സമൂഹത്തിലെ ഏറ്റവും ദുർബ്ബലരായവരെ നമ്മുടെ പ്രസ്ഥാനത്തിലേക്ക് ആകർഷി ക്കുവാനും കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയിലെ വിവിധ പ്രശ്നങ്ങൾ ഉയിച്ചുള്ള പ്രക്ഷോഭ സമരങ്ങളും കൃഷിക്കാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശത്തിനുവേണ്ടി നടത്തിയ പ്രക്ഷോഭ ങ്ങളും ഉയർന്നു വിരുന്നു. സ: എ.കെ.ജി യുടെ സാന്നിദ്ധ്യവും നേതൃത്വവും കർഷകജനവിഭാഗത്തിനിടയിൽ വലിയ ആവേശ മുണ്ടാക്കിയിട്ടുണ്ട്. ചീങ്ങേരിയിലെ കൃഷിക്കാരുടെ പ്രശ്നപരി ഹാരത്തിായി കർഷകസംഘത്തിന്റെ നേതൃത്വത്തിൽ നടത്തിയ പ്രക്ഷോഭത്തിന്റെ ഭാഗമായി കുമ്പളേരിയിലും നൂൽപ്പുഴ പഞ്ചായ ത്തിലെ നെന്മേനിക്കുന്നിലും നടന്ന പ്രക്ഷോഭ സമരങ്ങളിൽ സ: എ.കെ.ജി പങ്കെടുത്ത് നേതൃത്വം നൽകിയത് കർഷകജനവിഭാ ഗങ്ങൾക്കിടയിൽ പാർട്ടിക്കനുകൂലമായ നിലപാടുകൾക്ക് കാരണമായിട്ടുണ്ട്. വയനാടിനെ വന്യജീവി സങ്കേതമാക്കി മാറ്റുന്നതിനുള്ള കോൺഗ്രസ് നേതൃത്വത്തിലുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനത്തിനെതിരെ കർഷക സംഘം നേതൃത്വത്തിൽ വിപുലമായ ക്യാമ്പയിനുകൾ ഉയർത്തിക്കൊണ്ടുവന്നതും ശ്രദ്ധേയമാണ്. വന്യജീവി സങ്കേതമായി മാറ്റുമ്പോൾ കാർഷിക മേഖലയിലും ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിതവും ദുസ്സഹമാകുന്നത് ചൂണ്ടിക്കാണിച്ചുകൊണ്ട് എം.എൽ.എയും കർഷകസംഘം നേതാവുമായിരുന്ന സ: ചാത്തുണ്ണി മാസ്റ്ററുടെ ഇടപെടലും ജനങ്ങളിൽ ആവേശമുണ്ടാക്കിയിരുന്നു. 1980 വരെ ജില്ലയിലെ രാഷ്ട്രീയ പാർട്ടികളിൽ മൂന്നാം സ്ഥാനത്തായിരുന്ന സി.പി.ഐ.എം നിലവിൽ ജില്ലയിലും ബത്തേരി ഏരിയയിലും ഒന്നാമത്തെ രാഷ്ട്രീയ പാർട്ടിയായി വളർന്നു വന്നതിൽ തെഴിലാളി, കർഷക, കർഷകതൊഴിലാളി സംഘടനകളും, മഹിള, വിദ്യാർത്ഥി, യുവജന സംഘടനകളും നടത്തിയ നിരവധിയായ പ്രക്ഷോഭ സമരങ്ങളും രാഷ്ട്രീയ എതിരാളികളുടെ ആക്രമണങ്ങളും പോലീസ് മർദ്ദനങ്ങളും ജയിൽവാസവുമെല്ലാം അതിജീവിച്ചുകൊണ്ടാണ് നമ്മുടെ പ്രസ്ഥാനത്തിന് മുന്നേറാൻ കഴിഞ്ഞത്. പാർട്ടിയുടെ ശക്തിയും സ്വാധീനവും വർദ്ധിപ്പിക്കുന്നതിനും രാജ്യത്തിന്റെ ഭരണം നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ ഉയർത്തു വെല്ലുവിളികളെ നേരിടുന്നതിനും ആർ എസ്.എസ്- സംഘപരിവാർ ശക്തികളുടെ ബി- ടീമായി പ്രവർത്തിക്കുന്ന കോൺഗ്രസ്സിനെയും സഖ്യശക്തികളെയും പരാജയപ്പെടുത്തുന്നതിന് നമ്മുടെ പ്രസ്ഥാനത്തിന്റെ സ്വാധീനവും പ്രവർത്തനവും ശക്തിപ്പെടുത്തേണ്ടതുണ്ട്.



ആശംസകളോടെ......




# വയനാട് ജില്ലാ ഡ്രൈവേഴ്സ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി

ലിമിറ്റഡ് നമ്പർ ഡബ്ല്യു– 14

പി.ഒ. കൽപ്പറ്റ, വയനാട്, ഫോൺ: 04936 205645
wddcskalpetta@gmail.com

## സഹകരണ സൂപ്പർമാർക്കറ്റ്

കൽപ്പറ്റ
ഫോൺ: 04936 203646

- പുതിയ വാഹനങ്ങൾക്ക് വായ്പ
- സ്ഥിര നിക്ഷേപം
- നിത്യനിധി നിക്ഷേപം
- ധനവർഷ നിക്ഷേപ പദ്ധതി
- പഴയ വാഹനങ്ങൾക്ക് വായ്പ
- ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീം
- നിത്യനിധി വായ്പ
- സ്വർണപ്പണയ വായ്പ.
- ഗൃഹോപകരണ വായ്പ.

**പൂർണമായി കോർ ബാങ്കിംഗ് സൗകര്യമുള്ള ഓഫീസ്**

പ്രസിഡണ്ട്
കെ. റഫീക്ക്: 9496810708

സെക്രട്ടറി
അജയ് വി. ആർ: 9961844602

**ബ്രാഞ്ചുകൾ**

സുൽത്താൻ ബത്തേരി
ഫോൺ: 04936 221645

മാനന്തവാടി
ഫോൺ: 04935 245400

# സ്മരണകൾ ഇരമ്പുന്നു



1950 ൽ നാട്ടിൽ തൃശ്ശൂർ ഏങ്ങണ്ടിയൂരിലാണ് താമസം. ഇന്ത്യ റിപ്പബ്ലിക്കായി പ്രഖ്യാപിക്കുമ്പോൾ ഫസ്റ്റ് ഫോമിൽ പഠിക്കുകയാണ്. റിപ്പബ്ലിക്കാഘോഷം നാട്ടിലെങ്ങും. പോലീസ് ജീപ്പ് തലങ്ങും വിലങ്ങും പായുന്നു. ഞാനാരോടോ കാര്യം തെരക്കി. കമ്മ്യൂണിസ്റ്റുകാരനായ സർദാർ ഗോപാലകൃഷ്ണനെ തല്ലിക്കൊന്നിരിക്കുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിജാഥ നടത്തിയതിനാണ് പോലീസ് തല്ലിക്കൊന്നത്. സർദാർ ഗോപാലകൃഷ്ണൻ നാട്ടിക ഫർക്കയിൽപ്പെട്ട ആളാണ്. ഞാനും അതേ ഫർക്കയിൽ. മനസ്സിലെ വല്ലാതെ ഉലച്ചു. ക്രമേണ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ആകൃഷ്ടനായി.

52 ലെ ഇലക്ഷനിൽ പി.കെ. ഗോപാലകൃഷ്ണൻ തെരഞ്ഞെടുപ്പിൽ മത്സരിച്ചു. ഫിഫ്ത്ത് ഫോമിൽ പഠിക്കുമ്പോഴാണ്. അരിവാൾ നെൽക്കതിർ ചിഹ്നത്തിനുവേണ്ടി നടന്നു. അങ്ങനെ പഠിത്തം അവിടെ നിന്നു.

അച്ഛൻ എക്സ് സർവ്വീസ്മെൻ കോളനിസ്റ്റായിരുന്നു. 1955 നവംബറിൽ വയനാട്ടിൽ അച്ഛന്റെയടുത്തേക്ക് വന്നു. അമ്മയും അച്ഛനും നേരത്തേ പോന്നു. അനുജൻ ശിവശങ്കരനും ഇളയസഹോദരി തങ്കമണിയും വയനാട്ടിൽ വന്നാണ് പഠനം തുടങ്ങിയത്. ഫിഫ്ത്ത് ഫോമിൽ പഠിത്തം നിർത്തിയതിനുശേഷമാണ് ഞാൻ വയനാട്ടിലേക്ക് വന്നത്. നെല്ലാറച്ചാലിലെ ടെയ്‌ലർ സ. പി.എം. മുഹമ്മദ് കുടുംബപരിചയക്കാരനായ പാർട്ടി പ്രവർത്തകനായിരുന്നു. വടുവൻചാലിലെ പാർട്ടി പ്രവർത്തകൻ സ. പി. ബാലൻ ഇവരോടൊപ്പം ബത്തേരിക്കുവന്നു. അന്ന് ബത്തേരിയിലെ പ്രവർത്തകരായിരുന്ന കെ.ടി. അശോകേട്ടൻ, എ.സി. അച്ചുതൻനായർ, എ.ടി അനന്തേട്ടൻ, ഉഷ ജ്വല്ലറി ദാമോദരേട്ടൻ എന്നിവരോടൊപ്പം പ്രവർത്തിച്ചു. കലാപ്രവർത്തനങ്ങളിൽ മാത്രം സജീവമായിരുന്ന സ. ചീക്കിലോടനും ഉണ്ടായിരുന്നു.

1957 ലെ ഇലക്ഷൻ പ്രവർത്തനത്തോടെയാണ് പാർട്ടിയിൽ സജീവമായത്. പി. ശങ്കർ ആയിരുന്നു സ്ഥാർനാർത്ഥി. സഖാക്കൾ പി.എം. മുഹമ്മദ്, മുരിങ്ങാപറമ്പിൽ ഉണ്ണി എന്നിവരായിരുന്നു. തെരഞ്ഞെടുപ്പിന്റെ പ്രധാന പ്രവർത്തകർ. ഞാൻ നെല്ലാറച്ചാലിൽ ബൂത്ത് ഏജന്റായിരുന്നു. ആ കാലത്താണ് പാർട്ടി ഗ്രൂപ്പ് അംഗമായി ചേർന്നത്. ഗ്രൂപ്പിൽ ചേർന്ന് പ്രവർത്തിക്കുന്ന കാലത്ത് സ. ഇകെ. നായനാരാണ് ക്ലാസ്സെടുത്തത്.

1959 ൽ 21-ാം വയസ്സിൽ പൂർണ്ണ മെമ്പർഷിപ്പിൽ വന്നു. വിമോചന സമരത്തിന്റെ പ്രകടനങ്ങളൊക്കെ ബത്തേരിയിലാണ് നടന്നത്.



സ. കെ.ആർ. ഉണ്ണീരി

ആദ്യ ബ്രാഞ്ച് അമ്പലവയൽ ബ്രാഞ്ച്. കൊളഗപ്പാറ മുതൽ തോമാട്ടുചാൽ വരെയായിരുന്നു. ബ്രാഞ്ചിന്റെ പരിധി. പി. ബാലൻ സെക്രട്ടറിയും ഞാൻ ജോയിന്റ് സെക്രട്ടറിയുമായിരുന്നു.

AKG 1958 ൽ അമ്പലവയലിൽ എത്തിയിരുന്നു. A.O. ഓഫീസിനടുത്ത് ഉണ്ടായിരുന്ന തൊഴിലാളി ഇ.കെ. ബാലകൃഷ്ണൻ താമസിച്ച പാടിയിൽ നിന്ന് ഒരു ഡെസ്കും ബെഞ്ചും എടുത്ത് ടൗണിൽ കൊണ്ടിട്ടു. ബാലകൃഷ്ണന്റെ പാടിയിലായിരുന്ന ഞങ്ങൾ ഒത്തുകൂടിയിരുന്നത്. ടൗണിൽ ഡെസ്കും ബെഞ്ചും ഇട്ട സ്ഥലത്ത് ഒരു കൊടിയും കുത്തി നിന്നും. ആരും അടുത്തേക്കൊന്നും വന്നില്ല, ചുള്ളിയോട് ഭാഗത്തു നിന്നും AKG ജീപ്പിൽ വന്നു. ഞാൻ ഒറ്റക്ക് AKG സിന്ദാബാദ് മുദ്രാവാക്യം വിളിച്ചു. ജീപ്പ് നിർത്തി AKG ഇറങ്ങി അപ്പോഴേക്ക് അവിടുന്നും ഇവിടുന്നുമായി 5-10 പേർ വന്നു. AKG അവരോട് സംസാരിക്കേ A.O. കുട്ടിശങ്കരൻ നായർ പ്യൂൺ മുഖേന ഒരു കുറിപ്പ് കൊടുത്തയച്ചു. നേരിൽ കാണണം എന്നായിരുന്നു കുറിപ്പ്. സൗകര്യമില്ല എന്ന് കുറിപ്പിനടിയിൽ എഴുതി AKG ഒപ്പിട്ട് മടക്കി. കുട്ടിശങ്കരൻ നായർ പൊതുയോഗ സ്ഥലത്തേക്ക് ഇറങ്ങി വന്നു. AKG യെക്കണ്ട് ക്ഷമാപണം നടത്തി. AKG യെ ഓഫീസിലേക്ക് കൂട്ടിക്കൊണ്ടുപോയി.

പൊതുയോഗം കഴിഞ്ഞ് ഞങ്ങൾ വീട്ടിലേക്ക് പോയി. മഞ്ഞപ്പാറ വീട്ടി മരത്തിന്റെ ചോട്ടിൽ എത്തി. എന്നെക്കണ്ട് ജീപ്പ് നിർത്തി പോട്ടെ എന്നു പറഞ്ഞു. എനിക്ക് ഉത്തരമൊന്നും പറയാൻ പറ്റിയില്ല. അത്രക്ക് സ്നേഹവും ആദരവുമായിരുന്നു സഖാവിനോട്. ഒന്നും പറയാനാവാതെ കരഞ്ഞുപോയി. സഖാവ് യാത്ര പറഞ്ഞുപോയി.

1963 ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് 6 വാർഡുകളിലെ തെരഞ്ഞെടുപ്പ് പ്രവർത്തനത്തിൽ സജീവമായി പങ്കെടുത്തു.

പഞ്ചായത്തിൽ പാർട്ടി ജയിച്ചു. ടി.പി മാധവൻ നായർ പ്രസിഡണ്ടായി. പാർട്ടിയുടെ താങ്ങും തണലുമായ സഖാക്കൾ AKG, CH കണാരൻ എന്നിവർ വീട്ടിൽ വന്നിട്ടുണ്ട്.

അമ്പലവയലിൽ പട്ടയസമരം നടന്നു. ദീർഘിച്ച സമരമായിരുന്നു 1968 ഫെബ്രുവരി 11ന് പട്ടം നൽകൽ ഉദ്ഘാടനം. EMS ആണ് ഉദ്ഘാടനം ചെയ്തത്.

മഞ്ഞപ്പാറ പുതുക്കാട് മിച്ചഭൂമി സമരങ്ങൾ. മിച്ച ഭൂമി സമരത്തിന്റെ ഭാഗമായി പൊഴുതന അച്ചൂരിൽ പോയി. അച്ചൂരാനം എസ്റ്റേറ്റിൽ കൊടി ഉയർത്തി. പോലീസ് അറസ്റ്റ് ചെയ്തു. വൈകുന്നേരം വിട്ടയച്ചു. മഞ്ഞപ്പാറ എസ്റ്റേറ്റിന്റെ ഭാഗമായ ആറാട്ടുപാറ വരെ സമരം. അതിലും പങ്കെടുത്തു.

1973 ൽ മാനന്തവാടി വെച്ചു ചേർന്ന സമ്മേളനത്തിൽ പാർട്ടി ജില്ലാ കമ്മിറ്റി നിലവിൽ വന്നു. അതോടെ അമ്പലവയൽ- മേപ്പാടി ഉൾക്കൊള്ളുന്ന മേഖലാകമ്മിറ്റി വന്നു. സ. V.P. ശങ്കരൻ നമ്പ്യാർ സെക്രട്ടറിയും ഞാൻ ജോ. സെക്രട്ടറിയുമായി.

സഖാക്കൾ സി. ഭാസ്ക്കരൻ, പി.പി. ബാലകൃഷ്ണൻ, കെ. ശ്രീധരൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ ബത്തേരിയിലെ പാർട്ടി ശക്തിപ്രാപിച്ചു. സ. സി. ഭാസക്കരൻ സെക്രട്ടറിയായി ആദ്യ ബത്തേരി ഏരിയാ കമ്മിറ്റി നിലവിൽ വന്നു. ആ കാലഘട്ടത്തിൽ തന്നെയാണ് അമ്പലവയൽ ലോക്കൽ കമ്മിറ്റി നിലവിൽ വന്നത്. ഞാനായിരുന്നു പ്രഥമ ലോക്കൽ സെക്രട്ടറി. മൂന്നു തവണ അമ്പലവയൽ ലോക്കൽ സെക്രട്ടറിയായി പ്രവർത്തിച്ചു. അമ്പലവയലിലെ പാർട്ടിയുടെ വളർച്ചയിൽ സഖാക്കൾ സി. ഭാസ്ക്കരനും, പി.പി. ബാലകൃഷ്ണനും വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

1985 ൽ ഏരിയ സമ്മേളനത്തിൽ ഏരിയാകമ്മിറ്റി അംഗമായി. ബത്തേരിയിലും അമ്പലവയലിലും ഏതിരാളികളോട് മല്ലിട്ടാണ് പാർട്ടിയുണ്ടാക്കിയത്.

പാർട്ടിക്കെതിരെ വരുന്ന ഒരു കാര്യത്തോടും സമരസപ്പെട്ടിട്ടില്ല. ഞാൻ LC സെക്രട്ടറിയായിരിക്കുമ്പോഴാണ് 1987 ലെ മനുഷ്യച്ചങ്ങല. ജില്ലയിൽ ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ലോക്കൽ ആയിരുന്നു. അമ്പലവയൽ LC.

പാർട്ടി പ്രവർത്തനത്തിലും പാർട്ടിയുടെ വളർച്ചയിലും സംതൃപ്തനാണ്. ഞാൻ പാർട്ടി അദ്ധ്യാപകനായിരുന്നു. പാർട്ടിയിലെ കോമ്രേഡ്ഷിപ്പിന് ഇടിവു വന്നിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് മൂല്യബോധം വളർത്തിക്കൊണ്ടുവരേണ്ടതുണ്ട്.




# ഡൽഹിയിൽ സമരം ചെയ്യുന്ന കർഷകർക്ക് അഭിവാദ്യങ്ങൾ



വിഷ്ണു പ്രസാദ്

ചിത്രശലഭമെന്ന് നടിക്കുന്ന കടുവ
ട്രാക്ടർ,
നീയിപ്പോൾ ആ പഴയ വാഹനമേയല്ല
ആറുചക്രവും  വാർദ്ധക്യവുമുള്ള,
കാണുന്നവരിൽ സഹതാപമുണർത്തുന്ന,
തലയും വാലുമായി എപ്പോഴും
വേർപെടാൻ തയ്യാറായിരിക്കുന്ന
ഏതു വയലും കുന്നും കയറുന്ന
മണ്ണും ചാണകവും വൈക്കോലും
ധാന്യച്ചാക്കുകളും ഏറ്റിപ്പോവുന്ന,
ചെളിയും പൊടിയും പിടിച്ച
ആ പാവത്താനേയല്ല

നിന്റെ കണ്ണുകളിൽ നിശ്ചയദാർഢ്യം
ഡൽഹിയുടെ തെരുവുകളിൽ
നീയിന്ന് കൃഷിക്കാരന്റെ വിയർപ്പിനു വേണ്ടി വാദിക്കും
രാജ്യമെങ്ങുമുള്ള വയലുകളുടെ വക്കാലത്ത്
നീയിന്ന് ഏറ്റെടുക്കും.
നീയിന്ന് ഒരു പുതിയ വിപ്ലവകാരിയാവും.
നിന്നെക്കണ്ട് അനീതിയുടെ സിംഹാസനം വിറയ്ക്കും.
വിലയും പകിട്ടുമുള്ള കാറുകളും വിമാനങ്ങളും
നിന്റെ പുതിയ സ്ഥാനലബ്ധിയിൽ
ലജ്ജിച്ചു തലതാഴ്ത്തും.

ട്രാക്ടർ,
ഇന്നലെ വരെ ഞാൻ കണ്ട,
ചുമച്ചു കഫം തുപ്പി ഗ്രാമ പാത താണ്ടിയ
ആ വാർദ്ധക്യമേയല്ല...
എന്തൊരു യുവത്വമാണ് നിനക്കിന്ന് !
നീയിന്ന് ആറു കാലുള്ള ചിത്രശലഭം ...
അല്ലല്ല, ചിത്രശലഭമെന്ന് നടിക്കുന്ന ഒരു കടുവ.

ഭാരം

തുമ്പികളായി വേഷം മാറിയ ട്രാക്ടറുകളോ
ട്രാക്ടറുകളായി വേഷം മാറിയ തുമ്പികളോ
ആകാശത്ത് പറന്നു നടക്കുന്ന വൈകുന്നേരം
ഗോതമ്പുപാടങ്ങളിൽ നിന്നു വന്ന കാറ്റിനോട്
രാജാവ് ചോദിച്ചു:
ഞാൻ എന്തു ചെയ്യണം?

കാറ്റ് മുന്നിലുള്ള ദൃശ്യങ്ങളെ വകഞ്ഞ്
ഒരു തൈലപ്പുല്ലോലയെ കാണിച്ച്
പറഞ്ഞു തുടങ്ങി ..

ആ തൈലപ്പുല്ലോലയിൽ
ഒരു കുരുവിയിരിക്കുന്നതു നോക്കൂ
ഓലയേക്കാൾ ഭാരമുണ്ട് കുരുവിക്ക്
പക്ഷേ ആ ഇല അതിനെ
താങ്ങിനിർത്തുന്നത് കാണൂ ...
വിസ്മയകരമല്ലേ?

കഴിഞ്ഞ മാസം അങ്ങ് വനത്തിൽ നായാട്ടിനു പോയപ്പോൾ
കാട്ടുചേമ്പിലയിൽ ഒരു പച്ചത്തവള ഉറങ്ങിക്കിടക്കുന്നത്
സഹചാരിക്കു കാണിച്ചു കൊടുത്തു.
ആ പച്ചത്തവളയോളം ഭാരമുള്ളതായിരുന്നില്ല ചേമ്പില.
പക്ഷേ, എത്ര വിശ്വാസത്തോടെയാണ്
ആ പച്ചത്തവള അതിൽ കിടന്നിരുന്നത്!
പച്ചിലകൾ പ്രപഞ്ചത്തോട് ചെയ്യുന്ന ഉടമ്പടി
കരുതലിന്റെയും സമാധാനത്തിന്റെയുമാണ്.

അങ്ങേക്ക് ആ പുല്ലോലയിൽ കുരുവിയെപ്പോലെ
ഇരിക്കുവാനോ
ചേമ്പിലയിൽ പച്ചത്തവളയെപ്പോലെ കിടക്കുവാനോ
സാധ്യമല്ല ...
അങ്ങയുടെ വിസ്തൃതപൃഷ്ഠങ്ങളെ അവ
കൈയൊഴിയും.
അങ്ങ് നടുവൊടിഞ്ഞ് കിടപ്പിലാവും.
പക്ഷേ, ചെടികൾ പിന്നെയും എഴുന്നേറ്റു നിൽക്കും.
ആലിലയിലുറങ്ങുന്ന ഉണ്ണിയുടെ കഥയാവണം അങ്ങയുടെ
പ്രലോഭനം.
പക്ഷേ,  ഈ ഭാരം താങ്ങുകയില്ല
വെട്ടിയിട്ട ഒരു വാഴയിലയല്ലാതെ ....

ഇങ്ങനെ പറഞ്ഞു കൊണ്ട്
കാറ്റ് കൊട്ടാരത്തിനു പുറത്തു നടക്കുന്ന
പച്ചിലകളുടെ സമരത്തിലേക്ക് ഒഴുകിപ്പോയി.

ആശംസകളോടെ......

# വിവാഹ ഷോപ്പിംഗ് ഇനി ബത്തേരിയിൽ

## ഏറ്റവും പുതിയ വലിയ ഷോറൂം




**Yes Bharath**
WEDDING COLLECTIONS
പകരമാവില്ല, മറ്റൊന്നും.

**SULTHAN BATHERY**

# അൽകാഫിറൂൻ: ഓർപ്പെടുത്തലിന്റെ പുസ്തകം



സനിൽ കെ.കെ.

മലയാളനോവൽ സാഹിത്യത്തിൽ, നിഷേധിക്കാനാവാത്ത ചർച്ചകൾക്ക് അഗ്നി പകർന്ന നോവലാണ്, ടി.കെ. അനിൽകുമാറിന്റെ അൽകാഫിറൂൻ സംവാദങ്ങളുടെ പുസ്തകം. ഒരേ സമയം നോവൽ ഘടനയിലും ഇതിവൃത്തത്തിലും ദുർമേദസ്സുകളുടെ ഒരു കടഞ്ഞെറിയൽ സാദ്ധ്യമാക്കിയ പുസ്തകം എന്ന നിലയിലായിരിക്കും, സാഹിത്യ ചരിത്രത്തിൽ ഈ നോവൽ അടയാളപ്പെടുക. അസമത്വത്തിന്റെ ആഴവും പരപ്പും തിരിച്ചറിഞ്ഞുകൊണ്ടുള്ള ബൗദ്ധികമായ പോരാട്ടത്തിന്റെയും ഇടപെടലുകളുടെയും ഇടങ്ങൾ കണ്ടെത്തുന്ന അന്വേഷണത്തിന് ഒരു വിപ്ലവകാരിയുടെ അനസ്യൂതമായ തുടർച്ചകളുണ്ടെന്ന ഓർമ്മപ്പെടുത്തൽ, നോവലിന്റെ പ്രത്യയശാസ്ത്ര പരിസരങ്ങളെ പ്രകാശമാനമാക്കുന്നുണ്ട്.

നമ്മുടെ വായനയിൽ നിർബന്ധമായും കടന്നു വരണമെന്നാഗ്രഹിക്കുന്ന ഒരു പുസ്തമാണിത്. ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച പുസ്തകം മൂന്നാം എഡിഷനിൽ എത്തി നിൽക്കുയാണ്. താരിഖലി എന്ന സമർത്ഥനായ വിദ്യാർത്ഥിയുടെ, സുഹൃത്തിന്റെ തിരോധാനത്തിന്റെ പൊരുൾതേടിയലയുന്ന വിനോദ്, ലസിമ എന്നിവരുടെ അന്വേഷണത്തിലൂടെ കേരളത്തിന്റെ വൈവിധ്യമാർന്ന, നാട്ടിൻ പുറ സംസ്കൃതികളിലൂടെയുള്ള ഒരു സംവാദ യാത്രയായി നോവൽ പരിണമിക്കുന്നത് അങ്ങേയറ്അറം ഹൃദ്യവും രാഷ്ട്രീയമായ ഒരു വീണ്ടെടുക്കലുമാണ്.

സാമൂഹ്യ ജീവിതത്തിൽ മതേതരമായ ഒരു മണ്ണ് മലയാളിക്ക് ആരോ ദാനം തന്നതാണെന്നു ചില സവർണ്ണ സംസ്കൃതികൾ ആവർത്തിച്ചുരുവിടുന്ന ചരിത്ര സന്ധിയിൽ, ആവുന്നത്ര ഉച്ചത്തിൽ നമുക്ക് പറയേണ്ടതുണ്ട്. ഈ മണ്ണ് മതേതരത്വത്തിന്റെ കരുത്തുള്ള മണ്ണാണ്. ഇവിടെ നിങ്ങൾ ഖനനം നടത്തി, ഒരു ശിവലിംഗം തിരയേണ്ടതില്ലെന്ന്, ജ്ഞാൻ വാപിയിൽ, പള്ളിയിൽ മണ്ണ് കഴിച്ച് ശിവലിംഗം തിരയുന്നവർക്ക് അത് കണ്ടെത്തിയേ മതിയാവൂ. ഖനന വിദഗ്ധർ അത് പ്രഖ്യാപിക്കുന്നതിലൂടെ പള്ളി ക്ഷേത്രമായി പരിഗണിക്കപ്പെടുന്ന വർത്തമാന യാഥാർത്ഥ്യമാണ് നമ്മുടെ കൺമുമ്പിലുള്ളത്. എന്നാൽ ദക്ഷിണ ദേശത്തെ പല തീർത്ഥാടന കേന്ദ്രങ്ങളും ബുദ്ധമത വിശ്വാസികളിൽ നിന്ന് സവർണർ തട്ടിപ്പറിച്ചതാണെന്നു തെളിയിച്ചാൽ അത്തരം കേന്ദ്രങ്ങളെ വിട്ടു നൽകാനുള്ള ആർജ്ജവം സവർണ തമ്പുരാക്കന്മാർ കാണിക്കേണ്ടതല്ലെ?

നോവലിൽ നിന്ന്: പ്രൊഫസർ അഹമ്മദ് പറഞ്ഞു, 'ഹസ്രത്ത് ശ്രീകൃഷ്ണൻ (അ) ഞങ്ങളുടെ പരമകാരുണികനായ പ്രവാചകനാണ്. സത്യ മതത്തിന്റെ പ്രവാചകരായി മൂസാ നബി(അ)യും മുഹമ്മദ് നബി (സ) യും ഹസ്രത്ത് ശ്രീകൃഷ്ണൻ (അ) യും ഹസ്രത്ത് അഹമ്മദ് (അ) യും ഭൂമിയിൽ പിറന്നു. ഹിന്ദുക്കൾ യഥാർത്ഥത്തിൽ കൃഷ്ണനെ കൈയ്യടക്കുകയാണ് ചെയ്തത്. കൃഷ്ണൻ ഹൈന്ദവ ദൈവമായിരുന്നില്ല. യാദവ വൃഷ്ണി വർഗ്ഗത്തിന്റെ, അനാര്യ ഗോത്രക്കാരനായ നായകാണ് കൃഷ്ണനെന്ന് ആർ.ജെ. ഭണ്അധാർക്കറെ പ്പോലുള്ള ആളുകൾ പറയുന്നുണ്ട്. ഉപനിഷത്ത് കാലത്തിനും ഇതിഹാസ കാലത്തിനുമിടയിൽ എപ്പോഴോ ആണ് കൃഷ്ണൻ വൈദിക മതക്കാരായ ഹിന്ദുക്കളുടെ ദൈവമായിത്തീരുന്നത്. ബുദ്ധ മതത്തിന്റെ കടന്നുവരവോടെ ക്ഷയിച്ചു കൊണ്ടിരിക്കുന്ന ബ്രാഹ്മണമതത്തിനു നിലനില്പ് അനിവാര്യമായി തീർന്നു. അതിന്റെ ഭാഗമായാണ് ബൗദ്ധ-ക്രൈസ്തവ സങ്കല്പങ്ങളിൽ നിന്ന് ആശയ സ്വീകരണം നടത്തി, കൃഷ്ണനെ ശ്രീകൃഷ്ണനാക്കി തീർത്തതും ഭഗവദ് ഗീത സൃഷ്ടിച്ചതും, മനുഷ്യ സാധാരണമായ പ്രവർത്തികളൊക്കെ നടത്തുന്ന കൃഷ്ണൻ ദൈവമല്ലേ,. ഞങ്ങളുടെ പ്രവാചകനാണ്, അപ്പോൾ കൃഷ്ണനെ നബിയായി കാണുന്ന ഞങ്ങളല്ലേ വിശ്വാസികൾ?'

**നോവലിലെ മറ്റൊരു സന്ദർഭം കൂടി വായിക്കുക.**

നമ്പീശൻ മാഷ് പറഞ്ഞു. 'മാപ്പിള കഞ്ഞിക്ക് ഉമ്മച്ചിത്തെയ്യത്തിന്റെ കഥ അറിയോ? നമ്മുടെ ദേശത്തിന്റെ മാത്രം പ്രത്യേകതയാണിത്. രാജാവിന്റെ പ്രതിനിധിയായ യോഗ്യർ അകമ്പടി കോവിലിലെ നെല്ലു കുത്തുകാരിയായ മുസ്ലിം സ്ത്രീയെ നെല്ല് അശുദ്ധമാക്കിയെന്നു പറഞ്ഞ് തല്ലിക്കൊന്നു. ഈ സ്ത്രീ ദൈവമാക്കരുവായി മാറി. ഇതാണഅ നിലേശ്വരം മേക്കാട്ടില്ലത്തെ ഉമ്മച്ചിത്തെയും.

ഇതുപോലെ ഒട്ടനവധി സന്ദർഭങ്ങളിലൂടെയാണ് സംവാദങ്ങളുടെ പുസ്തകം പൂർണമാവുന്നത്. വായന ഗൗരവമുള്ള രാഷ്ട്രീയ പ്രവർത്തനമായി കാണുന്ന പ്രൗഢമനസ്സുകളെ, ഈ കൃഷിയിലേക്ക് സ്വാഗതം ചെയ്യുകയാണ്.

ആശംസകളോടെ.....

# വയനാട് ജില്ലാ KSRTC എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

**W-40 വയനാട്, സുൽത്താൻ ബത്തേരി**

| പ്രസിഡന്റ് | സെക്രട്ടറി |
|---|---|
| **സി.എം. സുനിൽകുമാർ** | **എൻ. രാജൻ** |
| 9947264014 | 9947076702 |


ആശംസകളോടെ.....

**വിജയിക്കാതിരിക്കാനാവില്ല നിങ്ങൾക്ക്**

**DATUM EDUCATE - നോടൊപ്പം**

**സാങ്കേതിക പൂർണ്ണതയോടെ ഹൈടെക്ക് ക്ലാസ്സുകൾ**

# Score 90% in 200 days

**നിങ്ങളുടെ സീറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുക**

1st HYBRID TUITION CENTRE IN WAYANAD

8, 9, 10 State/CBSE | +1, +2 Science

DATUM EDUCATE

HYBRID TUITION CENTRE

**ഫോൺ : 9995010051, 9497288522**

# സ്മരണകൾ ഇരമ്പുന്നു





അഡ്വക്കറ്റ് കെ.കെ. സോമനാഥൻ

കോട്ടയത്ത് തലയോലപറമ്പ് എന്ന സ്ഥലത്താണ് ജനനം. അവിടെ നിന്ന് മലപ്പുറം ജില്ലയിലെ കാളികാവിനടുത്ത് ചോക്കാട് പടയന്താൾ എന്ന സ്ഥലത്തേക്ക് കുടുംബസമേതം താമസം മാറ്റി. കുടിയേറ്റ കുടുംബം. 1969 കാലത്തെ തെരഞ്ഞെടുപ്പ്. നിലമ്പൂരിൽ സ. കുഞ്ഞാലി മത്സരിക്കുന്നു. തെരഞ്ഞെടുപ്പ് പ്രവർത്തനത്തിൽ പങ്കെടുത്ത കാരണത്താൽ 9-ാം ക്ലാസ്സിൽ പഠിക്കുന്ന ജ്യേഷ്ഠനെ സ്കൂളിൽ നിന്ന് പുറത്താക്കി. അന്ന് ഞാൻ ചോക്കാട് യു.പി. സ്കൂളിലാണ് പഠിച്ചുകൊണ്ടിരുന്നത്. കാളികാവിനടുത്തുള്ള പുല്ലങ്കോട് ഹൈസ്കൂളിലാണ് 8,9 ക്ലാസ്സുകളിൽ പഠിച്ചത്. 9-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ സകുടുംബം വയനാട്ടിലേക്ക് കുടിയേറി. 10-ാം ക്ലാസ്സ് പഠനം മീനങ്ങാടി യിലാണ് നടന്നത്. 6 വർഷക്കാലം മീനങ്ങാടിയിൽ താമസിച്ചു. ഡിഗ്രിക്ക് പഠിക്കുമ്പോളാണ് സകുടുംബം പുൽപ്പള്ളി ചാമപ്പാറയി ലേക്ക് മാറിയത്.

കാളികാവിൽ യു.പി. സ്കൂളിൽ പഠിക്കുന്ന കാലത്ത് പഞ്ചായത്ത് തെരഞ്ഞെടുപ്പ് വന്നു. ജന്മിത്തത്തിന്റെ പ്രഭാവം നാട്ടിലെങ്ങും അവസാനിച്ചിരുന്നില്ല. ജന്മി നിശ്ചയിക്കുന്ന സ്ഥാനാർത്ഥിക്കെതിരെ പ്രവർത്തിക്കാനൊന്നും അനുവദിച്ചി രുന്നില്ല. മുതിർന്നവരൊക്കെ രഹസ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതായി ഞങ്ങൾ കുട്ടികൾ മനസ്സിലാക്കിയിരുന്നു. തെരഞ്ഞെടുപ്പ് അടുക്കാറാകുമ്പോൾ ജന്മിയുടെ കാര്യസ്ഥൻ രാമൻ നായർ ഭക്ഷണം കൊടുക്കുന്നതായി അറിയിച്ച് എല്ലാവരെയും കളത്തിലേക്ക് വിളിക്കും. ഭക്ഷണം കഴിച്ചു പോകുമ്പോൾ വോട്ടുചെയ്യേണ്ട കാര്യം പറയും ആൾക്കാർ പോയിക്കഴിഞ്ഞാൽ എലയെണ്ണി കോൺഗ്രസ്സിന്റെ വോട്ടുറ പ്പിക്കും. അതായിരുന്നു അന്നത്തെ രീതി. എതിർഭാഗത്ത് സ്ലിപ്പ് കൊടുക്കാൻ പോലും ആരും ഉണ്ടായിരുന്നില്ല. ഞങ്ങൾ കുട്ടികൾ രഹസ്യമായി മാവിന്റെ ചുവട്ടിൽ ഒത്തുകൂടി സ്ലിപ്പ് കൊടുത്തു. അതായിരുന്നു ആദ്യത്തെ രാഷ്ട്രീയ പ്രവർത്തനം. 83-84 പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പാർട്ടിക്ക് ഭൂരിപക്ഷം കിട്ടി. സ. കുഞ്ഞാലി പഞ്ചായത്ത് പ്രസിഡണ്ടായി.

മീനങ്ങാടി താമസിക്കുമ്പോഴാണ് പ്രീഡിഗ്രിക്ക് കോഴിക്കോട് ദേവഗിരി കോളേജിൽ ചേർന്നത്. ഡിഗ്രിക്കും അവിടെത്ത ന്നെയാണ് പഠിച്ചത്. ദേവഗിരി കോളേജിൽ അന്ന് സംഘടനാ പ്രവർത്തനമൊന്നും അനുവദിച്ചിരുന്നില്ല. കോഴിക്കോട് ലോ കോളേജിൽ എൽ.എൽ.ബി. ക്ക് പഠിക്കുമ്പോഴാണ് SFI യിൽ സജീവമായത്. SFI കോഴിക്കോട് ഏരിയാ കമ്മിറ്റി അംഗം, ലോ കോളേജ് യൂണിറ്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു.

ലോ കോളേജ് പഠനം പൂർത്തിയായപ്പോൾ ചാമപ്പാറക്ക് തിരിച്ചുവന്നു. പാർട്ടി ഗ്രൂപ്പിൽ എടുത്തു. 1977 മാർച്ചിൽ പാർട്ടി മെമ്പർഷിപ്പിൽ വന്നു. ചാമപ്പാറ ബ്രാഞ്ചിലായിരുന്നു മെമ്പർഷിപ്പെങ്കിലും താമസവും പ്രാക്ടീസും കൽപ്പറ്റ. 1977 ലെ തെരഞ്ഞെടുപ്പ് പ്രവർത്തനം ചാമപ്പാറിയിലായിരുന്നു. സ. കെ.എൻ. സുബ്രഹ്മണ്യനായിരുന്നു സഹപ്രവർത്തകൻ. സ.എൻ. വാസുദേവൻ ജില്ലാ സെക്രട്ടറിയും സ. കെ.വി.ജി. വാര്യർ പ്രസഡണ്ടുമായിരുന്ന കാലത്ത് കർഷകസംഘം ജില്ലാ വൈ. പ്രസിഡണ്ടായി വാര്യർ മകളോടൊപ്പം ഹൈദരാബാദിലേക്ക് പോയപ്പോൾ ഞാൻ ആക്ടിംഗ് പ്രസിഡണ്ടായി. 1978 ലെ പുൽപ്പള്ളി സമ്മേളനത്തിൽ കെ.എസ്.വൈ.എഫ്. ജില്ലാ കമ്മിറ്റിയിൽ വന്നു. അന്ന് സഖാക്കൾ പി.പി. ബാലകൃഷ്ണനും കരിയാടൻ മൊയ്തുവുമായിരുന്നു കെ.എസ്.വൈ.എഫ്. നേതാക്കൾ. ദേശാഭിമാനി സ്റ്റഡി സർക്കിളിന്റെ ജില്ലാ കമ്മിറ്റിയിലും പ്രവർത്തിച്ചു.

1979 പാർട്ടി സമ്മേളന കാലഘട്ടത്തിൽ പാർട്ടി മെമ്പർഷിപ്പ് കൽപ്പറ്റയിലേക്ക് മാറ്റി. കൽപ്പറ്റ ലോക്കൽ കമ്മിറ്റിയിലേക്ക് തെരഞ്ഞെടുത്തു. പാർട്ടി മൂന്ന് താലൂക്ക് കമ്മിറ്റികളായും പാർട്ടി ഏരിയാ കമ്മിറ്റികളായും വളർന്നു. കൽപ്പറ്റ എൽ.സി. സെക്രട്ടറിയായും ഏരിയാ സെന്ററിലും പ്രവർത്തിച്ചു. കർഷകസംഘം ജില്ലാ കമ്മിറ്റിയിലും പ്രവർത്തിച്ചു.

ഡി.വൈ.എഫ്.വൈ. രൂപീകരണ സമ്മേളനത്തിൽ 1980 ൽ ജലന്ധറിൽ പങ്കെടുത്ത 5 പേരിൽ ഒരാൾ ഞാനായിരുന്നു. 1981 ൽ തൊഴിൽ അല്ലെങ്കിൽ ജയിൽ എന്ന മുദ്രാവാക്യമുയർത്തി നടത്തിയ കലക്ട്രേറ്റ് വളയൽ സമരം ഡി.വൈ.എഫ്.ഐ ക്ക് വളരെ മുന്നേറ്റമുണ്ടാക്കി.

1983 ൽ ബത്തേരി കോടതി വന്നപ്പോൾ പ്രാക്ടീസ് ബത്തേരിക്ക് മാറ്റി. താമസവും. മെമ്പർഷിപ്പ് ബത്തേരി ഏരിയാ കമ്മിറ്റിയിലേക്ക് മാറ്റി. ബത്തേരി വന്നതിനുശേഷം ആദ്യം സജീവമായത് സ. വർഗ്ഗീസ് വൈദ്യരുടെ തെരഞ്ഞെടുപ്പ് പ്രവർത്തനത്തിലായിരുന്നു. സഖാക്കൾ പി.പി. ബാലകൃഷ്ണനനും സി. ഭാസ്ക്കരനുമായിരുന്നു ബത്തേരിയിലെ പാർട്ടി നേതൃത്വം. അക്കാലത്ത് ബത്തേരിയിൽ പി.പി. ബാലകൃഷ്ണനനും സി. ഭാസ്ക്കരനും, മീനങ്ങാടിയിൽ സഖാക്കൾ വർഗ്ഗീസ് വൈദ്യരും എസ്.എ മജീദും, പുൽപ്പള്ളിയിൽ സഖാക്കൾ പി.എസ്. ജനാർദ്ദനനും പി.കെ. മാധവനും എടുത്തു പറയത്തക്കരീതിയിൽ ആത്മബന്ധത്തോടെ ഇഴുകിച്ചേർന്ന് പാർട്ടിയിൽ പ്രവർത്തിച്ച സഖാക്കളായിരുന്നു. ഏരിയാ കമ്മിറ്റി യോഗങ്ങൾ പലപ്പോഴും രാത്രി മുഴുവൻ ഇരന്ന് വിശദമായ ചർച്ചകൾ നടക്കും. അഭിപ്രായങ്ങളുടെ ഏറ്റുമുട്ടലുകൾ ഉണ്ടാകും. എന്നാൽ കമ്മിറ്റി കഴിഞ്ഞാൽ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ സഖാക്കൾ ഒത്തൊരുമയോടെ പ്രവർത്തിച്ചിരുന്നു.

പിന്നീട് നടന്ന ഒരു പ്രധാന സംഭവം പുൽപ്പള്ളി വെടിവെപ്പും അതിനെ തുടർന്ന് സഖാക്കളെ സംരക്ഷിക്കാനും നിലനിർത്താനും ഉള്ള പ്രവർത്തനങ്ങളുമായിരുന്നു. വെടിവെപ്പും തുടർന്നുള്ള പ്രശ്നങ്ങളും പാർട്ടിക്ക് മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

സ. വർഗ്ഗീസ് വൈദ്യരുടെ തെരഞ്ഞെടുപ്പ് പ്രവർത്തനത്തോടുകൂടിയാണ് പാർട്ടിക്ക് മുന്നേറ്റമുണ്ടാകുന്നത്. അതോടെ ട്രേഡ് യൂണിയൻ, കർഷകസംഘം, യുവജന രംഗത്തും വലിയ മുന്നേറ്റമുണ്ടായി. 1987 ലെ മനുഷ്യച്ചങ്ങലയോടെ യുവജന രംഗത്ത് അത്ഭുതപൂർവ്വമായ മുന്നേറ്റമുണ്ടായി. മീനങ്ങാടിയിൽ 2 വർഷക്കാലം ലോക്കൽ സെക്രട്ടറിയായി പ്രവർത്തിച്ചു. 6 മാസക്കാലം അമ്പലവയൽ ലോക്കൽ സെക്രട്ടറിയുടെ ചുമതല വഹിച്ചു. നൂൽപ്പുഴ ലോക്കൽ സെക്രട്ടറിയായും ചുമതല വഹിച്ചിട്ടുണ്ട്.

ബത്തേരി വന്നതിനുശേഷം 6 മാസക്കാലം മണിച്ചിറയിൽ സ. സി.ടി. ജയരാജന്റെ വാടകവീട്ടിൽ സഖാക്കൾ സി. ഭാസ്ക്കരൻ, പത്മനാഭൻ നായർ, ഗോപാൽജി എന്നിവരോടൊപ്പമായിരുന്നു താമസം. പിന്നീട് എല്ലാവരും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ റൂമിലേക്ക് താമസം മാറ്റി. ആ കാലത്താണ് പഴയ എ.സി. ഓഫീസ് നിർമ്മാണം ആരംഭിച്ചത്. ഓഫീസ് പണി തീർന്നപ്പോൾ നല്ല കടബാദ്ധ്യത ഉണ്ടായിരുന്നു. കോൺട്രാക്ടറായ ചിന്നൻ മേസ്തിരി കടബാദ്ധ്യതയുടെ ഒരു ഭാഗം ഒഴിവാക്കിത്തന്നിരുന്നു. സഖാവ് ഇ.കെ. നായനാരാണ് പാർട്ടി ഓഫീസ് ഉദ്ഘാടനം ചെയ്തത്.

സഖാക്കൾ സി. ഭാസ്ക്കരനും മറ്റും പ്രതികളായ കേസ് ബത്തേരി പാർട്ടിയ്ക്ക് ഒരു ശക്തി ഉണ്ടാക്കി. കുറെ പേർ പാർട്ടിയിലേക്ക് കടന്നു വന്നു. ബത്തേരിയിൽ ആർ.എസ്.എസ്സും, ഐ.എസ്.എസ്സും തമ്മിൽ ഏറ്റുമുട്ടൽ സമരം നടന്നു. രണ്ടും വർഗ്ഗീയതയാണെന്ന നിലപാടെടുത്തു പാർട്ടി ശക്തിമായി ചെറുത്തു. എന്നാൽ സി.പി. വർഗ്ഗീസും കോൺഗ്രസ്സും കലക്കവെള്ളത്തിൽ മീൻപിടിക്കലാണെന്ന് പറഞ്ഞു പാർട്ടിയെ കുറപ്പെടുത്താനാണ് ശ്രമിച്ചത്. പാർട്ടിയുടെ മുന്നേറ്റത്തിന്റെ മറ്റൊരു പ്രധാന ഘടകം സ്വതന്ത്ര മൈതാനിയിൽ പാർട്ടി നടത്തിയ നിരന്തര രാഷ്ട്രീയ വിശദീകരണ പൊതുയോഗങ്ങളും രാഷ്ട്രീയ കാൽനട ജാഥകളുമായിരുന്നു. ധാരാളം പ്രവർത്തകരെ പാർട്ടിയിലേക്ക് കൊണ്ടുവരാൻ ഇതുകൊണ്ട് കഴിഞ്ഞിട്ടുണ്ട്.

പുതിയ തലമുറയും യുവജനങ്ങളും വേണ്ടത്ര പുതുതായി പാർട്ടിയിലേക്ക് വരുന്നില്ല എന്ന തോന്നലുണ്ട്. ബ്രാഞ്ചുകളുടെ പ്രവർത്തനവും നാട്ടിലെ പ്രശ്നങ്ങളിൽ വേണ്ടത്ര ഇടപെടലുകളും നടക്കുന്നില്ല എന്ന തോന്നലും ഉണ്ട്.






1970 ന്റെ ആരംഭത്തിൽ പേരാവൂരിലുള്ള തൊണ്ടിയിൽ എന്ന സ്ഥലത്താണ് Dr. തങ്കം പൗലോസ് / പാനൂസ് വക്കീൽ ദമ്പതിമാരുടെ തോട്ടത്തിൽ മേസ്തിരി പണിയെടുക്കുന്ന കാലം. കേരളാ കോൺഗ്രസ്സ് / കോൺഗ്രസ്സ് ആധിപത്യമുള്ള പ്രദേശമായിരുന്നു. അവിടെ കർഷക - കർഷക തൊഴിലാളി സമരം ആരംഭിച്ചു. എ.കെ.ജി., ഫാ. വടക്കൻ, ജോൺ മാഞ്ഞൂരാൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു സമരം. പ്രാദേശികതലത്തിൽ മാനന്തവാടിവരെയുള്ള പ്രദേശത്തെ നേതാവ് ചാത്തുക്കുട്ടി നായർ തൊഴിലാളികളോടൊപ്പം സമരത്തിൽ പങ്കെടുത്തു. ഡോക്ടറും വക്കീലുമായി തെറ്റിപ്പിരിഞ്ഞു. 5-10 പേരോടൊപ്പം വയനാട്ടിലേക്ക് പോന്നു. അപ്പപ്പാറയാണ് ഒന്നരമാസക്കാലം നിന്നത്. കപ്പക്കൂടം ഉണ്ടാക്കുന്ന പണിയിൽ ഏർപ്പെട്ടു. അവിടെ നിന്നും കുടഗിലേക്കുപോയി. ഹുൻസൂർ പ്ലൈവുഡ് കമ്പനിക്കുവേണ്ടി കൂപ്പിൽ മരം അളക്കൽ, നമ്പറടിക്കൽ, കൂപ്പ് റോഡ് പണി എന്നിവ ചെയ്തു. അവിടെ നിന്നും ശക്ലേശ്പൂരിൽ എത്തി മരപ്പണിയിൽ ഏർപ്പെട്ടു. 1976 ലാണ് ബത്തേരിക്ക് വന്നത്. മമ്മുഹാജിയുടെ അഞ്ചാം മൈലിലുള്ള കൂപ്പിൽ പണിയെടുത്തു. 6 മാസം കഴിഞ്ഞ് മമ്മു ഹാജി മാനിക്കുനിയിൽ മരമില്ലാരംഭിച്ചപ്പോൾ മില്ലിലേക്ക് മാറി. മില്ലിൽ ഓയിൽ മിൽസ് & സോമിൽ വർക്കേഴ്സ് യൂണിയൻ രൂപീകരിച്ചു. ബോണസ്, കൂലിക്കൂടുതൽ, ജോലിസ്ഥിരത എന്നീ ആവശ്യങ്ങളുന്നയിച്ച് സമരം. സഖാക്കൾ സി. ഭാസ്കരൻ, പത്മനാഭൻനായർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു സമരം. സമരത്തിൽ പങ്കെടുത്തതിന് മില്ലിൽ നിന്നും പിരിച്ചുവിട്ടു. സമരം വിജയിച്ചു. 8.33% ബോണസ്സ് അനുവദിച്ചു. കൂലികൂട്ടി, ഒരാഴ്ചക്കു ശേഷം ജോലിയിൽ തിരിച്ചെടുത്തു.

ഒരു സമരത്തിൽ പങ്കെടുത്ത് ഡിമാന്റുകൾ അംഗീകരിക്കപ്പെട്ടു. പിരിച്ചുവിട്ടവരെ തിരിച്ചെടുത്തു. ഈ ഘട്ടത്തിലാണ് 1979 ൽ പാർട്ടി മെമ്പർഷിപ്പിൽ വന്നത്.

മെമ്പർഷിപ്പിൽ വന്ന് ബത്തേരി ടൗൺ ബ്രാഞ്ചിലാണ് പ്രവർത്തിച്ചത്. സ. സി. ഭാസ്കരനായിരുന്നു ബ്രാഞ്ച് സെക്രട്ടറി. സഖാക്കളായ പപ്പടം ഗോപാലൻ എന്നറിയപ്പെട്ട ഗോപാലേട്ടൻ, ഗോപാൽ ജി എന്നറിയപ്പെട്ട ഗോപാലൻ, ഉഷാ ജ്വല്ലറി ദാമോദരൻ, ചായപ്പൊടി ബഷീർ, വെള്ളക്കാവ് കണ്ണേട്ടൻ, കുപ്പാടി സുകുമാരനും ഞാനും ഉൾപ്പെടുന്നതായിരുന്നു ടൗൺ ബ്രാഞ്ച്.

1980 ൽ കർഷക തൊഴിലാളി യൂണിയൻ പ്രസിഡണ്ടായി. പിന്നീട് സെക്രട്ടറിയായും പ്രവർത്തിച്ചു.

സി.സി. യിലെ മിച്ച ഭൂമിസമരം ശക്തമായ സമരമായിരുന്നു. ആ സമരത്തോടുകൂടി ധാരാളം പ്രവർത്തകർ പാർട്ടിയിലേക്ക് കടന്നു വന്നു. സ. M.N. മുരളി വിദ്യാർത്ഥിയായിരിക്കുമ്പോൾ കുട്ടികളോടൊപ്പം സമരത്തിലേക്ക് വന്നത് അക്കാലത്ത് അവിസ്മരണീയ സംഭവമായി ഇന്നും ഓർക്കുന്നു.



സി.എം. നീലകണ്ഠൻ

പിന്നീട് DYFI യുടെയും പാർട്ടിയുടെയും നിരവധി സമരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. അതിൽ 1982 ലെ KSEB സമരം, 1983 ലെ പുൽപ്പി കോളേജ് സമരം, സ. പി.പി. ബാലകൃഷ്ണൻ നയിച്ച ജനമുന്നേറ്റ ജാഥ എന്നിവ അതിശക്തമായ പ്രക്ഷോഭ പ്രവർത്തനങ്ങളായിരുന്നു. പുൽപ്പള്ളി സമര സഖാക്കളുടെ ആശുപത്രി സംരക്ഷണ ചുമതലയും നിർവ്വഹിച്ചു. ഈ സമരങ്ങളുടെ ഭാഗമായി 1984-85 നു ശേഷം ബത്തേരിയിൽ പാർട്ടിക്ക് ശക്തമായ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു.

സഖാക്കളായ എം.വി രാഘവൻ, പി.വി. കുഞ്ഞക്കണ്ണൻ, പുത്തലത്ത് നാരായണൻ, മൂസാൻകുട്ടി എന്നിവർ ബത്തേരിയിലെ പാർട്ടി പ്രവർത്തനങ്ങൾക്ക് നേരിട്ട് നേതൃത്വം നൽകിയിട്ടുണ്ട്.

ഒരുഘട്ടത്തിൽ ബത്തേരി സി.ഐടി.യു. ഓഫീസിൽ കേന്ദ്രീകരിച്ച് പരാതി എഴുതിക്കൊടുക്കൽ തന്നെയായിരുന്നു പ്രവർത്തനം.

പിന്നീട് നടന്ന സംയുക്ത മെയ്ദിനറാലി, ട്രേഡ് യൂണിയൻ സമ്മേളനം, 87 ലെ DYFI മനുഷ്യച്ചങ്ങല എന്നിവയെല്ലാം പാർട്ടിക്ക് മുന്നേറ്റമുണ്ടാക്കിയ ആവേശഭരിതമായ പ്രവർത്തനങ്ങളാണ്.

പാർട്ടി ബത്തേരി ലോക്കൽ കമ്മിറ്റി സെക്രട്ടറിയായും, ഏരിയാകമ്മിറ്റി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. പാർട്ടി മെമ്പർഷിപ്പിൽ വന്നതു മുതൽ ഇന്നു വരെ പാർട്ടിയുടെ വളർച്ചക്കും മുന്നേറ്റത്തിനും വേണ്ടി നിലനിന്നു.

പാർട്ടിയിൽ വന്ന കാലത്തുള്ള പോലെയല്ല ഇന്നത്തെ പ്രവർത്തനം. അക്കാലത്ത് 'സെൽഫ്സഫിഷ്യൻ അല്ല' ഇന്ന് ഓരോരുത്തരും 'സെൽഫ്സഫിഷ്യന്റ്' എന്ന നിലയിലാണ് പ്രവർത്തിക്കുന്നതെന്ന തോന്നലുണ്ട്. ഇഴുകിച്ചേരലിന്റെ അഭാവമുണ്ട്.

ഇപ്പോൾ സഖാവ് രാജൻ സെക്രട്ടറിയായുള്ള പൂമല ബ്രാഞ്ച് അംഗമാണ്.




eplanet™
the electronics store

Charisma Tower, Rahim Memorial Road,
**Sulthan Bathery** - Ph:97468 36827

Al-Zahara Complex,
Opp. Kalpetta Co-op Bank, Main Road,
**Kalpetta** - Ph:04936 203 266

KANHANGAD | CHERUVATHUR | THALASSERY | IRITTY | PALLOOR | KUTTIADI | KARUVANCHAL | SREEKANDAPURAM

the fastest growing electronics & home appliances retail chain stores in kerala

ലേഖനം

# സംസ്കാരത്തിന്റെ ബഹുസ്വരത



സുനിൽ പി. ഇളയിടം

ഇന്ത്യൻ സംസ്കൃതിയുടെ ആഴമേറിയ ഈ വൈവിധ്യങ്ങളെ ആധുനിക ഘട്ടത്തിൽ തിരിച്ചറിയുന്നതിൽ നാം വലിയ അളവിൽ പരാജയപ്പെട്ടിട്ടുണ്ട്. പരാജയപ്പെടുകയും പകരം വൈദികമായ ഒരു സംസ്കാരത്തെ ഇവിടെ ആകമാനം നിറയ്ക്കുന്ന തരത്തിൽ ഭാരതീയത എന്ന കൃത്രിമ സങ്കല്പം ഉയർത്തിക്കൊണ്ടുവരികയും ചെയ്തു. അതുകൊണ്ട് ഒരു ലക്ഷം ശ്ലോകങ്ങളുള്ള വിവർത്തനം മറച്ചു വെയ്ക്കപ്പെട്ടു. അറുനൂറ് ശ്ലോകം വിവർത്തനം ചെയ്യപ്പെട്ടത് മഹാകാര്യമായി. അതുകൊണ്ട് ബൗദ്ധ ജൈന പാരമ്പര്യങ്ങൾ, വർളിയും മുഗൾ മിനിയേച്ചറും മധു പനിയും അടക്കമുള്ള ചിത്രകലാ പാരമ്പര്യങ്ങൾ ഭരതനാട്യത്തിന്റെ അടിസ്ഥാനമായ സദിര്, ഭരതനാട്യത്തിന്റെ ചരിത്രത്തിൽ മുങ്ങിപ്പോയി. നാനൂറ് കൊല്ലം നിലനിന്ന സദിരിന്റെ മുകളിലാണ്. 1930 ൽ രുഗ്മിണി ദേവി അരുണ്ഡേൽ ഭരതനാട്യം കെട്ടിപ്പെടുത്തത്. അല്ലാതെ അവരായി ഉണ്ടാക്കിയതല്ല. പക്ഷേ, ഭരതനാട്യത്തിന് ചരിത്രമുണ്ട്, അതിന്റെ സ്ഥാപകർക്ക് ചരിത്രമുണ്ട്. നാനൂറ് കൊല്ലം ഇത് കൊണ്ടു നടന്ന്, അടവുകളും ചുവടുകളുമൊക്കെയായി അതിനെ നിലനിർത്തി തേച്ചുമിനുക്കി, ഇതിനെ കൈമാറി ഇരുപതാം നൂറ്റാണ്ടുവരെ എത്തിച്ച ദേവദാസികളെന്തായി തീർന്നു? വ്യഭിചാരിണികളായി തീർന്നു. ഇങ്ങനെ ഓരോ ചരിത്ര സന്ദർഭത്തിലേക്കും നോക്കിയാൽ നമുക്ക് നമ്മുടെ സംസ്കൃതിയുടെ ഈ വൈവിധ്യപൂർണ്ണമായ നിലനിൽപിനെ ആധുനിക കാലഘട്ടം പല രൂപത്തിൽ തമസ്കരിച്ചതും കാണാൻ കഴിയും.

ഇന്ത്യൻ ദേശീയതയെക്കുറിച്ച് പഠിച്ച പലരും പറയുന്ന ഒരു കാര്യം, ഇന്ത്യ ദേശീയ പ്രസ്ഥാനത്തിനു രാഷ്ട്രീയമായ ഉൾക്കൊള്ളൽ കൈവന്ന ഘട്ടങ്ങളിൽ പോലും സാംസ്കാരികമായ ഒരുൾക്കൊള്ളൽ ശേഷി, ഇൻക്ളൂസീവ്നസ്സ് അതേ അളവിൽ അതിന് കൈവരിക്കാൻ കഴിഞ്ഞില്ല എന്നതാണ്. അതിനു ശ്രമിച്ച ഒരാളായിരുന്നു, ഗാന്ധിജി. അതുകൊണ്ടു കൂടിയാണ്, ഗാന്ധിജിയെവെടിവെച്ചു കൊന്നത്. ഈ വെടിവെച്ചു കൊല്ലൽ ഒരാളുടെ മന:ഭ്രാന്തിയുടെ പ്രശ്നമൊന്നുമല്ല. ഗോഡ്സെ, ഷിംല കോടതിയിൽ കുറ്റവിചാരണവേളയിൽ സമർപ്പിക്കുന്ന ഒരു സ്റ്റേറ്റ്മെന്റുണ്ട്. അദ്ദേഹത്തിന്റെ അനിയൻ പിന്നീട് അത് പ്രസിദ്ധീകരിച്ചു. വൈ ഐ കില്ല്ഡ് ഗാന്ധി? അതിൻ ഗോഡ്സേ പറയുന്ന രണ്ടു മൂന്നു കാര്യങ്ങളുണ്ട്.

എന്തിനാണ് ഗാന്ധിജിയെ കൊന്നത് ? അദ്ദേഹം പറയുന്ന ചില കാര്യങ്ങൾ കേൾക്കുക. മൂന്നു കാര്യങ്ങൾ പ്രധാനമായും എടുത്തു പറയുന്നുണ്ട്. പിന്നെയുമുണ്ട്, മൂന്നു കാര്യങ്ങൾ പ്രധാനം, ഒന്ന്. ഹിന്ദുക്കൾക്ക് തുല്യമായ പരിഗണന മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും നൽകി. രണ്ട്. ഹിന്ദു മതത്തിലേക്ക് അഹിംസ, സത്യ മുതലായ മൂല്യങ്ങളെ കത്തി കടത്തി, ഹിന്ദു മതത്തിന്റെ ശക്തി ക്ഷയിപ്പിച്ചു, ഹിന്ദുമതം ഒരു ശക്തിയുടെ മതമാകുന്നതിനു പകരം അഹിംസ, സത്യം മുതലായവ മതത്തിന്റെ ആന്തരിക ശക്തി ക്ഷയിപ്പിച്ചു. മൂന്നാമത്. ഹിന്ദി എന്ന ഉന്നതമായ ഭാഷയ്ക്കു പകരം തന്തയില്ലാത്ത ഭാഷയായ ഹിന്ദുസ്ഥാനിക്കുവേണ്ടി നിലകൊണ്ടു. എ ബാസ്റ്റാർഡ് ലാംഗ്വേജ് എന്ന് അയാൾ ഉപയോഗിക്കുന്നുണ്ട്. ഇനി അയാൾ എന്നൊക്കെ പറയാമോ എന്നറിയില്ല. കാരണം പുള്ളിയൊരു മഹാനായി മാറിക്കൊണ്ടിരിക്കുന്ന കാലമാണ്. ഇനി എപ്പഴാ മൂപ്പര് ഭാരതരത്നമാവുക എന്നാണറിയാനുള്ളത്. മൂപ്പര് ഭാരതരത്നമായില്ലെങ്കിൽ, ഈ സവർക്കർ ആയാമതീ കേട്ടോ! ഈ സമീപനകാലത്ത് ഗോപീകൃഷ്ണൻ എഴുതിയ ലേഖനങ്ങളിൽ ഒന്നിൽ, ഗോപീകൃഷ്ണൻ മനോഹരമായി പറയുന്നുണ്ട്. സവർക്കർ എന്ന തോതിൽ നിന്നു പുറപ്പെട്ട വെടിയുണ്ടയാണ് ഗോഡ്സേ, അല്ലാതെ, ഗോഡ്സേ ഒറ്റയ്ക്കൊരു തോക്കല്ല. ഗോഡ്സേ എന്ന വെടിയുണ്ട സവർക്കറിൽ നിന്ന് പുറപ്പെട്ടതാണ്. ആ വെടിയുണ്ട നിലച്ചിട്ടുമില്ല. അത് ഗാന്ധിയുടെ നെഞ്ചിൽ വീണ് അവസാനിച്ചു എന്നു കരുതരുത്. ഈ രാഷ്ട്ര ശരീരത്തിൽ അനുനിമിഷം പതിച്ചു കൊണ്ടിരിക്കുന്ന വെടിയുണ്ടയാണ് സവർക്കർ തൊടുത്തുവിട്ടത്. അതാണ്, ഹു ഈസ് ഹിന്ദു? എന്ന ചോദ്യം. ഈ ചോദ്യത്തിന്റ പേര് കിടക്കുന്നത് ഇന്ത്യയുടെ സംസാരത്തെയും ചരിത്രത്തെയും കുറിച്ചുള്ള നമ്മുടെ ധാരണയിലാണ്. ഞാൻ നേരത്തെ പറഞ്ഞ വേദങ്ങളുടെ നാട്, ഉപനിഷത്തുകളുടെ നാട് എന്ന കൃത്രിമമായ ഒരു ധാരണയിൽ നാം ഇന്ത്യയെ മനസ്സിലാക്കിയാൽ, അതിൽ ആദിവാസികളുമുണ്ട്. ദളിതുകളുമുണ്ട്, മുസ്ലീമുകളുണ്ട്, ബുദ്ധ ജൈന മതങ്ങളുണ്ട്, ക്രിസ്ത്യാനികളുണ്ട്, മതേതരമായ, മതാതിവർത്തിയായ, വിജ്ഞാന പാരമ്പര്യങ്ങളുടെ സുദീർഘ ചരിത്രമുണ്ട്. ഇവ തമ്മിൽ തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളുടെ പശ്ചാത്തലമുണ്ട് എന്ന് ഇന്ത്യയെ വേറിട്ട് മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ, സംശയരഹിതമായും നമുക്ക്

# സുൽത്താൻ ബത്തേരി താലൂക്ക്
# പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്


ക്ലിപ്തം നമ്പർ: W299, സുൽത്താൻ ബത്തേരി
ഫോൺ: 04936 224 610, 224 611

## ഭവന വായ്പകൾ



വീട് പണിയുന്നതിനു
പുതുക്കി പണിയുന്നതിനും
വാങ്ങുന്നതിനും

## കാർഷികേതര വായ്പകൾ



വിവിധ വ്യാപാര വ്യവസായ
ആവശ്യങ്ങൾക്കും
ടൂറിസം പ്രോജക്റ്റുകൾക്കും
ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ
ദീർഘകാല വായ്പകൾ

## കാർഷിക വായ്പകൾ



കൃഷി ചെയ്യുന്നതിനും
അനുബന്ധ പ്രവർത്തനങ്ങൾക്കും
കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനും
JLG (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്
SHG (സ്വാശ്രയ സംഘങ്ങൾ)
കൂട്ടായ്മകൾക്കുള്ള വായ്പകൾ

## വാഹന വായ്പകൾ



വിവിധ തരം വാഹനങ്ങൾ
വാങ്ങുന്നതിന് ദീർഘകാല
വായ്പകൾ

## ആവശ്യങ്ങൾ ഏതുമാകട്ടെ
## വായ്പകൾ അതിവേഗം
## വസ്തുവിന്റെ ഈടിന്മേൽ



## കാർഷിക
## സ്വർണ്ണപണയ വായ്പ



- കുറഞ്ഞ പലിശ നിരക്ക്
- കൃത്യമായ തിരിച്ചടവിന് ഓരോ തവണയും സബ്സിഡി
- വായ്പക്കാർക്ക് ഇൻഷുറൻസ് പരിരക്ഷ (റിസ്ക് ഫണ്ട്)
- ലളിതമായ നടപടിക്രമങ്ങൾ
- അതിവേഗം വായ്പ ലഭ്യമാക്കുന്നു.
- കൂട്ടു പലിശ ഇല്ല
- ഒളിഞ്ഞിരിക്കുന്ന ചാർജുകൾ ഇല്ല
- വായ്പാ കാലാവധി 15 വർഷം വരെ

## ആകർഷകമായ പലിശനിരക്കിൽ സ്ഥിര നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.

വർഗ്ഗീയതയെ ചെറുത്ത് തോല്പിക്കാൻ കഴിയില്ല. ഇതാണ് പണിക്കരു മാഷുപറഞ്ഞ പ്രസ്ഥാവനയുടെ അർത്ഥം. ജാഥയിലും വർഗ്ഗീയ വാദികളുണ്ടാവും. അവർ സ്വയം വർഗ്ഗീയ വാദികളണെന്നോ, വർഗ്ഗീയ രാഷ്ട്രീയത്തോട് ഏതെങ്കിലും നിലയിൽ താദാത്മ്യം ചെയ്യുന്നതുകൊണ്ടോ അല്ല, മറിച്ച് വർഗ്ഗീയതയുടെ ആശയ സ്രോതസ്സ്, അതിന്റെ പ്രത്യായശാസ്ത്ര അടിത്തറ എന്നു പറയുന്നത് സംസാരത്തെയും ചരിത്രത്തെയും കുറിച്ചുള്ള സവിശേഷമായ ഒരു വീക്ഷണമാണ്. ഈ വീക്ഷണത്തെ തകർക്കാതെ വാസ്തവത്തിൽ വർഗ്ഗീയതയുടെ വേരറക്കാൻ കഴിയില്ല. പക്ഷെ, നിർഭാഗ്യവശാൽ നമ്മുടെ ജീവിതത്തിന്റെ പരിസരങ്ങളെ മുൻനിർത്തി ഇത് എത്ര വേണമെങ്കിലും വിശദീകരിക്കാം. അപ്രകാരം വിശദീകരിക്കാവുന്ന ഒന്നാണ് നമ്മുടെ സംസ്കാര സങ്കല്പം. അതിന്റെ ഭാരതീയ യുക്തി എന്നൊക്കെ പറയുന്ന ആശയങ്ങൾ.

ഞാൻ ഭാരതീയത തെറ്റാണെന്നൊന്നും പറയുന്നില്ല. ആ വാക്ക് ഇന്ന് വളരെ കൂടുതൽ ഹിന്ദുത്വത്തിന്റെ പൊളിറ്റിക്കൽ അജണ്ടയുടെ ഭാഗമായി ഉപയോഗിക്കുന്നതുകൊണ്ടു, നാമതിനെ കരുതലോടെ നോക്കണമെന്നേ പറയുന്നുള്ളു. അതൊരു കുറ്റകൃത്യമൊന്നുമല്ല. കാരണം അവർ ഇൻഡ്യയെന്ന് പറയാതിരിക്കാൻ ശ്രദ്ധിക്കുകയും ഇൻഡ്യ എന്നുള്ളതിനു പകരം ഭാരതമെന്ന പൗരാണിക ധ്വനിയെ അതിലേക്ക് കൂട്ടിക്കൊണ്ടുവരികയും ചെയ്യുക വഴി, ഇന്ത്യയെന്ന ആധുനികമായ ഉള്ളടക്കത്തെ നിരസിക്കാൻ കൂടിയുള്ള ശ്രമം അവരുടെ പ്രയോഗത്തിലുണ്ട് എന്നതാണ് അതിലുള്ള ഒരു കാര്യം. എന്നതുകൊണ്ട് നാമത് ഉപയോഗിക്കാതിരിക്കുകയൊന്നും വേണ്ട. അത് ഉപയോഗിക്കാതിരുന്നാൽ ആ വാക്ക് അവരുടെ കൈയ്യിലായിപ്പോവും. എന്നതുമാത്രമേയുള്ളു. അത് ഉപയോഗിക്കണം, ഈ അർത്ഥത്തിൽ ഉപയോഗിച്ച് അതിനെ വ്യക്തമാക്കി മാറ്റുകയും വേണം. പക്ഷേ, ഈ തിരിച്ചറിവ് പ്രധാനമാണ്. അതുകൊണ്ട് വേദങ്ങളെപ്പോലെ തന്നെയാണ് കാമസൂത്രം, ഉപനിഷത്തുക്കളെപ്പോലെത്തന്നെയാണ് അർത്ഥശാസ്ത്രം. നമ്മുടെ തത്വചിന്ത പാരമ്പര്യത്തെപ്പോലെതന്നെയാണ് ഗണിതപാരമ്പര്യം. രസവിജ്ഞാനീയത്തിന്റെ പാരമ്പര്യവും അജന്തയെപ്പോലെതന്നെയാണ് വർളി. ഭരതനാട്യത്തെപ്പോലെ തന്നെയാണ് സദിരിന്റെ പാരമ്പര്യം; ദേവദാസി പാരമ്പര്യം. ഈ ഭിന്ന സംസ്കൃതങ്ങളെ, സംസ്കാരത്തിന്റെ ഭിന്നഭിന്ന രൂപങ്ങളെ ആ രൂപങ്ങൾക്ക് തുല്യമായ പരിഗണനയും ഇടവും നമ്മുടെ ആധുനിക രാഷ്ട്ര സങ്കല്പത്തിൽ, നമ്മുടെ സംസ്കാരസങ്കല്പത്തിൽ ഇപ്പോഴുമുണ്ടോ? നമ്മൾ ഇപ്പോൾ സംസ്കാരത്തിന്റെ വൈവിധ്യത്തെക്കുറിച്ചും ബഹുസ്വരതയെക്കുറിച്ചും എത്രമേൽ സംസാരിച്ചാലും നമ്മുടെ പൊതുബോധത്തിലേക്ക് ഇതിനെ സന്നിവേശിപ്പിക്കുന്നതിലേക്കു നാമെത്ര വിജയിച്ചു എന്ന ചോദ്യം പ്രധാനമാണ്. ഈ പരാജയത്തിലാണ്, പ്രാചീന ഭാരതം ഹൈന്ദവമാണെന്നു പറയുന്ന സമയത്ത്, ഈ വാക്കു തന്നെ പ്രാചീന ഭാരത ചരിത്രത്തിന്റെ ആദ്യത്തെ രണ്ടായിരം വർഷക്കാലം ഇല്ലായിരുന്നുവെന്ന് തിരിച്ചറിയേണ്ടതുണ്ട്. ബാബർ വിദേശ അക്രമിയാണ്. മുസൽമാൻമാർ വിദേയ അക്രമിയാണ്, അറബികൾ വിദേശ അകമിയാണ് എന്ന് പറയുന്ന യുക്തിയെ അല്പം കൂടി പുറകോട്ടു കൊണ്ടുപോയാൽ അത് മനോഹരമായി ഇന്ത്യയിലാവിഷ്കരിച്ച ഒരാൾ, കമൽ ഹാസനാണ്. നമ്മുടെ സിനിമാ താരങ്ങൾക്കു പൊതുവേ കാണാൻ കഴിയാത്ത ചരിത്ര ബോധവും ഒരു യുക്തി വിചാരവുമൊക്കെ കമൽ ഹാസനുണ്ട്. നമ്മുടെ സിനിമാ താരങ്ങൾ അങ്ങനെ പറയുന്ന ഒരു കാലം എന്നെങ്കിലും വരുമായിരിക്കും. എന്ന് പ്രതീക്ഷിക്കാനേ കഴിയുകയുള്ളൂ. അവരോട് കവി പണ്ടു പറഞ്ഞതുപോലെയാണ്, മിണ്ടുക മഹാമൂനേ, എന്നു പറഞ്ഞല്ലോ. നിർണ്ണായകമായ ഒരു മുഹൂർത്തത്തിൽ ഉറച്ചു നിന്നു പറയുന്നതിന്റെ പേരാണ് നീതിബോധം എന്നത്. അല്ലാതെ, ഒരപകടവുമില്ലാത്ത സമയത്ത് ലോകം നന്നാവണം എന്നു പറയലല്ല.

ഒരപകടവും ഇല്ലാത്ത സമയത്ത് ഈ ഞായറാഴ്ച പതിപ്പിലൊക്കെ ആൾ ദൈവം ഉപദേശം നല്കില്ലേ? ഞായറാഴ്ച പതിപ്പിൽ വലിയ ഉപദേശമാണ്, എല്ലാവരും തമ്മിൽ സ്നേഹിക്കണം, സ്നേഹരാഹിത്യമാണ് ഈ ലോകത്തിന്റെ തകരാറ്. സത്സാസിനെ തല്ലിക്കൊന്നപ്പോൾ പറഞ്ഞാ മതിയായിരുന്നു, എല്ലാവരെയും സ്നേഹിക്കണമെന്ന്. ഒരു പ്രശ്നവുമുണ്ടാവില്ല, അപ്പോൾ അയാളെ തല്ലിക്കൊന്നു. അതു കഴിഞ്ഞിട്ട് ഞായറാഴ്ചപ്പതിൽ നാട്ടുകാർക്ക് സൗജന്യ ഉപദേശമാണ്. സ്നേഹം വേണം, അതിനാർക്കാ തകരാറ്? അതുകൊണ്ട് കമൽ ഹാസൻ പറഞ്ഞ കൗതുകമുള്ള കാര്യമെന്താന്നു വെച്ചാൽ, ബാബറു വിദേശ ആക്രമിയാണെന്നു നിങ്ങൾ പറയുന്നു. ബാബറി മസ്ജിദ് പൊളിച്ച ഘട്ടത്തിൽ പറഞ്ഞതാണു കേട്ടോ. അദ്ദേഹം പറഞ്ഞു ബാബറുവന്ന അതേ വഴിയിലൂടെ തന്നെയാണ് ആയിരിത്തിയഞ്ഞൂറ് കൊല്ലം മുമ്പ്, രണ്ടായിരം കൊല്ലം മുമ്പ് ആര്യന്മാരും വന്നത്. അതേ വഴി, അതേ ഹിന്ദുക്കുഷ്പർവ്വതങ്ങൾ താണ്ടി അഫ്ഗാൻ സമതലങ്ങളിലൂടെ ഇൻഡ്സ് വാലിയുടെ തീരങ്ങളിൽ എത്തി ഗംഗാതടങ്ങളിലേക്ക് കടന്ന്, ഗംഗാതടങ്ങളിൽ കൃഷി ചെയ്ത്, വിജ്ഞാനമുണ്ടാക്കി, വേദമെഴുതി, ഉപനിഷത്തുണ്ടാക്കിയ അതേ വഴിയിലൂടൊണ് പിന്നീട് രണ്ടായിരം കൊല്ലം കഴിഞ്ഞപ്പോൾ ബാബർ വന്നു. ആദ്യം വന്നവർ കേമന്മാർ, രണ്ടാമത് വന്നവർ അക്രമികൾ എന്നു പറയരുത്. വന്നതാണ് പ്രശ്നമെങ്കിൽ, എല്ലാവരും വന്നവരാണ്.

നോക്കൂ, മനുഷ്യരെ സംബന്ധിച്ച്, ഇന്ത്യുടെ ചരിത്രമെടുത്താൽ കുടിയേറ്റങ്ങളുടെ കഥയേയുള്ളു ഈ രാജ്യത്ത്. അല്ലൊ തദ്ദേശിയരായി ഇവിടെ ജനിച്ച് ഇവിടെ തന്നെ വളർന്ന് ജീവിച്ച ആരും തന്നെ ഇവിടെയില്ല. പല കാലങ്ങളിൽ വന്നു ചേർന്നവർ ഏറ്റവും ആദ്യം ഇൻഡസ് വാലിയിലെ ജനതപോലും മധ്യേഷ്യയിൽ നിന്ന് ബി.സി. ആറായിരത്തിലോ മറ്റോ ചേർന്നൊരു കാലയളവിൽ ഇന്ത്യയിലേക്ക് കുടിയേറിയവരാണ്. അതിന്റെ തുടർച്ചയാണ് ഇൻഡസ് വാലിയുടെ സ്ഥാപകർ എന്നാണിപ്പോൾ പൊതുവെ കണക്കാക്കപ്പെടുന്നത്. മലയാളിയായിട്ടുള്ള ടോമി ജോസഫ് എഴുതിയ ഏർലി ഇൻഡ്യൻസ് എന്ന ഗ്രന്ഥത്തിൽ വിശദമായിട്ടദ്ദേഹം അതിനെക്കുറിച്ച് പറയുന്നുണ്ട്. ഇൻഡസ് വാലിയുടെ സംസ്ഥാപകർ, ആര്യന്മാർ വരുന്നു. അവർ വൈദിക സംസ്കാരമുണ്ടാക്കുന്നു. പിന്നെയെത്രയോ പേർ, ശാകന്മാർ, കശാനന്മാർ, ഇൻഡോ പാർത്തിയന്മാർ, പാത്രിയൻ ഗ്രീസുകാർ, അറബികൾ, പേർഷ്യക്കാർ ഇവരൊക്കെ വരുന്നു. ഇവരൊക്കെ ഇന്ത്യൻ നാഗരികതയുടെ പലമാതിരി ജീവിതക്രമങ്ങൾ

പടുക്കുന്നവായി മാറി. ഇതെല്ലാം പങ്കുവച്ചിട്ടാണ് നമ്മൾ ഒരു നാഗരികത ഉണ്ടാക്കിയത്. കേരളീയരുടെ ഭക്ഷണ ശീലത്തിലേക്ക് നോക്കിയാൽ കേരളീയർ കഴിക്കാനോ ശ്രയിച്ചഭക്ഷണ വസ്തുക്കളിൽ നമ്മുടെ രുചി കൂട്ടുകളിൽ മഹാഭൂരിപക്ഷവും പലയിടങ്ങളിൽ നിന്നു വന്നതാണ്. അറബികൾ കൊണ്ടുവന്നത്, പോർച്ചുഗീസുകാർ കൊണ്ടുവന്നത്. ചൈനക്കാർ കൊണ്ടുവന്നത്, തമിഴ്നാട്ടിൽ നിന്ന് ഇവിടേക്ക് കടന്നുവന്നത്. ഇതെല്ലാം മാറ്റിവെച്ചാൽ മലയാളിക്ക് എന്ത് കഴിക്കാനുണ്ടാവും? മിക്കവാറും ഒന്നും ഉണ്ടാവില്ല. ഈ കൊണ്ടാടുന്ന കേരളീയ സംസ്കാരം എന്നൊക്കെ പറയുന്നത് ഇങ്ങനെയുണ്ടായതാണ്. ഏത് സമൂഹത്തിന്റെ സംസ്കാരവും ഇങ്ങനെയാണ് ഉണ്ടാവുന്നത്.

കേസരി ബാലകൃഷ്ണപിള്ളയെക്കുറിച്ചെഴുതുമ്പോൾ വിജയൻ മാഷ് പണ്ടെഴുതിയ, കേസരിയുടെ ചരിത്ര സങ്കല്പങ്ങളെക്കുറിച്ചെഴുതുമ്പോള് വിജയൻ മാഷ് എഴുതുന്ന മനോഹരമായ ഒരു വാക്യമുണ്ട്. ഐതീഹ്യങ്ങളുടെ തോണിയിൽ കയറി സഞ്ചരിച്ചാൽ അത് നിങ്ങളുടെ കടവിൽ അടുക്കുന്നതിനു മുമ്പ് എത്രയോ കടവുകളിൽ അടുത്തിരുന്നു, എ്ന്നും കാണാം. നിങ്ങളുടെ കടവിലേക്കു മാത്രമായി ഒരു തോണിയും പുറപ്പെട്ടിട്ടില്ല; നിങ്ങളുടെ കടവിൽ മാത്രമായിച്ട് വന്നിട്ടുമില്ല, അതാണ് ചരിത്രം അത് പല കടവുകളിൽ അടുത്തു. പലരും അവിടെയിറങ്ങി. അവിടെ നിന്നും പലരും കേറി, നിങ്ങളുടെ കടവിലും വന്നു.

ഇവിടെയും ചിലരിറങ്ങി, അവിടെ ന്നും ചിലർ കേറിപ്പോയി ഇങ്ങനെ ഒരു പോക്കിന്റെ പേരാണ് സംസ്കാരം എന്നത്. അത് ഒരു സ്ഥിര മൂല്യമല്ല. അതൊരു പ്രക്രിയയാണ്. പിന്നായെ വിജയൻ മാഷ് എഴുതുന്നത്, അമ്പിളി നമ്മുടെ വാനത്തുദിച്ചു എന്നു കരുതാൻ എല്ലാവർക്കും അവകാശമുണ്ട്. എപ്പോൾ വരെയാണെന്നു ചോദിച്ചാൽ, അപ്പുറത്തെ പറമ്പിൽ പോയി നോക്കുന്നതു വരെയാണ്. അവിടെ ചെന്നു നോക്കിയാൽ അവിടെയും ഉദിച്ചിട്ടുണ്ടാവും. നോക്കാതിരിക്കുന്നതിന്റെ പേരാണ്, രാജ്യസ്നേഹം. അപ്പോൾ നിങ്ങളെന്തോ കേമന്മാരാണെന്ന തെറ്റിദ്ധാരണയുണ്ടാവും. ബർണാഡ് ഷാ രാജ്യ സ്നേഹത്തെക്കുറിച്ചു പറഞ്ഞിതു പോലെയാണ്, നിങ്ങളൊരു പ്രത്യേക പ്രദേശത്തു ജനിച്ചതുകൊണ്ട് മറ്റൊരു പ്രദേശത്തിനും ഇല്ലാത്ത എന്തൊക്കെയോ വിശേഷപ്പെട്ട മഹിമകൾ നിങ്ങളുടെ പ്രദേശത്തിനുണ്ട് എന്നുള്ള നിങ്ങളുടെ തെറ്റിദ്ധാരണയുടെ പേരാണ്, രാജ്യസ്നേഹം. ചരിത്രബോധമുള്ളവർക്കൊന്നും രാജ്യസ്നേഹം എന്നതിനെ ഒരതിർത്തിക്കപ്പുറമൊന്നും കൊണ്ടുപോകാൻ കഴിയില്ല. ■





പി.യു. കോര

ഇപ്പോൾ മീനങ്ങാടി ഏരിയയിലെ കൃഷ്ണഗിരി ലോക്കൽ കമ്മിറ്റിയിൽപ്പെട്ട കൃഷ്ണഗിരി ബ്രാഞ്ച് സെക്രട്ടറി.

സ. വർഗ്ഗീസ് വൈദ്യർ ആദ്യകാലത്ത് കൃഷ്ണഗിരിയിൽ നിന്നും മീനങ്ങാടിയിലേക്ക് നടന്നു പോകും. എല്ലാവരുമായും സംസാരിച്ചും സൗഹൃദം പങ്കുവെച്ചുമാണ് വൈദ്യർ പോവുക. ഇത് വൈദ്യരോട് മനസ്സിൽ ആദരം സൃഷ്ടിച്ചു. വൈദ്യരുടെ സഹോദരൻ ജോസഫ് ചേട്ടന് മീനങ്ങാടി ടൗണിൽ കടയുണ്ടായിരുന്നു. അവിടെ സ്ഥിരമായി പോകും. ദേശാഭിമാനി പത്രം വായിക്കും. ജോസഫേട്ടൻ പാർട്ടിയുടെ കാര്യങ്ങളെല്ലാം സംസാരിക്കും. സഖാക്കൾ ജോസഫേട്ടനും, ഉണ്ണീൻകുട്ടിയുമാണ് പാർട്ടിയോട് കൂടുതൽ അടുപ്പിച്ചത്. സഖാക്കൾ വർഗ്ഗീസ് വൈദ്യരുടെയും എസ്.എ. മജീദിന്റെയും നേതൃത്വവും പ്രേരണയും സഖാക്കൾ എ. ഗോപാലൻ ചൂതുപാറയിലെ ടി.കെ. കുമാരൻ എന്നിവരുടെ പ്രവർത്തനവും പാർട്ടിയോട് ആഭിമുഖ്യം വർദ്ധിപ്പിച്ചു. 1978-ൽ അഴീക്കോടന്റെ കൊലപാതകത്തിൽ പ്രതിഷേധിച്ച് മീനങ്ങാടിയിൽ വൻപ്രതിഷേധം നടന്നു. ആ പ്രതിഷേധത്തിൽ പങ്കെടുത്തത് പാർട്ടിയോട് കൂടുതൽ അടുപ്പം ഉണ്ടാക്കി. 1978 ലാണ് പാർട്ടി മെമ്പർഷിപ്പിൽ വന്നത്. 1978-79 ൽ പാർട്ടി സംസ്ഥാന കമ്മിറ്റി ഓഫീസി (AKG സെന്റർ) നു വേണ്ടി പണപ്പിരിപ്പ് നടത്തി. 5 രൂപ കൂപ്പൺ പിരിവിന് നടന്നു. AKG യുടെ പേരിലായതിനാൽ ചോദിച്ചവരെല്ലാം ഫണ്ട് തന്നു. AKG യുടെ പേരു കേട്ടാൽ ആളുകൾക്ക് വലിയ മതിപ്പും ആദരവുമായിരുന്നു. ചീങ്ങേരി ഭൂസമരം കുമ്പളേരി ഭാഗത്തും, മീനങ്ങാടിയിലും AKG ഇടക്കിടെ വരും. ഭൂ സമരത്തിന് നേതൃത്വം നൽകി. മീനങ്ങാടി യിലെ മൊയ്തുക്കയുടെ കളത്തിലാണ് AKG ക്യാമ്പ് ചെയ്യുക. A.C. അച്ചുതൻനായരും ചന്തുക്കുട്ടി നായരും പ്രധാന സംഘാടകരായിരുന്നു.

ബത്തേരി കേന്ദ്രീകരിച്ച് സഖാക്കൾ ടി.എസ്. രാധാകൃഷ്ണൻ, പികെ. മാധവേട്ടൻ, എൻ.എ. നാരായണൻ തുടങ്ങിയവർ നേതൃത്വം നൽകി നടന്ന കർഷകസമം. 51 ദിവസം നീണ്ടുനിന്ന സമരം ഏറെക്കുറെ ദിവസങ്ങളിൽ ബത്തേരി പോയി സമരത്തിൽ പങ്കെടുത്തു.

ബത്തേരി താലൂക്ക് ഓഫീസിനു മുൻപിൽ 2 ആഴ്ച നീണ്ടുനിന്ന സമരത്തിന്റെ സമരസിതി പ്രസിഡണ്ട് പന്തളം പരമേശ്വരനും സെക്രട്ടറി ഞാനുമായിരുന്നു.. പ്രസ്തുത സമരത്തിന്റെ വിജയത്തിനായി പ്രവർത്തിച്ചതും സമരത്തിന് തന്റെ പ്രദേശത്തു നിന്നും പരമാവധി സമരസഖാക്കളെ പങ്കെടുപ്പി ക്കാനും പ്രവർത്തിച്ചു.

1990 ഓടെ മീനങ്ങാടി ലോക്കൽ കമ്മിറ്റിയിലും ലോക്കൽ സെക്രട്ടറിയായും പ്രവർത്തിച്ചു. തോട്ടാമൂലയിൽ വെച്ചു നടന്ന പാർട്ടി ഏരിയാ സമ്മേളനത്തിൽ പാർട്ടി ഏരിയാകമ്മിറഅറി അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. മീനങ്ങാടിയിൽ വെച്ചു ചേർന്ന ഏരിയാ സമ്മേളനത്തിൽ ഏരിയാ കമ്മിറ്റിയിൽ നിന്നും ഒഴിവായി. മീനങ്ങാടി ലോക്കൽ വിഭജിച്ച് കൃഷ്ണഗിരി ലോക്കൽ കമ്മിറ്റി നിലവിൽ വന്നപ്പോൾ കൃഷ്ണഗിരി ലോക്കൽ സെക്രട്ടറിയായും പ്രവർത്തിച്ചു. ഇപ്പോൾ കൃഷ്ണഗിരി ബ്രാഞ്ച് സെക്രട്ടറിയായി പ്രവർത്തിക്കുന്നു.

മീനങ്ങാടിയിൽ പാർട്ടിക്ക് ക്രമാനുഗത വളർച്ച ഉണ്ടായതായി കാണുന്നില്ല. തോട്ടം മേഖല തകർന്നതും കാർഷിക വിലയിടിവും ഇതിന് ഒരു കാരണമായത്. തോട്ടം മേഖല ഒരു സംഘടിത മേഖലയായിരുന്നു. കാർഷികരംഗത്തെ പ്രശ്നങ്ങൾ കാരണം തൊഴിലാളികൾ പലവഴിക്കും പോയി. താഴെത്തട്ടുവരെ രാഷ്ട്രീയവൽക്കരണം നടക്കാതിരുന്നതും ഇതിന് കാരണമായിട്ടുണ്ട്. മാസം 3 തവണ ബ്രാഞ്ചുകൾ ചേരണമെന്നതും ത്രൈമാസിക യോഗം ചേർന്ന് രാഷ്ട്രീയ കാര്യങ്ങൾ വിലയിരുത്തണമെന്നതും പൂർണ്ണമായി നടപ്പിലായില്ല. പാർട്ടി മെമ്പർഷിപ്പിലെ റിക്രൂട്ട്മെന്റിലും പോരായ്മ ഉണ്ട്. മീനങ്ങാടിയിലെ പാർട്ടി 2 ലോക്കലുകളായി പ്രവർത്തിക്കാൻ തുടങ്ങിയതു മുതൽ പാർട്ടി വീണ്ടും മുന്നേറാൻ തുടങ്ങിയിട്ടുണ്ട്. 253 പാർട്ടി അംഗങ്ങൾ കൃഷ്ണഗിരി ലോക്കലിൽ ഇപ്പോഴുണ്ട്. പാർട്ടി പ്രവർത്തനങ്ങളിൽ ഇപ്പോൾ ഊർജ്ജസ്വലത കാണുന്നുണ്ട്. ആദ്യകാലങ്ങളിൽ പ്രവർത്തകർക്ക് നേതൃത്വത്തോടുണ്ടായ സ്നേഹവും ആദരവും പരസ്പര സ്നേഹവും തിരികെ കൊണ്ടുവരേണ്ടതായിട്ടുണ്ട്.

പാർട്ടി വളർന്നഘട്ടത്തിൽ സ. വർഗ്ഗീസ് വൈദ്യർ സെക്രട്ടറിയായുള്ള താലൂക്ക് കമ്മിറ്റി പ്രവർത്തിച്ചിരുന്നു. ഏറെ വൈകാതെ ഏരിയ കമ്മിറ്റികൾ നിലവിൽ വരികയും സ. സി. ഭാസ്കരൻ സെക്രട്ടറിയായുള്ള ബത്തേരി ഏരിയാ കമ്മിറ്റി നിലവിൽ വരികയും ചെയ്തു.

സംസ്ഥാനതലത്തിൽ ശുദ്ധജല വിതരണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാത്ത ഘട്ടത്തിൽ മീനങ്ങാടി പഞ്ചായത്ത് പ്രസിഡണ്ടായിരിക്കെ സ. വർഗ്ഗീസ് വൈദ്യർ അമ്പലപ്പടിക്ക് സമീപം മധുകൊല്ലി തോട്ടിൽ കിണറുകുഴിച്ച് മധുകൊല്ലി കുന്നിലേക്കും കച്ചേരികുന്നിലേക്കും കുടിവെള്ളമെത്തിക്കാനുള്ള പദ്ധതി നടപ്പിലാക്കി. ഇത്തരത്തിൽ ദീർഘവീക്ഷണത്തോടെ നടപ്പാക്കിയ പദ്ധതികൾ പിന്നീട് സംസ്ഥാനത്താകെ നടപ്പിലാക്കി. ധാരാളം ജനങ്ങളെ പാർട്ടിയോടൊപ്പം ചേരാൻ ഇത്തരം പദ്ധതികൾക്കൊണ്ട് സാധിച്ചിട്ടുണ്ട്.

അറുപതുകളോടെ ആരംഭിച്ച ചീങ്ങേരി പട്ടയ സമരവും കുടിയൊഴിപ്പിക്കലിനെതിരെയുള്ള സമരവും ധാരാളം പേരെ പാർട്ടിയിലേക്കെത്തിക്കുകയുണ്ടായി. എന്നാൽ പട്ടയം ലഭിച്ച് ഭൂമി കൈവശത്തിലായതിൽപ്പിന്നെ പലരും പാർട്ടിയിൽനിന്നു വിട്ടുപോയതായും ഓർക്കുന്നു. നേതൃത്വത്തിന്റെ ഇടപെടലിന്റെ അഭാവത്തിൽ താഴെത്തട്ടിൽ നിർജ്ജീവത ഉടലെടുത്തതിൽ ചിലഘട്ടങ്ങളിൽ മനപ്രയാസം സൃഷ്ടിച്ചിട്ടുണ്ട്.

ഇന്ത്യയിൽ ഇന്ന് ഈ പ്രസ്ഥാനത്തിനല്ലാതെ മറ്റൊരു പ്രസ്ഥാനത്തിനും ഇന്ത്യയിലെ സാമൂഹ്യസാമ്പത്തിക നിലപാടുകളിൽ ഇടപെടാൻ കഴിയില്ല എന്ന് ഉറച്ച് വിശ്വസിക്കുന്നു.

# വയനാട് ഗുഡ്സ് ക്യാരേജ് ഓണേഴ്സ് ആന്റ് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നം. W351

മീനങ്ങാടി പി.ഒ., വയനാട്

വയനാട് ജില്ലയിലെ ഗുഡ്സ് ക്യാര്യേജ്
തൊഴിലാളികളുടെയും നിർമ്മാണ കരാർ
തൊഴിലാളികളുടെയും ലേബർ കോൺട്രാക്ട് സഹകണ സംഘം

പി.ഡബ്ല്യു.ഡി., ഇറിഗേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
മറ്റു സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ
എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നു.

റേഷൻ വിതരണ ട്രാസ്പോർട്ടേഷൻ കരാർ
പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നു.

സ്ഥിരനിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ

വിവിധ ഗ്രൂപ്പ് ഡെപ്പോസിറ്റുകളിൽ ചേരുന്നതിനുള്ള സൗകര്യം.

പ്രസിഡണ്ട്
ഷാജി പി.എസ്.
9847868747

സെക്രട്ടറി
ബേസിൽ വർഗ്ഗീസ്
9496138214

അനുഭവക്കുറിപ്പ്

# തീർച്ചയായും



ഭാസ്കരൻ ബത്തേരി

അന്ന് അവിടെ മുഴുവൻ ചുവപ്പായിരുന്നു. ചെങ്കൊടികൾ പുതച്ച വഴിയോരങ്ങൾ. ഇവിടെ,, ഈ കേരളത്തിന്റെ മുക്കും, മൂലയും ബംഗാളികൾ കീഴടക്കും മുമ്പ് .എന്നിലെ കൗമാര ദിനങ്ങളെ പട്ടാളത്തിലേക്ക് പറിച്ച് നടപ്പെട്ട ഇടം.കൽക്കത്തയിൽ നിന്നും റോഡ് മാർഗ്ഗം 4 മണിക്കൂറെടുക്കും ഹൽദിയ യിൽ എത്താൻ.നാഗരിക ബഹളങ്ങളിൽ നിന്നും വിട്ട് തികച്ചും ഒരു ഗ്രാമം, മുക്കുവ കുടിലുകൾ മാത്രമായിരുന്നു അവിടെ.

വർഷങ്ങളുടെ ഇടവേളകൾക്കു ശേഷം ഞാനാവഴികളിലൂടെ വീണ്ടും നടന്നു.ഗ്രാമം മാറി,ടൗൺഷിപ്പിന്റെ 'മോടിയിലേക്ക് രൂപംമാറി. ഗ്രാമം ചുവപ്പിൽ നിന്നും മാറി, കാവിയും, തൃണമൂൽ കളറും ഇട ചാർത്തി നിൽക്കുന്നു .ഞാൻ തേടിയത് സുബോഷ് മുഖർജിയെയാണ്,, എന്നിലെ കമ്യൂണിസ്റ്റ് കാരനെ ചേർത്ത് പിടിച്ച ആ ചായ കടക്കാരൻ. ജ്യോതിബസുവിന്റെ, എ, കെ, ജി യുടെ, ഇ .എം.എസ്സിന്റെ കടുത്ത ആരാധകൻ. ചുവന്ന കൊടിക്കപ്പുറം ഒന്നും പിടിക്കില്ലെന്ന് വാശി സൂക്ഷിച്ച ആൾ.

സുബോഷ് ദായുടെ ചായ കടക്ക് വലിയ മാറ്റമില്ല, ഇന്നും.ഓർമ്മകളിൽ നിന്നും എന്നെ ചികഞ്ഞെടുക്കാൻ നന്നേ പാടുപെട്ടു അദ്ദേഹം.

ദീദിയുടെ ഗുണ്ടകളുടെ വിളയാട്ടമാണിവിടെഅവസരവാദികൾ അവിടെ നിന്നും ചാടി കാവി പുതച്ചിരിക്കുന്നു. ഇവനൊക്കെ നിവർന്നു നിൽക്കാൻ പ്രാപ്തനാക്കിയത് ചെങ്കൊടിയാണന്ന് അത് മറന്നു പോയി.

മൺഗ്ലാസ്സിൽ പകർന്ന ചൂട് മസാല ചായ നൽകി കൊണ്ട് എന്നോട്  ചോദിച്ചു,

'നിങ്ങൾക്കെങ്ങനെ കഴിയുന്നു,,?'

ഞാൻ പറഞ്ഞു അതിൽ മാന്ത്രികത്വമൊന്നുമില്ല ദാദാ,,, 'ഞങ്ങളുടെ സഖാക്കൾ ഇപ്പോഴും ജനങ്ങൾക്കിടയിലാണ്,

അയാൾ കുറ്റബോധത്തോടെ താഴേക്ക് നോക്കിയിട്ട് പറഞ്ഞു

'അതിൽ തെറ്റുപറ്റി ഇവിടെ, അഹങ്കാരികളായി, അതിന്റെ ഫലമാണ് ഈ കാണുന്നത്. '

പിന്നെ ആ മുഖത്ത് ഒരു വെളിച്ചം പടർന്നു.

വരും, തിരിച്ചു വരും, ഈ ചെങ്കൊടി വീണ്ടും തിരിച്ച് വരും,..'

ആ മുഖത്തെ പ്രതീക്ഷ എനിക്ക് വലിയ സന്തോഷം നൽകി.

'ആബേ, ഷരൂർ, ആബേ '

(വരും, തീർച്ചയായും വരും,,)

അയാൾ ആ ചെങ്കൊടി ഒന്നുകൂടി ചേർത്ത് പിടിച്ചു.

SM SOFT

26th ANNIVERSARY

SmSoft Computers
Since : 1998

വയനാട്ടിലെ ഡിജിറ്റൽ
# വിസ്മയലോകം

വയനാടിന്റെ മുഖച്ഛായ മാറ്റിക്കൊണ്ട് കേരളത്തിലെ ഏറ്റവും വലിയ ഐ ടി മാൾ സുൽത്താൻ ബത്തേരിയിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്നു. മികച്ച ലാപ്ടോപ്പ്, ഡെസ്ക്ടോപ്പ്, പ്രിന്റർ, CCTV ക്യാമറ സെയിൽസ് & സർവ്വീസുകളുമായാണ് SMSOFT IT MALL തുടക്കം കുറിച്ചിരിക്കുന്നത്.




CALL NOW 9447 004 343

SM TOWER, OPP. FEDERAL BANK, MINI BYPASS ROAD, SULTHAN BATHERY

HP WORLD +91 9778 42 17 66 | Lenovo STORE +91 9778 42 17 58 | DELL EXCLUSIVE STORE +91 6282 97 20 70

അനുഭവക്കുറിപ്പ്

# ഇല്ല, വറ്റുന്നില്ല, നൻമയുടെ നദി





ഹാരിസ് നെന്മേനി

കാവേരിയിലെ വെള്ളത്തിന് തീപിടിച്ച, ചിലയിടത്തെല്ലാം അത് ചോരവീണ് കലങ്ങിയ ദിവസങ്ങളായിരുന്നു അത്. കാവേരിയൊഴുകുന്ന കർണ്ണാടകയിലെ പലയിടത്തും തമിഴ്നാട്ടുകാരും മലയാളികളും ആക്രമിക്കപ്പെടുന്നു. തമിഴ്നാടിന്റെ ഭാഗങ്ങളിൽ കർണ്ണാടകക്കാരും അവരുടെ വസ്തുവകകളും കയ്യേറ്റം ചെയ്യപ്പെടുന്നു. എല്ലാം വെള്ളത്തിന്റെ പേരിൽ. കൂടുതൽ കൃത്യമായിപ്പറഞ്ഞാൽ കാവേരിയിലെ വെള്ളത്തിന്റെ പേരിൽ.

ചരിത്രമേറെയുള്ള നദിയുടെ വൃഷ്ടി - വൃദ്ധിപ്രദേശങ്ങളിലൂടെ ഒരു യാത്ര നടത്തിയാലോ? നിർദ്ദേശം വച്ചത് ആയിടെ മാത്രം പുത്തനൊരു വാഹനം സ്വന്തമാക്കിയ ഒരു സഹപ്രവർത്തകനാണ് വാഹനവും അത് പായിക്കാൻ സാരഥിയും. പിന്നെന്ത് തടസ്സം! യാത്രയ്ക്കുള്ള ഒരു കൂട്ടം തയ്യാർ.

ഞായറാഴ്ച. കർണ്ണാടകവും തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന കേരളത്തിലെ ഏക ഇടമായ, കാവേരിയുടെ മുഖ്യ കൈവഴിയായ കബനി ഒഴുകുന്ന സുൽത്താൻബത്തേരി താലൂക്കിന്റെ ഭാഗങ്ങളിലൂടെ ആദ്യം. പിന്നെ മൂലഫൊള്ള ചെക് പോസ്റ്റ് കടന്ന് കർണ്ണാടകയിൽ. കൃത്യമായ യാത്രാ പദ്ധതികളോ ലക്ഷ്യസ്ഥാനമോ ഇല്ലാത്ത അലച്ചിൽ.

അൽപ്പമകലെ മാണ്യയിൽ തമിഴ്നാടിന്റെയും കേരളത്തിന്റേയും രജിസ്ട്രേഷനുള്ള വാഹനങ്ങൾക്ക് നേരെ ഇന്നലെയും അക്രമം നടന്നിട്ടുണ്ട് ഗടഞഠഇ സർവ്വീസ് നിർത്തി വച്ചിരിക്കയാണ്. യാത്ര തുടങ്ങും മുമ്പേ പത്രത്തിൽ വായിച്ച കാര്യം വണ്ടിയോടിച്ചിരുന്ന മോഹനേട്ടൻ പങ്കു വെച്ചു. ഏതായാലും യാത്ര സാഹസിക യാത്രയാക്കി മാറ്റേണ്ടതില്ല എന്ന നിശ്ചയത്തിൽ ഞങ്ങൾ ഗമനത്തിന്റെ ഗതി മാറ്റി. ഗുണ്ടൽപേട്ടയ്ക്ക് മുമ്പേ വലത്തോട്ട് തിരിഞ്ഞ് ഗ്രാമങ്ങളിലൂടെയായി പിന്നെ യാത്ര.

ജലം നല്ലയൽ ക്കാർക്കിടയിൽ അകൽച്ചയുടെ മഞ്ഞുമല തീർത്തതൊന്നും ഗ്രാമങ്ങളിൽ അറിഞ്ഞ മട്ടില്ല. അവിടെ എല്ലാം പതിവിൻപടി. കൃഷിപ്പണികളിലും വീട്ടുജോലികളിലും ഏർപ്പെട്ടിരിക്കുന്ന ഗ്രാമീണർ, റോഡും മേടും ഒരുപോലെയാക്കി കളിച്ച് തിമർക്കുന്ന കുട്ടികൾ. എവിടേയും അലയുന്ന കാലികൾ.

1980 കളിലും 1990 കളിലും കാവേരി നദീജലതർക്കം രൂക്ഷമായതിന്റെ പേരിൽ തമിഴ്നാട് - കർണ്ണാടക സംസ്ഥാനങ്ങളിലും കലാപമുണ്ടായതിന്റെ ഓർമയാത്രാ കൂട്ടത്തിലെ വിജയേട്ടൻ വാഹനത്തിലിരുന്ന് പങ്കുവച്ചു.

കൂടുതൽ രൂക്ഷവും നീണ്ടു നിന്നതുമായിരുന്നു ആ സംഘർഷകാലം. മനുഷ്യരും സ്വത്തുവകകളും വീടുകളുമൊക്കെ വ്യാപകമായി ആക്രമിക്കപ്പെട്ടു.

അന്ന് സ്കൂൾ വിദ്യാർത്ഥിയായിരുന്ന ഞാനുമോർക്കുന്നു, ആടുകളെയും കാലികളേയും തെളിച്ച് കർണ്ണാടകയിൽ നിന്ന് കേരളത്തിലൂടെ തമിഴ്ഭാഗങ്ങളിലേക്ക്യാത്ര ചെയ്തിരുന്ന മനുഷ്യരെ.

ടെയായി പിന്നെ യാത്ര.

ജലം നല്ലയൽ ക്കാർക്കിടയിൽ അകൽച്ചയുടെ മഞ്ഞുമല തീർത്തതൊന്നും ഗ്രാമങ്ങളിൽ അറിഞ്ഞ മട്ടില്ല. അവിടെ എല്ലാം പതിവിൻപടി. കൃഷിപ്പണികളിലും വീട്ടുജോലികളിലും ഏർപ്പെട്ടിരിക്കുന്ന ഗ്രാമീണർ, റോഡും മേടും ഒരുപോലെയാക്കി കളിച്ച് തിമർക്കുന്ന കുട്ടികൾ. എവിടേയും അലയുന്ന കാലികൾ.

1980 കളിലും 1990 കളിലും കാവേരി നദീജലതർക്കം രൂക്ഷമായതിന്റെ പേരിൽ തമിഴ്നാട് - കർണ്ണാടക സംസ്ഥാനങ്ങളിലും കലാപമുണ്ടായതിന്റെ ഓർമയാത്രാ കൂട്ടത്തിലെ വിജയേട്ടൻ വാഹനത്തിലിരുന്ന് പങ്കുവച്ചു.

കൂടുതൽ രൂക്ഷവും നീണ്ടു നിന്നതുമായിരുന്നു ആ സംഘർഷകാലം. മനുഷ്യരും സ്വത്തുവകകളും വീടുകളുമൊക്കെ വ്യാപകമായി ആക്രമിക്കപ്പെട്ടു.

അന്ന് സ്കൂൾ വിദ്യാർത്ഥിയായിരുന്ന ഞാനുമോർക്കുന്നു, ആടുകളെയും കാലികളേയും തെളിച്ച് കർണ്ണാടകയിൽ നിന്ന് കേരളത്തിലൂടെ തമിഴ്ഭാഗങ്ങളിലേക്ക്യാത്ര ചെയ്തിരുന്ന മനുഷ്യരെ.

കർണ്ണാടകയിൽ നിന്ന് തമിഴ് നാട്ടുകാരും തമിഴ്നാട്ടിൽ നിന്ന് കർണ്ണാടകക്കാരും ആ സമയത്ത് പ്രാണരക്ഷാർത്ഥം രക്ഷപ്പെട്ടുപോവുകയായിരുന്നു.

ധാന്യവും ചാണകവും മണക്കുന്ന നാട്ടിൻപുറവഴികളിലൂടെ കുറച്ചേറെ ചുറ്റി ഞങ്ങൾ ഊട്ടി റോഡിൽ ചെന്ന് കയറി. പിന്നേയും കുറച്ചേറെ ഓടി തമിഴ്നാട്ടിലെ മസനഗുഡിയിലെത്തി. അവിടെ നിന്ന് ചെറുവാഹനങ്ങൾക്ക് മാത്രം കടന്ന് പോവാൻ അനുമതിയുള്ള വീതി കുറഞ്ഞ വഴിയുള്ള കല്ലട്ടിച്ചുരം.

36 കൊടുംവളവുകളുള്ള ആ ചുരം ഒട്ടുമുക്കാലും കയറി പിന്നിട്ടു.

അപ്പോഴാണ് ആ സംഭവം.

ഞങ്ങളുടെ വാഹനത്തിന് തൊട്ടുമുമ്പിൽ വച്ചൊരു കാർ അതിവേഗം റോഡിന്റെ വിളുമ്പിൽ നിന്ന് കൊക്കയിലേക്ക് പറക്കുന്നു. ചെടിത്തലപ്പുകൾക്കും മരങ്ങൾക്കും മീതേക്കൂടി താഴോട്ട്.... താഴോട്ട്.

സിനിമയിലും മറ്റും മാത്രം കണ്ടിട്ടുള്ള അപകട, ദുരന്ത രംഗത്തിന്റെ നേർക്കാഴ്ച. ഒന്ന് രണ്ട് നിമിഷങ്ങൾ. മരവിപ്പ് കുടഞ്ഞ് കളഞ്ഞ് ഞങ്ങൾ പുറത്തിറങ്ങി.

റോഡിനോരത്ത് നിന്ന് താഴോട്ട് നോക്കുമ്പോൾ ഒന്നും കാണാമായിരുന്നില്ല. ഭൂമി പിളർന്ന് മാറിയെന്ന വിധം കുത്തനെ കിടക്കുന്ന കൊക്ക. പൊടിയണിഞ്ഞ് നരച്ച കുറ്റിച്ചെടികൾ, മരങ്ങൾ, പാറക്കെട്ടുകൾ.

ചെങ്കുത്തായ ഇറക്കത്തിൽ പരസ്പരം കൈകൊടുത്തും നിരങ്ങിയും ഞങ്ങൾ താഴോട്ട് ഇറങ്ങാൻ തുടങ്ങി.



വയനാടിന്റെ സ്വന്തം റൂഫിംഗ് സൊലൂഷൻ
P.K. METALS & ROOFINGS
Near RTO Office, Ooty Road, Chungam, Sulthan Bathery
Tel : 9020202055, 8111902055, 9995674248
GP Pipe
GI Pipe
Roofing Sheets
TMT Bars
Cement
V Board
MS Angle Channels
AAC Block
Rain Water Gutters
ADITYA BIRLA CEMENT
UltraTech
CEMENT
The Engineer's Choice
50 kg
PK METALS & ROOFINGS

ഹരിയേട്ടൻ മാത്രം വഴിയേ പോവുന്ന വാഹനം തടഞ്ഞ് സഹായം തേടാനായി റോഡിൽ നിന്നു.

താഴേക്ക് പതിച്ച വാഹനം എവിടെയാണ് ചെന്ന് വീണത് എന്ന് കാണാനുണ്ടായിരുന്നില്ല.

ഇനി ആ ദൃശ്യങ്ങൾ യഥാർത്ഥത്തിൽ സംഭവിച്ചതാവില്ല എന്ന് വരുമോ? ഒരു മാത്ര അങ്ങനെയൊരാലോചന പോലും എന്നിലുയർന്നു.

ഞങ്ങളല്ലാതെ ആരും കണ്ടിട്ടില്ലാത്ത, രണ്ട് നിമിഷത്തിനുള്ളിൽ അവസാനിച്ച ആ അപകട ദൃശ്യം പക്ഷേ ഒരു വിഭ്രമക്കാഴ്ചയായിരുന്നില്ല. യാഥാർത്ഥ്യം തന്നെയായിരുന്നു. അതാ താഴെ നിന്ന് ഒരു കുഞ്ഞിന്റെ കരച്ചിൽ. ഏതോ ഖനിയുടെ ആഴങ്ങളിൽ നിന്നെന്ന പോലെ അത് ഞങ്ങളെ തേടി വരുന്നു.

മനസ്സിനെ കടുത്ത കാഴ്ച കാണാൻ പരുവപ്പെടുത്തി ഞങ്ങൾ ആ കരച്ചിൽ തേടിച്ചെന്നു.

ദാരുണമായിരുന്നു രംഗങ്ങൾ.

ഒട്ടു ദൂരം പറന്ന് പതിച്ച ശേഷം പലവട്ടം കീഴ്മേൽ മറിഞ്ഞ് തകർന്ന് തരിപ്പണമായ കാർ. അതിനകത്തും ചുറ്റുഭാഗത്തുമായി ഉടൽ മുറിഞ്ഞ് ചോരയൊലിപ്പിച്ച് അനങ്ങാനാവാതെ വീണ് കിടക്കുന്ന കുറച്ച് മനുഷ്യർ.

കരഞ്ഞ് കൊണ്ടേയിരുന്ന ആ കുട്ടിയെ ആണ് ആദ്യം രക്ഷിച്ചത്. കാറിനൽപ്പമകലെയായി വീണ് കിടക്കുകയായിരുന്നു അവൻ. കാര്യമായ പരിക്കുകളൊന്നും അവന് ഏറ്റിട്ടുണ്ടായിരുന്നില്ല. ചെറിയ മുറിവുകൾ, ഉരഞ്ഞു പൊട്ടലുകൾ മാത്രം.

മുതിർന്നവർ തകർന്ന് തളർന്നിരുന്നപ്പോൾ നിഷ്ക്കളങ്കമായി കരഞ്ഞ ആ കുട്ടിയാണ് ഞങ്ങളെ അവരിലേക്കെത്തിച്ചത്. അതെ ചിലപ്പോഴൊക്കെ കരച്ചിലും....

രണ്ട് കുട്ടികളും രണ്ട് സ്ത്രീകളും മൂന്ന് പുരുഷൻമാരുമാണ് വാഹനത്തിലുണ്ടായിരുന്നത്. ഓരോരുത്തരെയായി മുകളിലേക്കെത്തിക്കാൻ ശ്രമങ്ങൾ ആരംഭിച്ചു.

ഇതിനിടെ മുകളിൽ റോഡിൽ നിന്നിരുന്ന ഹരിയേട്ടൻ കൈ കാണിച്ച് നിർത്തിച്ച രണ്ട് വാഹനങ്ങളിലെ ആളുകളും കൂടി രക്ഷാപ്രവർത്തനത്തിനെത്തി.അത് വലിയ ആശ്വാസമായി.

അക്കൂട്ടത്തിലെ ഒരു ചെറുപ്പക്കാരൻ, അയാളെ ഞാനൊരിക്കലും മറക്കില്ല. കടും വർണ്ണ ട്രൗസറിന് മീതെ കൈലിമുണ്ട് മടക്കിക്കുത്തി മലപ്പുറം നാട്ടുഭാഷയിൽ തുടരെ സംസാരിച്ച് എല്ലാവർക്കും ഊർജ്ജമായി ആ ചെറുപ്പക്കാരൻ. പരിക്കേറ്റ ഒരു സ്ത്രീയെ ഒറ്റയ്ക്ക് ചുമലിലിട്ടാണയാൾ കൊടും കുത്ത് കയറ്റം കയറിയത്.

രക്ഷാപ്രവർത്തനത്തിന് സഹായിച്ച രണ്ടാം കൂട്ടർ തമിഴ് നാട്ടിലെ പളനിമല മുരുകന്റെ ക്ഷേത്രം സന്ദർശിച്ച് മടങ്ങുന്ന ചെറു കൂട്ടം കർണ്ണാടകക്കാരായിരുന്നു.

ജലപ്പേരിൽ നിലനിൽക്കുന്ന കാലുഷ്യമൊന്നും വകവയ്ക്കാതെ അയൽപക്കക്കാരെ ആപത്തിൽ സഹായിക്കാൻ അവരും കൈ മെയ് മറന്നു.

അപകടത്തിൽ പെട്ടവരിൽ ഒരു സ്ത്രീയുടെ നില ഗുരുതര മായിരുന്നു.

തല മുറിഞ്ഞ് പർദ്ദയാകെയും ചോരയിൽ മുങ്ങിക്കിടന്ന ആ സ്ത്രീ 'അള്ളാഹ്.... തണ്ണി' എന്ന് മാത്രം പതിഞ്ഞ ഒച്ചയിൽ പറഞ്ഞ് കൊണ്ടിരുന്നു.

വാഹനത്തിനുൾഭാഗത്ത് രണ്ട് പേർ കുടുങ്ങിക്കിടന്നിരുന്നു. കളി കഴിഞ്ഞുപേക്ഷിച്ച കളിപ്പാട്ടം പോലെ കിടന്നിരുന്ന ആ ഐ ട്വൊന്റി കാറ് കൂടുതൽ താഴേക്ക് പതിക്കാതെ കാത്തത് ഒരു വൻമരത്തിന്റെ വേരുപടലമായിരുന്നു.

വണ്ടിയോടിച്ചിരുന്നയാൾക്കും നല്ല പരിക്കുപറ്റിയിരുന്നു. തുടയെല്ല് പൊട്ടി പുറത്തേക്ക് തള്ളി നിന്നിരുന്ന അയാളെ കാറിന്റെ മേൽ ഭാഗം പൊളിച്ച് പാടുപെട്ടാണ് പുറത്തെടുത്തത്.തമിഴ്നാട്ടിലെ ചിദംബരത്തു നിന്ന് കർണ്ണാടകയിലെ മൈസൂരിലേക്കായിരുന്നു യാത്രയെന്ന് അയാളാണ് പറഞ്ഞത്.

പരിക്കേറ്റ മറ്റൊരു സ്ത്രീ കുഞ്ഞുങ്ങളെപ്പറ്റി മാത്രം വേവലാതിപ്പെട്ടുകൊണ്ടിരുന്നു. രണ്ട് കുട്ടികൾക്കും ഭാഗ്യവശാൽ കാര്യമായി പരിക്കുപറ്റിയിരുന്നില്ല. എല്ലാവരും വെള്ളം മാത്രം ആവശ്യപ്പെട്ട് കൊണ്ടിരുന്നു. പളനിയിൽ പോയി മടങ്ങുന്ന സംഘമാണ് തങ്ങളുടെ വാഹനത്തിൽ നിന്ന് വെള്ളമെടുത്ത് കൊണ്ട് വന്ന് എല്ലാവരുടേയും ചുണ്ട് നനച്ചത്.

കൊട്ടിഘോഷത്തോടെ അധികൃതരും മൊബൈൽ കമ്പനികളും നൽകിയ എമർജൻസി നമ്പറുകളൊന്നും ആ അപകട സന്ധിയിൽ ഞങ്ങളുടെ സഹായത്തിനെത്തിയില്ല. അക്കങ്ങൾ വെറുങ്ങലിച്ച് ഞങ്ങളുടെ കൈവെള്ളകളിലെ ഫോണുകളിൽ ഇരുന്നു. സാങ്കേതിക വിദ്യ തോറ്റു നിന്ന അവസരത്തിൽ സഹജീവിതങ്ങളോട് കരുണയുള്ള കുറച്ച് മനുഷ്യരിലെ തെളിഞ്ഞു നിന്ന നന്മയാണ് ആ സമയത്ത് അനുഗ്രഹമായത്.

കിട്ടിയ വാഹനങ്ങളിലെല്ലാമായി ഒന്നു രണ്ട് പേരെ വീതം ആശുപത്രികളിലേക്ക് എത്തിച്ചു.

ശേഷം യാത്ര പൂർത്തിയാക്കാതെ ഞങ്ങൾ നാട്ടിലേക്ക് മടങ്ങി. തലയ്ക്ക് ഗുരുതരമായി പരിക്കേറ്റിരുന്ന മെഹ്ബൂബ എന്ന ആ സ്ത്രീ മരണപ്പെട്ടു എന്ന പത്രവാർത്ത യാത്രയിൽ കൂട്ടത്തിലുണ്ടായിരുന്ന വർഗ്ഗീസ് ചേട്ടനാണ് വിളിച്ച് പറഞ്ഞത്. അത് ഞങ്ങളെ കൂടുതൽ ദുഃഖത്തിലാഴ്ത്തി. രക്ഷാപ്രവർത്തന ത്തിനുണ്ടായിരുന്ന ഒരു സുഹൃത്തിന് പിന്നീട് തുടർച്ചയായി ഉറക്കം നഷ്ടപ്പെടുകയും ചികിത്സ തേടേണ്ടി വരികയും ചെയ്തു.

ജലത്തിന്റെ, മതങ്ങളുടെ, ഭാഷയുടെ ദേശാതിരുകളുടെ പേരിൽ പരസ്പരം പോർവിളിക്കുന്ന, അന്യരാക്കുന്ന ഇക്കാലത്തും മരണമുഖത്ത് നിന്ന് കൈപിടിച്ചുയർത്തേണ്ടി വരുമ്പോൾ, ദാഹജലം പകരേണ്ടിവരുമ്പോൾ, സകല വൈരങ്ങളും വേർതിരിവുകളും നിസ്സാരമാക്കി മനുഷ്യത്വം ഉയർന്ന് വരുന്നു എന്നത് കലുഷമായ ഈ കാലത്തും ആശ്വാസം നൽകുന്നു. അത് നൽകുന്ന പ്രതീക്ഷ ചെറുതല്ലതാനും.

*(ഹാരിസ് നെന്മേനി യുടെ ലോഗോസ് പ്രസിദ്ധീകരിച്ച യാത്ര, അനുഭവ പുസ്തകമായ 'റിയർവ്യൂ ' ൽ നിന്നും )*

■

## അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

## പുതിയ സാങ്കേതിക മികവോടെ തൊഴിൽ നിങ്ങൾക്കൊപ്പം.

# പഠിക്കൂ... രാജരാജേശ്വര കോളേജിൽ

Follow us on INSTAGRAM

**rajarajeswara_College_bathery**

2 വർഷം പാരാമെഡിക്കൽ ഡിപ്ലോമ കഴിഞ്ഞവർക്ക് 1 വർഷം കൊണ്ട് പാരാമെഡിക്കൽ ഡിഗ്രി നേടാൻ അവസരം

RAJARAJESWARA COLLEGE SULTHAN BATHERY

RCES

**Bvoc MLT**
**Bvoc Dialysis**
**BSc MLT**
**BSc Dialysis**
(3 yrs Degree)
UGC Approved University

ഡിഗ്രിയോടൊപ്പം PSC പരിശീലനം സൗജന്യം

- പാർട് ടൈം ജോലി ചെയ്തു പഠിക്കാൻ സഹായിക്കുന്നു.
- BPL റേഷൻകാർഡ് ഉടമകൾക്ക് ഫീസ് ഇളവ്.
- കുടുംബശ്രീ അംഗത്വം ഉള്ളവർക്ക് ഫീസ് ഇളവ്.
- വിപുലമായ പ്രാക്റ്റിക്കൽ ലാബ്.
- കുറഞ്ഞ ഫീസ്-(മാസതവണകളായി അടക്കാനുള്ള സൗകര്യം)
- STUDY TOUR, ARTS DAY, SPORTS DAY, FRESHERS DAY
- MLT കോഴ്സിനു ഹോസ്പിറ്റലുകളിൽ ട്രയിനിംങ്ങോടുകൂടിയുള്ള പഠനം
- ഹോസ്റ്റൽ സൗകര്യം (Boys & Girls) 1000 Only
- 5 ഏക്കറിൽ വിപുലമായ ക്യാമ്പസ് – Football ground, Badminton court

100% Placement Help

## Diploma Cources

AUTOMOBILE ENGG
MECHANICAL ENGG
CIVIL ENGG
MOBILE TECHNOLOGY
LOGISTICS
IATA- AVIATION
AC MECHANIC
FASHION DESIGNING
ELECTICAL & ELECTRONICS ENGG

## Paramedical Courses

MLT (LAB TECHNICIAN)
DIALYSIS TECHNICAN
GNM (GENERAL NURSING)
ANM (NURSING ASSISTANT)
X-RAY TECHNICAN
E.C.G. TECHNICAN
RADIO DIAGNOSIS TECHNOLOGY
PHARMACY (D PHARM)




Opp. Mini Civil Station, Sulthan Bathery, Wayanad
Ph: 04936 299818
8590009021, 9605309021, 9995699818
9400101314

# കഡുഗണ്ണാവ: ഒരു യാത്രക്കുറിപ്പ്

## എംടി.വാസുദേവൻ നായർ



ലതാ റാം

എംടിയുടെ കഥകളിൽ ജീവിതത്തിന്റെ യാഥാർഥ്യങ്ങൾ തൊട്ടു നിൽക്കുമ്പോൾ തന്നെ, നാടിന്റെ നിറം എല്ലാം വിങ്ങുന്ന ഒരു മനസ്സിനെ പൊള്ളിക്കുന്നുണ്ടാകാം. അതിൽ പ്രകൃതിയും പ്രണയവും സ്നേഹവും എല്ലാം ചുറ്റി വരിഞ്ഞു പരസ്പരം ചേർന്ന് കിടക്കുന്നതായി കാണാം.

'കഡുഗണ്ണാവ: ഒരു യാത്രാക്കുറിപ്പ്' എന്ന കഥ വ്യത്യസ്തമായ ഒരു വഴി സ്വീകരിക്കുന്നു. എംടിയുടെ ചെത്തിമിനുക്കിയെടുത്ത ഭാഷയുടെ കരുത്തും സുഖകരമായ വായനാനുഭവമാണ്.

ശ്രീലങ്കയിലെ ഒരു സ്ഥലമാണ് കഡുഗണ്ണാവ. ശ്രീലങ്കയിലേക്ക് പറക്കുമ്പോൾ പണ്ട് ഹിമാലയൻ മഞ്ഞുമലകളിൽ ഓടിക്കയറിയ ഇരുപത്തിയഞ്ചിന്റെ ഊർജ്ജമില്ല ഇപ്പോഴെന്ന് നല്ല ബോധ്യമുണ്ട്. മനസു സഞ്ചരിക്കുന്ന ഇടത്തേക്ക് ശരീരം സഞ്ചരിക്കാൻ മടി കാണിച്ചു തുടങ്ങിയ പ്രായത്തിൽ താല്പര്യമുണ്ടായിട്ടല്ല, കഡുഗണ്ണാവയോടുള്ള ഇഷ്ടം കഥയിൽ വ്യക്തമായി പറയുന്നുണ്ട്.

'ക്ഷണം വന്നത് ശ്രീലങ്കയിൽ നിന്നായതുകൊണ്ട് അവിടെ എന്നും കാണാനാഗ്രഹിച്ച ഒരു സ്ഥലമുണ്ട്. കഡുഗണ്ണാവ'

ഒരു യാത്രക്കുറിപ്പ് എന്ന രീതിയലാണ് കഥയെ കൊണ്ടു പോകുന്നത് എങ്കിലും, കാത്തിരിക്കുന്ന ആരോടോ എന്തോ പറയാനുള്ള വ്യഥ നിറഞ്ഞു നിൽക്കുന്നു. യാത്രകൾ തുടരുമ്പോൾ ഓർമകളിൽ പച്ചമൂടി വളരെ പെട്ടെന്ന് മാറിപോകുന്ന കാലങ്ങൾ...

വേണുഗോപാലിന്റെ ആകുലത താനവിടെ ഒറ്റപ്പെടുമോ എന്നായിരുന്നു. ക്ഷണിക്കപ്പെട്ട സെമിനാറിന്റെ സംഘാടകരിൽ ആരെങ്കിലും തന്നെ കാത്തിരിക്കുന്നില്ല എങ്കിൽ എന്ന ആശങ്ക വേണുഗോപാലിൽ പിടയ്ക്കുന്നുണ്ടായിരുന്നു. എന്നാൽ ഹോട്ടലിന്റെ റിസപ്ഷനിൽ തന്നെ എയർപോർട്ടിൽ എത്താനാ വാത്തതിൽ ക്ഷമ ചോദിച്ച്, വെൽക്കം ഓതി ആഷ ല്ി ഗുണതിലകെ കാത്തു നില്ക്കുന്നുണ്ടായിരുന്നു.

ഭീതിയുടെ പുക പടർന്ന് ലങ്കയുടെ ആകാശം ഇരുണ്ടു. യുദ്ധഭീതി നിറഞ്ഞ പകലുകളും രാത്രികളും എൽ ടി ടി യുടെ ഭീഷണി നിറഞ്ഞ ലങ്കൻ ദിനങ്ങൾ.

'ഷെല്ലി. പിബി.ഷെല്ലി. ഇംഗ്ലീഷ് കവി.

'ഷെല്ലി. പിബി.ഷെല്ലി. ഇംഗ്ലീഷ് കവി.


യുദ്ധം ഭരണാധികാരികൾക്ക് വിനോദമാണ്, പുരോഹിതർക്ക് ആനന്ദമാണ്, അഭിഭാഷകർക്ക് ഫലിതമാണ്, വാടക കൊലയാളികൾക്ക് വ്യാപാരമാണ്'

ആഷ്‌ലി പറഞ്ഞുകൊണ്ടിരുന്നു.

ആഷ്‌ലിയ്ക്ക് അത്ഭുതം !സെമിനാറിന് കേരളത്തിൽ നിന്നും വരുന്ന വയസ്സൻ പത്രപ്രവർത്തകന് കഡുഗണ്ണാവയുടെ പ്രാധാന്യം മനസിലായില്ല. വഴിയമ്പലം എന്നർത്ഥം വരുന്ന കഡുഗണ്ണാവയിൽ എങ്ങിനെയോ തങ്ങിക്കിടന്ന വേരുകൾ തേടി ഒരു അന്വേഷണം. കഥയിലെ ഈ യാത്രയിൽ ലങ്കയുടെ ചരിത്രത്തെ കൂടി ചേർത്തു പിടിയ്ക്കുന്നു, കഥാകാരൻ.

എംടിയുടെ കഥകൾ വായിക്കുമ്പോൾ ഉണ്ടാകുന്ന അനുഭവം 'കഡുഗണ്ണാവ : ഒരു യാത്രാക്കുറിപ്പ്' എന്ന കഥയിലൂടെ സഞ്ചരിക്കുമ്പോഴും കൃത്യമായി കിട്ടുന്നുണ്ട്.

വായിക്കുന്തോറും നമ്മെ വീണ്ടും വീണ്ടും ചേർത്തു പിടിക്കുന്ന വിദ്യ കഥയിൽ എംടി ഒളിപ്പിച്ചു വെച്ചപോലെ.



കേരള സംസ്ഥാന ഭാഗ്യക്കുറി

വിശ്വസ്തം – സുതാര്യം – ജനകീയം



റ്റി. മുരുകൻ

# മീനാക്ഷി ലോട്ടറീസ്

H.O.കോട്ടയം Agency No:K 5803

കേരള സംസ്ഥാന ഭാഗ്യക്കുറി വില്പനയിൽ
40 വർഷത്തെ സേവന പാരമ്പര്യം

അടുത്ത
കോടീശ്വരൻ
നിങ്ങളാകാം

കേരളത്തിൽ ഏറ്റവും കൂടുതൽ
ഒന്നാം സമ്മാനം
ഞങ്ങളിലൂടെ

Ph: 0481-2563061, 9778998535

തിരുവനന്തപുരം മുതൽ പാലക്കാട് വരെയുള്ള പ്രമുഖ സ്ഥലങ്ങളിൽ വിൽപനകേന്ദ്രങ്ങൾ

20 വയസ്സുവരെ മണ്ണാർക്കാടാണ് ജീവിതം. 15-ാം വയസ്സിൽ പാർട്ടി മെമ്പർഷിപ്പിൽ വന്നു. മണ്ണാർക്കാട് അന്ന് പി. ശങ്കർ, കോമശ്ശേരി കൃഷ്ണൻ എന്നിവരായിരുന്നു പാർട്ടി നേതൃത്വത്തിൽ.

ആയിത്തോച്ചാടന പ്രവർത്തനത്തിൽ ആര്യമ്പാവിൽ അധ. സ്ഥിതരെ പങ്കെടുപ്പിക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പറയജാതിയിൽപ്പെട്ടവർ കൂടുതലായി താമസിച്ചിരുന്ന പ്രദേശത്ത് അമ്പലക്കുളത്തിൽ കുളിക്കാനുള്ള അവകാശത്തിനായി സമരത്തിൽ പങ്കാളിയായി.

20-ാം വയസ്സിലാണ് കൂട്ടുകാരൻ ചാത്തനോടൊപ്പം വയനാട്ടിലേക്ക് വന്നത്. തൊവരിമലയിൽ ബാർബർ ഷാപ്പ് തൊഴിലാളിയായാണ് ജീവിച്ചത്. എന്നാൽ തോട്ടം തൊഴിലാളി മേഖലയിലായിരുന്നു പ്രവർത്തനം. തോട്ടം തൊഴിലാളി സംഘടനയുടെ തൊവരിമല യൂണിറ്റ് സെക്രട്ടറിയായി പ്രവർത്തിച്ചു. ബാർബർ ഷാപ്പിൽ ദേശാഭിമാനി വായന, രാഷ്ട്രീയപ്രവർത്തനം, തോട്ടം തൊഴിലാളിയായി പ്രവർത്തിച്ചിട്ടില്ലെങ്കിലും 1972 മുതൽ തോട്ടം തൊഴിലാളി സംഘടനയിൽ പ്രവർത്തിച്ചു വന്നു. രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭൂരിഭാഗവും തോട്ടം തൊഴിലാളി മേഖലയിലെ പ്രവർത്തനങ്ങളായിരുന്നു.

തൊവരിമലയിൽ വന്നു വിവാഹം കഴിച്ചു. ഭാര്യ തോട്ടം തൊഴിലാളിയായിരുന്നു. 13-ാം വയസ്സിൽ തോട്ടം തൊഴിലാളിയായി. 18-ാം വയസ്സിൽ സ്ഥിരപ്പെടുത്തി 30 കൊല്ലം സ്ഥലം തൊഴിലാളിയായി പ്രവർത്തിച്ചു. തോട്ടം തൊഴിലാളികളുടെ സംഘടനാരംഗത്തും അവർ പ്രവർത്തിച്ചിരുന്നു. 30 കൊല്ലം സ്ഥിരം തൊഴിലാളിയായി പിരിച്ചുവിടുന്നതുവരെ CITU പ്രവർത്തകയായിരുന്നു.

ബത്തേരി പാർട്ടിയുടെ ഒരു സപ്പോർട്ടിങ്ങ് ശക്തിയായാണ് തൊവരിമലയിലെ തോട്ടം മേഖലയിലെ രാഷ്ട്രീയ പ്രവർത്തനം. അടിയന്തരാവസ്ഥകാലത്ത് തൊവരിമലയിൽ നിന്നും ബത്തേരിവരെ ജാഥയായി പോയി. തൊവരിമല അബ്ബാസിന്റെ നേതൃത്വത്തിലായിരുന്നു ജാഥ. കോൺഗ്രസ്സും, ലീഗും പലസ്ഥലത്തും തടസ്സപ്പെടുത്തി. തടസ്സപ്പെടുത്താനുള്ള ശ്രമത്തിൽകല്ലേറുണ്ടായി. കല്ലേറിൽ മുഖത്ത് ഏറുകൊണ്ട് പരിക്കുപറ്റി ചികിത്സയിലായിരിന്നിട്ടുണ്ട്.

തൊവരില അബ്ബാസിന്റെ നേതൃത്വത്തിലുള്ള നാടക പ്രവർത്തനങ്ങളിലും പങ്കെടുത്തു. നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. അക്കാലങ്ങളിൽ നാടകപ്രവർത്തനം പാർട്ടി പ്രവർത്തനത്തിന്റെ ഭാഗമായിരുന്നു.



സ. ബീരാൻ

ബാലസംഘം പ്രവർത്തനങ്ങളും, കലാജാഥകളും തൊവരി മലയിൽ എത്തുമ്പോൾ അതിന്റെ സംഘാടക സമിതിയായും പ്രവർത്തിച്ചിട്ടുണ്ട്.

AKG എരുമാട്, അയ്യംകൊല്ലി ഭൂമി ഒഴിപ്പിക്കൽ സമരത്തിനെത്തിയപ്പോൾ ചെന്ന് സമരത്തിൽ പങ്കെടുത്തു. തുന്നക്കാരൻ അബു, ശ്രീധരൻ, അബ്ബാസ്, റഷീദ് എന്നിവരായിരുന്നു പ്രാദേശികമായി നേതൃനിരയിൽ. സഖാക്കൾ എൻ. വാസുദേവൻ, വർഗ്ഗീസ് വൈദ്യർ, പി.എ. മുഹമ്മദ്, പി. കുഞ്ഞിക്കണ്ണൻ, മൂസാൻകുട്ടി എന്നിവരും നേതൃത്വനിരയിൽ ഉണ്ടായിരുന്നു. ബത്തേരിയിൽ നിന്ന് കെ.ടി. അശോകൻ, എ.റ്റി. അനന്തൻ എന്നിവരും നേതൃനിരയിൽ ഉണ്ടായിരുന്നു.

ദേശാഭിമാനി പത്രത്തിന്റെ സ്ഥിരവരിക്കാരനായിരുന്നു. 40 കൊല്ലമായി വരിക്കാരനാണ്. ബാർബർഷോപ്പാണ് കേന്ദ്രം. അവിടെ ദേശാഭിമാനി ഉറക്കെ വായിച്ചാണ് സഖാക്കളെ ആകർഷിച്ചത്.

കുടുംബസമേതം പാർട്ടിയിൽ പ്രവർത്തിച്ചിരുന്നു. ഭാര്യയും, പെൺമക്കളും. മകളുടെ ഭർത്താവാണ് ഇപ്പോൾ ഇവിടുത്തെ ബ്രാഞ്ച് സെക്രട്ടറി. കുടംബസമേതമുള്ള പാർട്ടി പ്രവർത്തനം അഭിമാനത്തോടെ ഓർക്കുന്നു.

ജനജീവിതം കൂടുതൽ മെച്ചപ്പെടണമെങ്കിൽ ഈ പ്രസ്ഥാനം നിലനിൽക്കണമെന്ന് ഉറച്ചുവിശ്വസിക്കുന്നു.

ജനങ്ങളോടുള്ള ഇടപെടൽ, സമീപനം, ജനങ്ങളുടെ ഇടയിൽ എത്തിച്ചേരൽ എന്നിവയിൽ കാതലായ മാറ്റം വരുത്തണം.

2007 വരെ പാർട്ടി മെമ്പർഷിപ്പിൽ ഉണ്ടായിരുന്നു. അസുഖം കാരണം തുടരാൻ കഴിഞ്ഞില്ല.

ടി.വി.യിൽ രാവിലെ വാർത്ത വെച്ചാൽ പിന്നെ ഉറങ്ങാറാവുമ്പോഴെ ഓഫാക്കു എന്ന് ഭാര്യ പറഞ്ഞുവെച്ചു.

ആശംസകളോടെ....

**കേരള സംസ്ഥാന ഭാഗ്യക്കുറി**

**വിശ്വസ്തം – സുതാര്യം – ജനകീയം**



# ശ്രീ വിനായക ലോട്ടറി ഏജൻസീസ്

പുൽപ്പള്ളി

ബ്രാഞ്ച് : കാട്ടിക്കുളം

ഫോൺ : 9946927989



## സ്മരണകൾ ഇരമ്പുന്നു



സ. അമ്മിണി മത്തായി

അടിയന്തിരാവസ്ഥക്ക് മുൻപേ തോട്ടം തൊഴിലാളിയായി പ്രവർത്തിച്ചു. AITUC യൂണിയനിലായിരുന്നു. യൂണിയൻ സെക്രട്ടറിയായിരുന്നു. ജോലി സ്ഥിരതക്കുവേണ്ടിയും കൂലി കൂടുതലിനുവേണ്ടിയും സമരം ചെയ്തു. രാപകൽ സമരം നടത്തി ഓഫീസ് പ്രവർത്തനം സ്തംഭിപ്പിച്ചു. പാതിരി എസ്റ്റേറ്റിലും അമ്പലവയൽ ഫാമിലും യൂണിയൻ ഉണ്ടാക്കാൻ പ്രവർത്തിച്ചു.

വിവാഹശേഷം കുമ്പളേരിയിലെക്ക് പോയി. കുട്ടി ജനിച്ച്, കുട്ടിയെ വീട്ടിൽ നിർത്തിപോകാൻ കഴിയുന്നതുവരെയുള്ള കാലത്ത് പൊതുപ്രവർത്തനത്തിൽ നിന്നു വിട്ടുനിന്നു. കുമ്പളേരിയിലെ ലീല സഖാവിന്റെ പ്രേരണയിലാണ് പിന്നീട് മഹിളാ അസോസിയേഷൻ പ്രവർത്തനത്തിലൂടെ വീണ്ടും പൊതുരംഗത്തേക്കു വന്നത്. 1982 മുതൽ മഹിളാരംഗത്ത് സജീവമായി.

1992 ൽ പാർട്ടി മെമ്പർഷിപ്പിൽ വന്നു. ചുള്ളിയോട് വെച്ച് നടന്ന പാർട്ടി ഏരിയാ സമ്മേളനത്തിൽ പാർട്ടി ഏരിയാകമ്മിറ്റി അംഗമായി. 2 ടേമിൽ ഏരിയാകമ്മിറ്റി അംഗമായി പ്രവർത്തിച്ചു. കിഡ്നി സംബന്ധമായ അസുഖത്തെ തുടർന്ന് പാർട്ടി ഏരിയാ കമ്മിറ്റിയിൽ നിന്നും ഒഴിവായി. 1992 ൽ കുമ്പളേരിയിലാണ് മെമ്പർഷിപ്പിൽ വന്നത്. ഇപ്പോൾ കുമ്പളേരി ബ്രാഞ്ചിൽ പ്രവർത്തിക്കുന്നു.

DYFI രംഗത്ത് സജീവമായി പ്രവർത്തിച്ചിരുന്നു. ആ കാലഘട്ടത്തിൽ സഖാക്കൾ സി.കെ. ശശീന്ദ്രനും പി. സൈനുദ്ദീനും നയിച്ച വൈത്തിരിയിൽ നിന്നും ബത്തേരിവരെ നടന്ന് കാൽനട ജാഥയിലെ പൂർണ്ണ സമയ അംഗമായിരുന്നു. ആവേശം പകർന്ന ഒരു പ്രവർത്തനമായിരുന്നു അത്. DYFI രംഗത്ത് ഒരു വലിയ മുന്നേറ്റമുണ്ടാക്കാൻ പ്രവർത്തനം കൊണ്ട് കഴിഞ്ഞിരുന്നു.


തദ്ദേഭരണ സംവിധാനത്തിലും പ്രവർത്തിച്ചുരുന്നു. ബ്ലോക്ക് പഞ്ചായത്ത് മെമ്പറായാണ് പ്രവർത്തിച്ചത്.

മഹിളാ അസോസിയേഷൻ രംഗത്തെ പ്രവർത്തനം ഇന്നും തുടരുന്നു. ജനാധിപത്യമഹിളാ അസോസിയേഷന്റെ ഏരിയാ സെക്രട്ടറിയായും ജില്ലാ കമ്മിറ്റി അംഗമായും പ്രവർത്തിച്ചു.

സഖാവ് പി.പി. ബാലകൃഷ്ണന്റെ നേതൃത്വത്തിൽ നടന്ന ജനമുന്നേറ്റ ജാഥ ഒരു ഉണർവ്വുണ്ടാക്കിയ പ്രവർത്തനമായിരുന്നു.

സൗന്ദര്യമത്സര സങ്കൽപത്തിനെതിരെ മഹിളാ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മത്സരം നടന്ന ബാംഗ്ലൂരിൽ പോയി സമരം നടത്തി. ഒരു ജീപ്പിൽ പ്രവർത്തകരാണ് ബാംഗ്ലൂർക്ക് പോയത്. അവിടെ നടന്ന പോലീസ് ലാത്തിച്ചാർജ്ജിൽ പരിക്കുപറ്റി ചികിത്സയിലായിരുന്നു. സംഘടനാപ്രവർത്തനത്തിനിടയിലെ മറക്കാനാവാത്ത ഒരു അനുഭവമായിരുന്നു അത് ഇന്നും ഓർമ്മിക്കുന്നു.

ആദ്യകാലങ്ങളിൽ നടന്നെത്തി സഖാക്കളെ നേരിൽ കണ്ടായിരുന്നു സംഘടനാ പ്രവർത്തനം. അന്ന് പ്രവർത്തകർക്കും പോയി കാണുന്ന സഖാക്കൾക്കും ഇടയിൽ ഗാഢമായ സ്നേഹബന്ധം നിലനിന്നിരുന്നു. ആ ഒത്തൊരുമയും സ്നേഹബന്ധവും ആത്മാർത്ഥതയുമാണ് പൊതുരംഗത്ത് പലതരത്തിലുള്ള പ്രയാസങ്ങൾക്കിടയിലും നിലനിൽക്കാൻ കാരണമായത്.



ആശംസകളോടെ......

# മീനങ്ങാടി സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം നമ്പർ എഫ് 1061, മീനങ്ങാടി

meenangadiscb@gmail.com

## തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന ജനകീയ ബേങ്ക്

- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നിരക്കും സർക്കാർ പരിരക്ഷയും.
- ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ കൃത്യതയാർന്ന മെഡിക്കൽ പരിശോധനാ സംവിധാനത്തോടെ സഹകരണ നീതി ലബോറട്ടറി & മെഡിക്കൽ സെന്റർ.
- 14% വിലക്കുറവിൽ നീതി മെഡിക്കൽസ്റ്റോർ, രാസവളഡിപ്പോ.
- 10% വിലക്കുറവിൽ നീതി സൂപ്പർമാർക്കറ്റ്/കോപ്പ്മാർട്ട്.
- ഗ്രാമീണനാട്ടുചന്ത, ATM/CDM സംവിധാനം
- 20% വിലക്കുറവിൽ ഗ്രാമീണനാട്ടുചന്ത
- സെയ്ഫ് ഡിപ്പോസിറ്റ് ലോക്കർ, RTGS/NEFT സംവിധാനം

| പ്രസിഡന്റ് | സെക്രട്ടറി |
| --- | --- |
| **സി.എസ്. പ്രസാദ്** | **എം.എൻ. മുരളി** |

## സ്മരണകൾ ഇരമ്പുന്നു

സജീവമായി പാർട്ടി പ്രവർത്തനത്തിലേർപ്പെട്ടിരുന്ന കാലത്ത്, കൃത്യമായി പറഞ്ഞാൽ പാർട്ടി ജില്ലാ കമ്മിറ്റിയിലും എ.കെ. എസിന്റെ സംസ്ഥാന സെക്രട്ടറിയുമായി പ്രവർത്തിച്ചു വന്നിരുന്ന കാലത്ത് തലച്ചോറിന് സ്ട്രോക്ക് വന്ന് വലതു ഭാഗം തളർന്ന്പോയി സംസാര ശേഷി പോലും നഷ്ടപ്പെട്ടു പോയ സഖാവ് ഏറെ കാലത്തെ ചികിത്സക്കുശേഷമാണ് സ്വാധീനക്കുറവുള്ള വലതു കാൽ വേച്ചു വേച്ചും ഇടതുകയ്യുടെ സഹായത്താലും വീട്ടിൽ അത്യാവശ്യം സ്വന്തം നിലയിൽ നടക്കാനും അത്യാവശ്യ ഘട്ടങ്ങളിൽ ബത്തേരി വരെ വന്നു പോകാനും സാധിക്കുന്ന നിലയിൽ വീട് നിൽക്കുന്ന പാർട്ടി മാക്കുറ്റി ബ്രാഞ്ചിലെ അംഗമായി കഴിയുന്നത്. സഖാവിനെ കാണാൻ ഞാൻ വീട്ടിലെത്തിയപ്പോൾ ഉച്ചഭക്ഷണ ശേഷമുള്ള മയക്കത്തിലായിരുന്ന സഖാവിനെ കൊച്ചുമകൾ ആണ് വിളിച്ചുണർത്തിയത്.



സ. പി.വി. വേലായുധൻ

സംസാരശേഷിയും ഓർമ്മശക്തിയും പൂർണ്ണമായും വീണ്ടെടുത്തിട്ടില്ലാത്ത സഖാവിന്റെ അവ്യക്തമായ സംസാരത്തിൽ നിന്നും 1988 മുതൽ എന്റെ അറിവിലും കൂടി പെട്ട കാര്യങ്ങൾ വെച്ച് ഞാൻ പൂരിപ്പിച്ചെടുത്ത കുറച്ചു കാര്യങ്ങളാണ് ഇവിടെ രേഖപ്പെടുത്തുന്നത്.

മൂന്നാം ക്ലാസ്സു വരെ പഠിച്ചു. ബത്തേരി തിരുനെല്ലിയിലെ ട്രൈബൽ ഹോസ്റ്റലിൽ താമസിച്ചായിരുന്നു പഠനം. ഹോസ്റ്റൽ വാർഡനുമായി വഴക്കുണ്ടാക്കി സ്കൂളിൽ നിന്നു പോന്നു. പഠനം അവിടെ നിന്നു. 10 കൊല്ലത്തോളം കാലം കുടുംബത്തിൽ ആടിനെ മേയ്ക്കലായിരുന്നു ജോലി. ദിവസം 2 അണ കൂലി കിട്ടും. സുമാർ 20 വയസ്സായപ്പോൾ കക്കോടൻ സുഹറ എന്നവർക്ക് ഓഹരി കിട്ടിയ തോട്ടത്തിൽ പണിയെടുത്തു. താൽക്കാലിക ജോലിയായിരുന്നു. സ്ഥിരപ്പെടുത്തിക്കാട്ടാൻ മറ്റു തൊഴിലാളികളെ സംഘടിപ്പിച്ചു. സി.ഐ.ടി.യു. യൂണിയനുണ്ടാക്കി സമരം ചെയ്തു. സ. പി.പി. ബാലകൃഷ്ണനായിരുന്നു നേതാവ്. സമരം വിജയിച്ചു. എല്ലാവരെയും സ്ഥിരപ്പെടുത്തി. അങ്ങനെയാണ് പൊതുപ്രവർത്തനത്തിലേക്കെത്തിപ്പെട്ടത്. സ. പി.പി. ബാലകൃഷ്ണന്റെ നിർദ്ദേശപ്രകാരം സി.ഐ.ടി.യു. ഓഫീസുമായി ബന്ധപ്പെടാൻ തുടങ്ങി. സ. പി.പി. ബാലകൃഷ്ണനാണ് പാർട്ടി മെമ്പർഷിപ്പിലേക്ക് കൊണ്ടുവന്നത്. ടൗൺ ബ്രാഞ്ചിലായിരുന്നു പ്രവർത്തനം.

കക്കോടൻ എസ്റ്റേറ്റിൽ മാത്രമേ ജോലി ചെയ്തിട്ടുള്ളു. പൂർണ്ണസമയ പ്രവർത്തകനാകണമെന്ന് പാർട്ടി നിർദ്ദേശിച്ചപ്പോൾ വളണ്ടറി റിട്ടയർമെന്റ് വാങ്ങി ബത്തേരി ലോക്കൽ സെക്രട്ടറിയായതിനുശേഷമാണ് പാർട്ടി നിർദ്ദേശപ്രകാരം ജോലി ഒഴിവാക്കിയത്. ഞാൻ ലോക്കൽ സെക്രട്ടറിയാവുന്നതിനു മുൻപ് ആരായിരുന്നു ലോക്കൽ സെക്രട്ടറി എന്ന് കൃത്യമായി ഓർക്കുന്നില്ല. സ. പി.പി. ബാലകൃഷ്ണനായിരുന്നു എന്നാണ് തോന്നുന്നത്. ലോക്കൽ സെക്രട്ടറി ആയിരിക്കുമ്പോൾ സി.ഐ.ടി.യു. വിലും പ്രവർത്തിച്ചു. തൊവലിമല അബ്ബാസ്, ബീരാൻ, പി.ആർ. അപ്പുണ്ണി എന്നിവരായിരുന്നു സി.ഐ.ടി.യു. മേഖലയിലെ പ്രധാന പ്രവർത്തകർ.

ജനമുന്നേറ്റ ജാഥ നടത്തിയത് ഓർക്കുന്നുണ്ട്. സ. പി.പി. ബാലകൃഷ്ണൻ ക്യാപ്റ്റനായ ജാഥ ബത്തേരി പാർട്ടിയിൽ വലിയ മുന്നേറ്റമുണ്ടാക്കിയിട്ടുണ്ട്. ബത്തേരിയിൽ നിന്നും നെൻമേനിയിലേക്ക് പിന്നീട് പ്രവർത്തനം കേന്ദ്രീകരിച്ചു. നെൻമേനി ലോക്കൽ സെക്രട്ടറിയായി. നെൻമേനി പഞ്ചായത്ത് മെമ്പറായും തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് ബത്തേരി എ.സി. മെമ്പറായി. പാർട്ടി ജില്ലാ കമ്മിറ്റി അംഗമായി 2 കൊല്ലം പ്രവർത്തിച്ചു.

ആ ഘട്ടത്തിലാണ് ആദിവാസി ക്ഷേമ സമിതിയുടെ പ്രവർത്തനത്തിലേക്ക് വന്നത്. ആദിവാസി ക്ഷേമ സമിതിയുടെ ജില്ലാ സെക്രട്ടറിയായും സംസ്ഥാനകമ്മിറ്റി അംഗമായും സംസ്ഥാന സെക്രട്ടറിയായും പ്രവർത്തിച്ചു. ഞാൻ സെക്രട്ടറിയായി പ്രവർത്തിക്കുന്ന കാലത്ത് 10 ജില്ലകളിൽ ആദിവാസി ക്ഷേമ സമിതി രൂപീകരിച്ചു. ഞാൻ സെക്രട്ടറിയായിരിക്കുമ്പോൾ വിദ്യാധരൻ കാണി ജോ. സെക്രട്ടറിയായിരുന്നു. എിക്ക് അസുഖം വന്ന് കിടപ്പിലായശേഷം സ. ഒ.ആർ. കേളു ആദിവാസി ക്ഷേമ സമിതിയുടെ നേതൃത്വത്തിലേക്ക് വന്നു.

1987 ലെ മനുഷ്യച്ചങ്ങലയിൽ ആളെ പങ്കെടുപ്പിക്കാൻ സജീവമായി ഇടപെട്ടു. നൂൽപ്പുഴ പഞ്ചായത്തിൽ 8 കൊല്ലം ചാർജ്ജുണ്ടായിരുന്നു. അവിടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ടു. 19 കൊല്ലമായി അസുഖം ബാധിച്ച് പ്രവർത്തനത്തിൽ നിന്നും വിട്ടു നിൽക്കുകയാണ്. പാർട്ടി മെമ്പർഷിപ്പിൽ തുടരുന്നുണ്ട്. മാക്കുറ്റി ബ്രാഞ്ചംഗമാണ്.

## വയനാട് ജില്ലാ മർച്ചന്റ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ. W 315

വ്യാപാരഭവൻ, സുൽത്താൻ ബത്തേരി – 673 592
ഫോൺ : 04936 223315

**ആകർഷകമായ വിവിധ നിക്ഷേപ, വായ്പാ പദ്ധതികൾ**
**വിവിധതരം സലയിലുള്ള ജി.ഡി.എസ്. സംഘത്തിന്റെ**
**സഹോദര സ്ഥാപനങ്ങളായ**
**സഹ. ഇ–കംപ്യൂട്ടർ സെന്റർ** (എല്ലാവിധ ഓൺലൈൻ സേവനങ്ങളും)
**മാജിക് ഹെവൻ ഡേ കെയർ സെന്റർ**
പ്രവർത്തന സമയം : 8.30 am to 5.45 pm

| പ്രസിഡന്റ് | സെക്രട്ടറി |
|---|---|
| **കെ.കെ. വാസുദേവൻ** | **ദീപ കെ.വി.** |
| 9447021840 | 9847052874 |



# പണിച്ചി



പ്രകൃതി എൻ വി

പെറ്റുട്ടായി മുലെകുട്ടിച്ചു
അമ്മ എന്റും അപ്പ എന്റും
നാവു വുളിച്ചു
കായോ? പൂവോ?
മ് പുടുക്കു കണ്ടേ കായു തന്നെ.
കല്ലും മുള്ളും കാലുതൊട്ടു
കാല നീങ്കി താടി വന്ത രോമ വന്ത
എന്റെലും കായുനുള്ളിലി
പൂവുപോലെ.
ചീയ്യേ പണിച്ചിവൊളുത്തെ
കിട്ടുത്ത പേരുക്കു ഊക്കു കൂട്ടി
കല്ലേ കെട്ടി മുണ്ടു കെട്ടി
ചോരെ മുറിഞ്ഞ കൂട്ടുവൊട്ടി
നാടു നീങ്കി.
നോക്കു കൊണ്ടോ? വാക്കു കൊണ്ടോ?
അല്ലത്തിരിവാ വാതെ തോന്റി
കേറി നിൻ്റയി
ഓ ഉത്തമനെ പായു ഉത്തപ്പനെ പായു
വന്ത നായ നോക്കി കാണു
മ് ഇവെ വാതെ തന്നെ
പിരാന്താ പിരാന്താ
നിന്ന മുണ്ടുപൊക്കി പുടുക്കു കണ്ട
കല്ലേ പൊട്ടി മീശേ വെക്കു
മേലാളു കണ്ണു പൊത്തി ചിരിചാരുക്കു
നിയ്യു മൊട്ടെ ആകു.
കയ്യ ഏക്ക് കയ്യ ഞാനു പണിച്ചി......



**Kerala State Lotteries**

**Faithful - Transparent - Popular**



# Sree Vinayaka Lottery Agency (W-2499)

Kottakkunnu, S. Bathery. Ph : 07025886266

**Proprietor : B.N. Nagaraj**



# മാനിഫെസ്റ്റോയുടെ സമകാലിക പ്രസക്തി



ശ്രീജിത്ത് ശിവരാമൻ

175 വർഷങ്ങൾക്ക് മുൻപ്, സമൂഹം ഇന്നത്തേതിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നൊരു കാലത്ത് എഴുതിയ ഒരു കുഞ്ഞു പുസ്തകത്തിന് ഇന്നെന്തു പ്രസക്തിയാണുള്ളത്" . "ബൈബിളിനും ഖുർആനും ശേഷം ഏറ്റവുമധികം പ്രസിദ്ധീകൃതമായ കമ്മ്യുണിസ്റ്റ് മാനിഫെസ്റ്റോ ബൈബിളും ഖുർആനും വായിക്കുന്നത് പോലെ 'കമ്മ്യുണിസ്റ്റ് വിശ്വാസികൾ'ക്ക് വായിച്ച് മടക്കി വെക്കാനുള്ളതാണ്". "ഒരു കമ്മ്യുണിസ്റ്റ് വാഗ്ദാത്ത ഭൂമിയെക്കുറിച്ചുള്ള സുന്ദരമായ നടക്കാത്ത സ്വപ്നങ്ങളാണ് അത് പങ്കുവെക്കുന്നത്'. കമ്മ്യുണിസ്റ്റ് മാനിഫെസ്റ്റോയെ കുറിച്ച് ലിബറൽ ബുദ്ധിജീവികൾ പൊതുവെ ഉന്നയിക്കുന്ന വിമർശനങ്ങളും പരിഹാസങ്ങളുമാണിത്. സത്യത്തിൽ എന്താണ് മാനിഫെസ്റ്റോ? എന്തിനാണ് ഈ കാലത്തും നാമത് വായിക്കുന്നത് ? തികച്ചും വൈയക്തികമായ ചില നിരീക്ഷണങ്ങൾ പങ്കുവെക്കട്ടെ.

1847 ലാണ് പ്രധാനമായും നാട് കടത്തപ്പെട്ട ജർമ്മൻ രാഷ്ട്രീയ പ്രവർത്തകരും, കുറച്ച് ബെൽജിയൻ , ഇംഗ്ലീഷ് അനുഭാവികളും ലണ്ടനിൽ രഹസ്യ യോഗം ചേർന്ന് കമ്മ്യുണിസ്റ്റ് ലീഗിന് രൂപം നൽകുന്നത്. കമ്മ്യൂണിസ്റ്റ് ലീഗിന്റെ കേന്ദ്ര കമ്മിറ്റിയാണ് അന്ന് ബ്രസ്സൽസിലായിരുന്ന മാർക്സിനെ സംഘടനക്ക് ഒരു മാനിഫെസ്റ്റോ എഴുതാൻ ചുമതലപ്പെടുത്തുന്നത്. തന്റെ തിരക്കുകളിൽ മാനിഫെസ്റ്റോയ്ക്ക് സമയം കിട്ടാതിരുന്ന മാർക്സിനോട് കേന്ദ്രകമ്മിറ്റി രൂക്ഷമായി തന്നെ പ്രതികരിച്ചു.

"1848 ഫെബ്രുവരി 1 നു മുൻപായി സംഘടനയുടെ മാനിഫെസ്റ്റോ തയ്യാറാക്കാൻ മാർക്സിനോട് ചട്ടം കെട്ടാൻ ബ്രസ്സൽസ് ജില്ലാ കമ്മിറ്റിയെ കേന്ദ്ര കമ്മിറ്റി ചുമതലപ്പെടുത്തുന്നു. അല്ലാത്ത പക്ഷം മാർക്സിനെതിരെ നടപടിയെടുക്കാൻ കമ്മിറ്റി നിർബന്ധിതമാകും. മാനിഫെസ്റ്റോ പൂർത്തിയാക്കാൻ കഴിയുന്നില്ലെങ്കിൽ അതിനായി നൽകിയ രേഖകളും മറ്റും തിരിച്ചേൽപ്പിക്കാൻ മാർക്സിനോട് കമ്മിറ്റി ആവശ്യപ്പെടുന്നു".

കേന്ദ്രകമ്മിറ്റിയുടെ രൂക്ഷ പ്രതികരണത്തിന് ന്യായമുണ്ടായിരുന്നു , അത്രമാത്രം കലുഷിതമായിരുന്നു 1848 ൽ യൂറോപ്പിലെ രാഷ്ട്രീയ അന്തരീക്ഷം. അവരുടെ നിർബന്ധമാണ് ലോക ഗതിയെ മാറ്റിമറിച്ച നവോത്ഥാന രാഷ്ട്രീയത്തിന്റെ ഏറ്റവും ഉജ്ജ്വലമായ സൃഷ്ടിയായ കമ്മ്യുണിസ്റ്റ് മാനിഫെസ്റ്റോയിലേക്ക് നയിച്ചത്.ലോക ചരിത്രത്തിലാദ്യമായി തൊഴിലാളി വർഗ്ഗം ഒരു ശാസ്ത്രീയമായ പരിപാടി മുന്നോട്ട് വെച്ചു. ഒരു സൈദ്ധാന്തിക പടുഭാഷാ പ്രയോഗങ്ങളുമില്ലാതെ ലോക തൊഴിലാളി വർഗ്ഗത്തിന് കവിത പോലെ വായിക്കാവുന്ന ശാസ്ത്രീയ പരിപാടി മുന്നോട്ട് വെച്ചു എന്നതാണ് മാനിഫെസ്റ്റോയുടെ ഏറ്റവും പ്രധാന നേട്ടം.

ഒരർത്ഥത്തിൽ മാർക്സിന്റെ മുഴുവൻ കൃതികളുടെയും സത്ത ഉൾകൊള്ളുന്ന കൃതിയാണ് മാനിഫെസ്റ്റോ. അതിനുമുമ്പുള്ള മാർക്സിന്റെ എഴുത്തുകൾ എല്ലാം തന്നെ ഏതെങ്കിലും പ്രത്യേക തത്വചിന്താ രാഷ്ട്രീയ പദ്ധതികളോടുള്ള വിമർശം എന്ന നിലക്കായിരുന്നു എഴുതപ്പെട്ടതെങ്കിൽ മാനിഫെസ്റ്റോയിൽ അത് മുതലാളിത്ത വ്യവസ്ഥയോടുള്ള വിമർശമായി വികസിക്കുന്നതായി കാണാം. യുവ മാർക്സിൽ നിന്നും പക്വമതിയായ മാർക്സിലേക്കുള്ള പരിണാമത്തിന്റെ തുടക്കമായി മാനിഫെസ്റ്റോയെ പരിഗണിക്കാം. 'നാളിതുവരെ നിലനിന്നിട്ടുള്ള എല്ലാ സമൂഹങ്ങളുടെയും ചരിത്രം വർഗ്ഗസമരത്തിന്റെ ചരിത്രമാണ്' എന്ന ഒറ്റ വാചകത്തിൽ ചരിത്രപരമായ ഭൗതികവാദ വിശകലനത്തിന്റെ സത്തയിലാണ് മാനിഫെസ്റ്റോ ആരംഭിക്കുന്നത്. നിലനിന്നിരുന്ന സാമൂഹ്യ വ്യവസ്ഥകളിൽ ഏറ്റവും പുരോഗമന പരമായ ഒന്നായി മുതലാളിത്തം മാറുന്നതെങ്ങനെയാണെന്നും അതേ സമയം അത് ചൂഷണത്തിന്റെ ഏറ്റവും പ്രധാന രൂപമായി നിലനിൽക്കുന്നതെങ്ങനെയെന്നും ഒരേ സമയം മാനിഫെസ്റ്റോ വിശകലനം ചെയ്യുന്നു.

"...മൊത്തത്തിൽ ബൂർഷ്വാസിയുടെ പൊതുക്കാര്യങ്ങൾ നടത്തുന്ന ഒരു കമ്മറ്റി മാത്രമാണ് ആധുനികഭരണ കൂടം... ചരിത്രപരമായി നോക്കുമ്പോൾ ബൂർഷ്വാസി ഏറ്റവും വിപ്ലവകരമായ ഒരു പങ്ക് വഹിച്ചിട്ടുണ്ട്. ബൂർഷ്വാസി അതിന് പ്രാബല്യം ലഭിച്ച പ്രദേശങ്ങളിലെല്ലാം തന്നെ, എല്ലാ ഫ്യൂഡൽ, പിതൃതന്ത്രാത്മക, അകൃത്രിമഗ്രാമീണബന്ധങ്ങൾക്കും അറുതിവരുത്തി. മനുഷ്യനെ അവന്റെ 'സ്വാഭാവിക മേലാളന്മാരുമായി" കൂട്ടിക്കെട്ടിയിരുന്ന നാടുവാഴിത്തച്ചരടുകളുടെ നൂലാമാലയെ അത് നിഷ്കരുണം കീറിപ്പറിച്ചു. മനുഷ്യനും മനുഷ്യനും തമ്മിൽ, നഗ്നമായ സ്വാർത്ഥമൊഴികെ, ഹൃദയശൂന്യമായ "രൊക്കം പൈസ"യൊഴികെ, മറ്റൊരു ബന്ധവും അതു ബാക്കിവെച്ചില്ല. മതത്തിന്റെ പേരിലുള്ള ആവേശത്തിന്റേയും നിസ്വാർത്ഥമായ വീരശൂരപരാക്രമങ്ങളുടേയും, ഫിലിസ്റ്റൈനുകളുടെ വികാരപരതയുടേയും ഏറ്റവും ദിവ്യമായ ആനന്ദനിർവൃതികളെ അതു സ്വാർത്ഥപരമായ കണക്കുകൂട്ടലിന്റെ മഞ്ഞുവെള്ളത്തിലാഴ്ത്തി. വ്യക്തിയോഗ്യതയെ അതു വിനിമയമൂല്യമാക്കി മാറ്റി. അനുവദിച്ചുകിട്ടിയതും നേടിയെടുത്തതുമായ അസംഖ്യം സ്വാതന്ത്ര്യങ്ങളുടെ സ്ഥാനത്ത് അതു, മനസ്സാക്ഷിക്കു നിരക്കാത്ത ഒരൊറ്റ സ്വാതന്ത്ര്യത്തെ സ്വതന്ത്രവ്യാപാരത്തെപ്രതിഷ്ഠിച്ചു. ഒറ്റവാക്കിൽ പറഞ്ഞാൽ, മതപരവും രാഷ്ട്രീയവുമായ വ്യാമോഹങ്ങളുടെ മൂടുപടമിട്ട


WHS
WAYANAD
HILL SUITE
RESTAURENT
ROOMS
CONFERANCE HALL
PARTY HALL
HEALTH CLUB
+919207 533 313
04936 243 313
Kolagappara Kavala ,Calicut Road
Sulthan Bathery Pin: 673591


അമ്പലവയൽ സർവ്വീസ് സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ F 7604
അമ്പലവയൽ പി.ഒ. – 673593. ഫോൺ : 04936 260444
ambalavayalservicebank@gmail.com
നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശനിരക്ക്, ഇൻഷൂറൻസ് പരിരക്ഷയും ലഭിക്കുന്നു.
മിതമായ നിരക്കിൽ വൈവിധ്യമാർന്ന വായ്പാ പദ്ധതികൾ.
25 ലക്ഷം രൂപ വരെ സ്വർണ്ണപണയ വായ്പ.
ചിട്ടിക്ക് സമാനമായ ഗ്രൂപ്പ് ഡിപ്പോസിറ്റ് സ്കീം.
ലോക്കർ സൗകര്യം ലഭ്യമാണ്.
ബാങ്കിന്റെ കീഴിൽ നീതിമെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്നു.
RTGS, NEFT, Mobile Banking.
SMS Banking എന്നീ സൗകര്യങ്ങൾ ലഭ്യമാണ്.
വി.വി. രാജൻ
പ്രസിഡണ്ട്
ആതിരകൃഷ്ണൻ
സെക്രട്ടറി

ചൂഷണത്തിനു പകരം നഗ്നവും നിർലജ്ജവും പ്രത്യക്ഷവും മൃഗീയവുമായ ചൂഷണം അതു നടപ്പാക്കി."

ഇവിടെ ചരിത്രത്തിലെ പ്രധാനമായ രണ്ടു വിച്ഛേദനങ്ങൾക്ക് മാർക്സ് തുടക്കം കുറിക്കുന്നത് കാണാം. ഒന്ന് ഭരണകൂടം എന്നത് വർഗ്ഗ നിരപേക്ഷമായ സാർവ്വജനീന വർഗ്ഗം (universal class) എന്ന ഹെഗേലിയൻ ആശയത്തെ മാർക്സ് ഇവിടെ തിരുത്തിയെഴുതുന്നു. ഭരണകൂടത്തിന്റെ വർഗ്ഗ സ്വഭാവം എന്തെന്നും അത് ബൂർഷ്വാസിയുടെ ഒരു ഉപകരണമായി പ്രവർത്തിക്കുന്ന ഒന്നാണെന്നും അതുകൊണ്ട് സാർവ്വജനീന വർഗ്ഗം എന്നത് ഹെഗേലിയൻ ആശയത്തിൽ നിന്ന് വിഭിന്നമായി തൊഴിലാളി വർഗമാണെന്നും മാർക്സ് സ്ഥാപിക്കുന്നു. തൊഴിലാളി വർഗമാണ് എല്ലാ വർഗങ്ങളുടെയും വിമോചനത്തിനുള്ള വർഗമായി പ്രവർത്തിക്കുകയെന്നും തൊഴിലാളി വർഗത്തിന്റെ മോചനത്തിലൂടെ മാനവരാശിയുടെ തന്നെ മോചനം സാധ്യമാകുകയാണെന്നും മാർക്സ് വ്യക്തമാക്കി. അതാകട്ടെ നിലനിൽക്കുന്ന മുതലാളിത്ത വ്യവസ്ഥയുടെ അട്ടിമറിയിലൂടെ സാധ്യമാകുന്ന ഒന്നാണ് താനും.

രണ്ടാമത്തെ സങ്കൽപം സ്വാതന്ത്രത്തെ സംബന്ധിച്ച ആശയമാണ്. ഫ്രഞ്ച് വിപ്ലവത്തിലൂടെ സർവസ്വീകാര്യമായതും ഇന്നും ലിബറൽ ബുദ്ധിജീവികൾ ഉയർത്തിപ്പിടിക്കുന്നതുമായ സ്വാതന്ത്ര്യം എന്ന സങ്കല്പം യഥാർത്ഥത്തിൽ 'സ്വകാര്യ സത്തുടമാവകാശത്തിനുള്ള സ്വാതന്ത്ര്യം' (freedom to property right) മാത്രമാണെന്നും അസമത്വ പൂർണമായ ഒരു സാമൂഹ്യ വ്യവസ്ഥയിൽ അത് ഒരു മിഥ്യയായിനിലനിൽക്കുമെന്നും മാർക്സ് വാദിച്ചു. യഥാർത്ഥ സ്വാതന്ത്ര്യം ചൂഷണത്തിൽ നിന്നുള്ള സ്വാതന്ത്ര്യം ആണെന്നും അത് സാധ്യമാകണമെങ്കിൽ ചൂഷണ രഹിതമായ ഒരു സാമൂഹികാവസ്ഥയുടെ സൃഷ്ടി ആവശ്യമാണെന്നും തൊഴിൽ ചൂഷണത്തിലൂടെ നിലനിൽക്കുന്ന മുതലാളിത്ത ഘടനയിൽ പൂർണ സ്വാതന്ത്ര്യം സാധ്യമല്ലെന്നും ആദ്യമായി മാർക്സ് വിളിച്ചു പറഞ്ഞു.

മാനിഫെസ്റ്റോ എഴുതുന്ന കാലത്ത് മുതലാളിത്തം ഇന്നത്തെ അപേക്ഷിച്ച് ശൈശവ ദശയിൽ ആയിരുന്നു, ലോകത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും മുതലാളിത്ത ഉത്പാദന വ്യവസ്ഥക്ക് പുറത്തായിരുന്നു, ആധുനിക തൊഴിലാളി വർഗ്ഗം എണ്ണത്തിൽ തുച്ഛമായിരുന്നു , ഏറ്റവും വികസിതമായ ഇംഗ്ലണ്ടിൽ പോലും 500 മൈലിൽ താഴെ റെയിൽവേ മാത്രമേ ഉണ്ടായിരുന്നുള്ളൂ, ആധുനിക വാർത്താവിനിമയ സങ്കേതങ്ങളോ, വൈദ്യുതിയുടെ വ്യാപക ഉപയോഗമോ ഉണ്ടായിരുന്നില്ല. എന്നിട്ടും മാർക്സ് അക്കാലത്തെ മുതലാളിത്ത വ്യവസ്ഥയുടെ വിശേഷരൂപങ്ങളെ കുറിച്ചോ, ഉത്പാദന വ്യവസ്ഥയെ കുറിച്ചോ അല്ല മാനിഫെസ്റ്റോയിൽ പറയുന്നത്. മറിച്ച് മുതലാളിത്തത്തെ ഒരു പ്രക്രിയ ആയി കാണുകയും അതിന്റെ വികസന യുക്തിയെ വിശകലനം ചെയ്യുകയുമാണ് മാർക്സ് ചെയ്യുന്നത്. അതുകൊണ്ടു തന്നെ മുതലാളിത്ത വ്യവസ്ഥ നിലനിൽക്കുന്നിടത്തോളം മാനിഫെസ്റ്റോ പ്രസക്തമായി തുടരുകയും ചെയ്യും.

ഇന്നത്തെ ആഗോളവത്കരണ പ്രക്രിയയെ കുറിച്ച് ആരും ചിന്തിക്കുക പോലും ചെയ്യാത്ത കാലത്താണ് മാനിഫെസ്റ്റോയിൽ മാർക്സ് എഴുതുന്നത്

"ഉല്പന്നങ്ങൾക്കു അനുസ്യൂതം വിപുലപ്പെടുന്ന ഒരു കമ്പോളം കണ്ടുപിടിക്കേണ്ടതിന്റെ ആവശ്യം ബൂർഷ്വാസിയെ ഭൂമണ്ഡലമെങ്ങും ഓടിക്കുന്നു. അതിന് എല്ലായിടത്തും കൂടു കെട്ടണം. എല്ലായിടത്തും പാർപ്പുറപ്പിക്കണം, എല്ലായിടത്തും ബന്ധങ്ങൾ സ്ഥാപിക്കണം. ലോകകമ്പോളത്തെ ചൂഷണം ചെയ്യുന്ന തിലൂടെ ബൂർഷ്വാസി ഓരോ രാജ്യത്തിലേയും ഉല്പാദനത്തിനും ഉപഭോഗത്തിനും ഒരു സാർവ്വലൗകികസ്വഭാവം നൽകിയിട്ടുണ്ട്. പ്രതിലോമവാദികളെ വളരെയേറെ വേദനിപ്പിച്ചു കൊണ്ടു വ്യവസായത്തിന്റെ കാൽക്കീഴിൽ നിന്നു അതു നിലയുറപ്പിച്ചിരുന്ന ദേശീയാടിത്തറയെ ബൂർഷ്വാസി വലിച്ചുമാറ്റി. എല്ലാ പരമ്പരാഗത ദേശീയവ്യവസായങ്ങളേയും അതു നശിപ്പിച്ചു, അഥവാ പ്രതിദിനം നശിപ്പിച്ചുവരികയാണു. തൽസ്ഥാനം പുതിയ വ്യവസായങ്ങൾ ഏറ്റെടുക്കുന്നു. അവ ഏർപ്പെടുത്തേണ്ടത് എല്ലാ പരിഷ്കൃതരാജ്യങ്ങൾക്കും ഒരു ജീവന്മരണപ്രശ്നമായിത്തീരുന്നു; ഈ പുതിയ വ്യവസായങ്ങൾ ഉപയോഗിക്കുന്ന അസംസ്കൃത സാധനങ്ങൾ തദ്ദേശീയമല്ല അതിവിദൂരദേശങ്ങളിൽനിന്നു കൊണ്ടുവരുന്നവയാണ്; അവയുടെ ഉല്പന്നങ്ങളാകട്ടെ, അതാതു നാട്ടിൽ മാത്രമല്ല, ലോകത്തിന്റെ ഏതു കോണിലും ഉപയോഗിക്കപ്പെടുന്നുമുണ്ട്. സ്വന്തം രാജ്യത്തെ ഉല്പന്നങ്ങൾകൊണ്ടു് നിറവേറിയിരുന്ന പഴയ ആവശ്യങ്ങളുടെ സ്ഥാനത്തു് വിദൂരസ്ഥങ്ങളായ രാജ്യങ്ങളിലേയും കാലാവസ്ഥകളിലേയും ഉല്പന്നങ്ങൾ കൊണ്ടുമാത്രം തൃപ്തിപ്പെടുത്താൻ കഴിയുന്ന പുതിയ ആവശ്യങ്ങൾ നാം കാണുന്നു. പ്രാദേശികവും ദേശീയവുമായ ഏകാന്തതയുടേയും സ്വയംപര്യാപ്തതയുടേയും സ്ഥാനത്തു്രാഷ്ട്രങ്ങൾ തമ്മിലുള്ള നാനാമുഖമായ ബന്ധങ്ങളും സാർവ്വത്രികമായ പരസ്പരാശ്രിതത്വവുമാണ് ഇന്നുള്ളത്."

ലെനിന്റെ സാമ്രാജ്യത്വ വിശകലനത്തിന്റെ ആദ്യ രൂപം ഇവിടെ കാണാം, പക്ഷെ ലെനിന്റെ സാമ്രാജ്യത്വ വിശകലനം പോലും ദേശരാഷ്ട്രാധിഷ്ഠിതമായ മൂലധനത്തെ ആധാരമാക്കി ആയിരുന്നെങ്കിൽ ഇന്ന് ധനമൂലധനം ദേശരാഷ്ട്ര അതിർത്തികൾ ഭേദിച്ച് സാർവലൗകീകമായിരിക്കുന്നു. മാർക്സിന്റെ വാക്കുകൾ കൂടുതൽ പ്രവചനാത്മകമായ കാലത്താണ് നാം ഇന്ന് ജീവിക്കുന്നത്.

"ഇതുവരെ ചരിത്രത്തിലുണ്ടായിട്ടുള്ള എല്ലാ പ്രസ്ഥാനങ്ങളും ന്യൂനനപക്ഷങ്ങളുടേതോ, ന്യൂനപക്ഷതാല്പര്യങ്ങൾക്കുവേണ്ടിയുള്ളതോ ആയ പ്രസ്ഥാനങ്ങളായിരുന്നു. തൊഴിലാളി പ്രസ്ഥാനമാകട്ടെ, ബഹുഭൂരിപക്ഷത്തിന്റെ താല്പര്യത്തിനുവേണ്ടിയുള്ള, ബഹുഭൂരിപക്ഷത്തിന്റെ സ്വതന്ത്രവും ബോധപൂർവ്വവുമായ പ്രസ്ഥാനമാണ്." ലോകത്തൊഴിലാളി വർഗ്ഗം എണ്ണത്തിൽ തുച്ഛമായിരുന്ന കാലത്താണ് മാർക്സ് ഇത് എഴുതുന്നത്, മുതലാളിത്ത വളർച്ചയോടെ തൊഴിലാളി വർഗ്ഗം വലുതാകുമെന്നും മഹാഭൂരിപക്ഷത്തിന്റെ പക്ഷമാകുമെന്നും മുതലാളിത്തത്തിന്റെ തന്നെ ശവക്കുഴി തോണ്ടുമെന്നുമുള്ള പ്രവചനം മുതലാളിത്ത വ്യവസ്ഥയെ കുറിച്ചുള്ള ശരിയായ വിശകലനത്തിന്റെ സൃഷ്ടിയായിരുന്നു. മാനിഫെസ്റ്റോയിൽ മാർക്സ് രണ്ടു വർഗ്ഗങ്ങളെ (തൊഴിലാളി, മുതലാളി) മാത്രമേ കാണുന്നുള്ളൂ എന്നും യഥാർത്ഥ ലോകം നിരവധി അവാന്തര വിഭാഗങ്ങൾ ഉള്ളതാണെന്നുമുള്ള വിമർശനം ലിബറൽ ചിന്തകർ ഇപ്പോഴും ഉയർത്തുന്നുണ്ട്. എന്നാൽ മാനിഫെസ്റ്റോയിൽ മാർക്സ് തന്നെ പറയുന്നു


saptharesortandspa
SAPTHA CONVENTION CENTRE
Luxury Is In Our Nature.
A stimulating, yet, uninterrupted extension of nature.
An eco-friendly vision, a piece of nature, and modern architecture come together to make a new kind of luxurious experience.
SPREAD OVER 5 ACRES
63 LUXURIOUS ROOMS
WELLNESS SPA
BUSINESS CENTRE
CONVENTION CENTRE
SAPTHA RESORT & SPA
Address Sulthan Bathery, Waynad, Kerala
Book Online saptharesortandspa.com
Phone +91 4936 233 333
Whatsapp +91 8086 520 000

'ഇടത്തരവർഗ്ഗത്തിന്റെ വിഭാഗങ്ങളെന്ന നിലയ്ക്കുള്ള തങ്ങളുടെ നിലനില്പിനെ നാശത്തിൽനിന്നും രക്ഷിക്കാൻവേണ്ടി താഴേക്കിടയിലുള്ള ഇടത്തരക്കാരായ ചെറുകിടവ്യവസായികൾ, ഷോപ്പുടമകൾ, കൈവേലക്കാർ, കൃഷിക്കാർ തുടങ്ങിയവരെല്ലാം തന്നെ ബൂർഷ്വാസിക്കെതിരൊയി പോരാടുന്നു. അതുകൊണ്ട് അവർ വിപ്ലവകാരികൾ അല്ല, യാഥാസ്ഥിതികന്മാരാണ്, പോരാ, പിന്തിരിപ്പന്മാരാണ്. കാരണം, അവർ ചരിത്രത്തിന്റെ ചക്രം പുറകോട്ടു തിരിക്കാനാണ് ശ്രമിക്കുന്നത്. ഇനി സംഗതിവശാൽ അവർ വിപ്ലവകാരികൾ ആണെങ്കിൽ അതിനുള്ള കാരണം അവർ താമസിയാതെ തൊഴിലാളിവർഗ്ഗത്തിലേക്കു മാറുമെന്ന വസ്തുത മാത്രമാണ്. അപ്പോൾ തങ്ങളുടെ ഭാവിതാല്പര്യങ്ങളെയാണ്, ഇന്നത്തെ താല്പര്യങ്ങളെയല്ല , അവർ സംരക്ഷിക്കുന്നത്. തൊഴിലാളിവർഗ്ഗത്തിന്റെ നിലപാടിൽ നിലകൊള്ളാൻവേണ്ടി അവർ അവരുടെ സ്വന്തമായ നിലപാട് ഉപേക്ഷിക്കുന്നു."

അതേസമയം ഈ ഇടത്തരം വർഗ്ഗങ്ങൾ കൂടുതലായി തൊഴിലാളിവൽക്കരിക്കപ്പെടുകയും സമ്പത്ത് പൂർണമായും ബൂർഷ്വാസിയിൽ കേന്ദ്രീകരിക്കാനുമുള്ള പ്രവണത മുതലാളിത്തം എക്കാലവും കാണിക്കുകയും ചെയ്യുന്നു. ഓക്സ്ഫാം പഠനം സൂചിപ്പിക്കുന്നത് 2017ൽ ഇന്ത്യയിൽ ഉത്പാദിപ്പിക്കപ്പെട്ട സമ്പത്തിന്റെ 73 % വും ഏറ്റവും സമ്പന്നരായ 1 % ആളുകളിലേക്കാണ് എത്തിയത് എന്നാണ്. അതായത് മധ്യവർഗങ്ങളെയും , ചെറുകിട ഉത്പാദകരെയും നിരന്തരമായി തൊഴിലാളിവർഗ്ഗവത്കരിച്ചുകൊണ്ടാണ് മുതലാളിത്തം മുന്നേറുക. ആ അർത്ഥത്തിൽ ചൂഷകരായ ബൂർഷ്വാസി ചൂഷിതരായ ബഹുഭൂരിപക്ഷം എന്ന ദ്വന്ദ്വത്തെ പ്രായോഗികമായി ഉപയോഗിക്കാവുന്നതാണ്. അതുകൊണ്ട് തൊഴിലാളി വർഗത്തിന്റെ വിമോചനം എന്നത് സമൂഹത്തിന്റെ തന്നെ മോചനത്തിനുള്ള മുന്നുപാധിയായി മാറുന്നു


സ്വകാര്യ സ്വത്തുടമാവകാശം അവസാനിപ്പിക്കുകയെന്ന കമ്മ്യൂണിസ്റ്റ് ലക്ഷ്യത്തെ നേരിടാൻ അന്നും ഇന്നും വലതുപക്ഷം ഉപയോഗിക്കുന്നത് ഒരേ വാദങ്ങൾ തന്നെയാണെന്ന് മാനിഫെസ്റ്റോ വായനയിൽ വ്യക്തമാകുന്നു. കമ്മ്യൂണിസം 'വ്യക്തിസ്വാതന്ത്ര്യം' ഇല്ലാതാക്കും എന്നതാണ് ഒരു പ്രധാന വാദം . ഇവിടെ വലതുപക്ഷം 'വ്യക്തി' എന്നുദ്ദേശിക്കുന്നത് ബൂർഷ്വാസിയെയോ, സ്വത്തുള്ള ഇടത്തരക്കാരനെയോ മാത്രമാണ് തൊഴിലാളിയെ അവർ പരിഗണിക്കുന്നേയില്ല അവരുടെ സ്വാതന്ത്ര്യമാകട്ടെ മുൻപേ സൂചിപ്പിച്ച പോലെ സ്വത്തവകാശത്തിനുള്ള സ്വാതന്ത്ര്യം മാത്രമാണ് , ചൂഷണത്തിൽ നിന്നുള്ള സ്വാതന്ത്ര്യമല്ല.

മറ്റൊരു ആരോപണം 'സ്വകാര്യ സ്വത്തവകാശം' ഇല്ലാതായാൽ ആരും പണിയെടുക്കില്ല , എല്ലാവരും അലസരാകും എന്നതാണ് , ഇതിനു മറുപടിയായി മാർക്സ് പറയുന്നു

'ഈ വാദമനുസരിച്ച് ബൂർഷ്വാ സമൂഹം വെറും ആലസ്യം നിമിത്തം എത്രയോ മുമ്പുതന്നെ തുലഞ്ഞുപോകേണ്ടതായരിന്നു. കാരണം, ആ സമൂഹത്തിലെ പണിയെടുക്കുന്ന അംഗങ്ങൾ യാതൊന്നും സമ്പാദിക്കുന്നില്ല , എന്തെങ്കിലും സമ്പാദിക്കുന്നവർ യാതൊരു പണിയുമെടുക്കുന്നില്ല. മൂലധനമെന്നത് ഇല്ലാതായി ക്കഴിഞ്ഞാൽ കൂലിവേല സാധ്യമല്ലാതാവും എന്ന പുനരുക്തിയുടെ മറ്റൊരു പ്രകടരൂപമാത്രമാണ് ഈ ആക്ഷേപമാകെത്തന്നെ."

ചൂഷണരഹിതമായ ഒരു സാമൂഹ്യ വ്യവസ്ഥയെ പറ്റിയുള്ള സ്വപ്നങ്ങൾ എല്ലാക്കാലവും മനുഷ്യർ പങ്കുവെച്ചിരുന്നു. പലപ്പോഴും വലതുപക്ഷ ചിന്തകർ തന്നെ ഇത്തരം ഉട്ടോപ്യൻ സോഷ്യലിസ്റ്റ് ആശയങ്ങൾ മുന്നോട്ട് വെച്ചു. അവയെല്ലാം തന്നെ ഒരു ധാർമിക വ്യവസ്ഥ എന്ന നിലക്കാണ് അവതരിപ്പിക്കപ്പെട്ടത്. 19 ആം നൂറ്റാണ്ടിലെ യൂറോപ്യൻ സോഷ്യലിസ്റ്റുകൾ മുതൽ ഗാന്ധിയൻ സാമൂഹ്യവ്യവസ്ഥ വരെ ഇത്തരമൊരു ധാർമിക വ്യവസ്ഥയായാണ് അവതരിപ്പിക്കപ്പെട്ടത്. പക്ഷെ ധാർമികത എന്നത് തന്നെ വർഗപരമായ ഒരുല്പന്നമാണെന്നും ചൂഷണം ഘടനാപരമാണെന്നും മാർക്സ് സ്ഥാപിച്ചു. ഘടനാപരമായ ചൂഷണത്തെ മറികടക്കാൻ ഘടനാപരമായ പരിഹാരം ആവശ്യമാണ്. അതാണ് ഒരു കമ്മ്യൂണിസ്റ്റ് വിപ്ലവത്തിലൂടെയും വർഗ്ഗരഹിത സമൂഹത്തിലൂടെയും സാധ്യമാകുന്നത്. ചുരുക്കി പറഞ്ഞാൽ ചരിത്രത്തിലാദ്യമായി മുതലാളിത്ത വ്യവസ്ഥയെ മുറിച്ചുകടക്കാനുള്ള പരിപാടിയെ ശാസ്ത്രീയമായി മുന്നോട്ട് വെക്കുന്നു എന്നതാണ് മാനിഫെസ്റ്റോയുടെ പ്രസക്തി.

വർഗ്ഗങ്ങളും വർഗ്ഗവൈരങ്ങളുമുള്ള പഴയ ബൂർഷ്വാ സമൂഹത്തിന്റെ സ്ഥാനത്ത്, ഓരോരുത്തരും സ്വതന്ത്രമായി വളർന്നുവന്നാൽ മാത്രം എല്ലാവരും സ്വതന്ത്രമായി വളരുന്ന ഒരു സമൂഹം എന്ന വിപ്ലവകരമായ പരിവർത്തന അജണ്ടയാണ് മാനിഫെസ്റ്റോയിലൂടെ തൊഴിലാളി വർഗ്ഗം മുന്നോട്ട് വെക്കുന്നത്. അതുകൊണ്ട് മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന മുതലാളിത്ത വ്യവസ്ഥ നിലനിക്കുന്നിടത്തോളം നമുക്ക് മാനിഫെസ്റ്റോ വായിച്ചും പ്രാവർത്തികമാക്കിയും മാത്രമേ മുന്നോട്ട് പോകാനാവൂ, മാനിഫെസ്റ്റോ അപ്രസക്തമാക്കുന്ന ഒരു കാലത്തെയാണ് മാനിഫെസ്റ്റോ വിഭാവനം ചെയ്യുന്നതെന്ന് സാരം.




ആശംസകളോടെ
DIAMOND
INTERIOR & FURNITURE
Thirunelly, S.Bathery,
Wayanad, Pin : 673592
Off : 8590153655
DIAMOND
STEEL INDUSTRIES
Cheeral Road, Puthankunnu
Off : 9496138321
ENQUIRY: 9745118223
MOB: 9447228321
Coir-on
MATTRESSES
DIAMOND
AGENCIES
CHEERAL ROAD, PATTARUPADI
S. BATHERY, WAYNAD 673592
Distributors : Mattresses, Pillows, Cushions
KOHINOOR
AGENCIES
Branch Gurukulam Road
S. Bathery
Off : 7736969969
9947228321


ചെടികൾക്ക് 10 രൂപ മുതൽ
400+ ഇനം ചെടികൾ
ഇൻഡോർ പ്ലാന്റ്സ്,ഔട്ട്ഡോർ പ്ലാന്റ്സ്, ഫലവൃക്ഷങ്ങൾ, താമര ഇനങ്ങൾ, ആമ്പൽ, വള്ളിച്ചെടികൾ
ചെടികൾ മൊത്തമായും ചില്ലറയായും ലഭ്യമാണ്
ഞങ്ങൾ ലാൻഡ്സ്കേപ്പിംഗ്, പൂന്തോട്ട പരിപാലനം എന്നിവ ഏറ്റെടുക്കുന്നു
BAI'S GARDEN
GOVT APPROVED NURSERY
NH-766m Near Vellaramkunnu
petrol Pump, Kalpetta - 673121
Contact
+91 94475 18565
+91 85906 47736
baisgarden@gmail.com



സ്മരണകൾ ഇരമ്പുന്നു

# പാർട്ടിയുടെ മുന്നേറ്റം ബത്തേരിയിലും, നെന്മേനിയിലും...

കോടതി അബ്ദുറഹിമാൻ

വിവിധ ആദിവാസി ജനവിഭാഗങ്ങളും, വയനാടൻ ചെട്ടി സമുദായവും, പതിയ വിഭാഗത്തിലുള്ളവരും താമസിച്ചിരുന്ന വയനാട്ടിലേക്ക് കേരളത്തിലെ മറ്റെല്ലാ ജില്ലകളിൽ നിന്നും ഒരുപാടു മനുഷ്യർ എത്തിപ്പെട്ടത് പുതിയ ഒരു ജീവിതം തുടങ്ങാനായിരുന്നു.

പട്ടിണിയും ദാരിദ്ര്യവുമാണ് കുടിയേറ്റത്തിന് അവരെ പ്രേരിപ്പിച്ചത്.

ഒട്ടേറെ പ്രതീക്ഷയോടെ എത്തിപ്പെട്ട അവർ കാടുകൾ വെട്ടി ത്തെളിച്ചു കൃഷിഭൂമിയാക്കി മാറ്റി.

കാപ്പിയും കുരുമുളകും, ഇഞ്ചി, ചേന തുടങ്ങി മറ്റു ഇടവിള കളും ഉൽപാദിപ്പിച്ചു.

വയലുകളിൽ ആവശ്യത്തിന് നെൽകൃഷിയുണ്ടാക്കി.

പട്ടിണിയും ദാരിദ്ര്യവും മാറി ജീവിക്കാൻ തുടങ്ങിയപ്പോഴാണ് കുടിയിറക്ക് നോട്ടീസ് നൽകി ഒഴിഞ്ഞു പോവാൻ അവരോട് ആവശ്യപ്പെട്ടത്. ഈ ഘട്ടത്തിലാണ് എന്റെ മാതാപിതാക്കൾ വയ നാട്ടിൽ എത്തിയത്. മൂന്നര ഏക്കർ കൃഷിഭൂമിയിൽ കാപ്പിയും കുരുമുളകും വെച്ച് പിടിപ്പിച്ചു. ഈ ഭൂമിയിൽ നിന്നും ഒഴിവാകണമെന്ന് നോട്ടീസ് ലഭിച്ചു.

വയനാട്ടിൽ വിമുക്ത ഭടന്മാർക്ക് സർക്കാർ പതിച്ചു നൽകിയ ഭൂമി അന്ന് വിൽക്കാൻ പാടില്ല. പട്ടയമില്ലാത്തതിനാൽ ബാങ്കിൽ നിന്ന് വായ്പയും ലഭിക്കില്ല.

കുടിയിറക്കിനെതിരെ സി സി . പി . ഐ (എം ) കോഴിക്കോട് ജില്ലാ കമ്മറ്റി ഇടപെട്ടു. സ : എ.കെ.ജി യടക്കം വയനാട്ടിൽ വന്നു. കർഷക പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുള്ള സമരവും ആരംഭിച്ചു.

സ : പി.വി. വർഗ്ഗീസ് വൈദ്യർ, സ : പി.കുഞ്ഞിക്കണ്ണൻ, സ : പി.എ. മുഹമ്മദ് എന്നിവരുടെ നേതൃത്വത്തിൽ ശക്തമായ സമരം ആരംഭിച്ചു. ഈ ഘട്ടത്തിലാണ് സ: പി.പി. ബാലകൃ ഷ്ണനും സി. ഭാസ്ക്കരനും ട്രേഡ് യൂണിയൻ രംഗത്തും പ്രവർത്തിച്ചും, കർഷക തൊഴിലാളികളെ സംഘടിപ്പിച്ചു കൊണ്ടും നേതൃ നിരയിലേക്ക് ഉയർന്നു വന്നത്.

അതിനു മുമ്പ് സ: എ.സി. അച്ചുതൻ നായർ, സ : കെ ടി . അശോകൻ തുടങ്ങിയവരായിരുന്നു നേതൃത്വത്തിലുണ്ടായിരുന്നത്.

കുടിയിറക്കിനെതിരെയുള്ള സമരത്തിൽ കോൺഗ്രസും ലീഗും മുന്നോട്ടു വന്നില്ല. 1960 ൽ കോൺഗ്രസും ലീഗും ഭരണത്തിലെ ത്തിയിട്ടും കൃഷിക്കാരുടെ ആവശ്യങ്ങൾ അംഗീകരിച്ചില്ല.

1967 ൽ ഇ.എം. എസ്സ് മുഖ്യമന്ത്രിയായപ്പോഴാണ് കുടികിട പ്പുകാർക്ക് പട്ടയം നൽകിയത്. വിമുക്ത ഭടന്മാർക്ക് പട്ടയം നൽകാൻ ഇ.എം .എസ്സ് എത്തിയപ്പോൾ കോൺഗ്രസ്സുകാർ കരി ങ്കൊടി പ്രകടനമാണ് നടത്തിയത്.

1969 ലാണ് മുസ്ലീംലീഗിൽ നിന്നും രാജി വെച്ച് ഞാൻ കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) യിൽ ചേർന്നത്. കെ.എസ്. വൈ. എഫ് ന്റെ നേതൃത്വ നിരയിലും പിന്നീട് കെ.എസ് കെ.ടി യു നേതൃത്വനിരയിലും പ്രവർത്തിച്ചു.

കോൺഗ്രസിന്റെയും ഗുണ്ടകളുടെയും എതിർപ്പിനെ നേരിട്ടു കൊണ്ടാണ് പാർട്ടിപ്രവർത്തനം മന്നോട്ടു കൊണ്ടു പോയത്. കൂലിക്കൂടുതലിനു വേണ്ടിയുള്ള സമരം പല സ്ഥലത്തും സംഘർഷത്തിലെത്തി. കോളിയാടി, ആനപ്പാറ തുടങ്ങിയ സ്ഥലത്ത് ഏറ്റുമുട്ടലുണ്ടായി.

ഞാൻ നെന്മേനി ലോക്കൽ കമ്മറ്റി സെക്രട്ടറിയായിരുന്ന ഘട്ടത്തിൽ ചുള്ളിയോട്, കോളിയാടി, മാടക്കര, പുത്തൻകുന്ന് ,ആനപ്പാറ, ചീരാൽ പ്രദേശങ്ങളിൽ എനിക്കും സഖാക്കൾക്കും കായികമായ ഒട്ടേറെ ആക്രമണങ്ങളെ നേരിടേണ്ടി വന്നിട്ടുണ്ട്. സഖാക്കളുടെ ശക്തമായ ചെറുത്തു നിൽപ്പ് പാർട്ടിയുടെയും ഇടതു പക്ഷ പ്രസ്ഥാനത്തിന്റെയും വളർച്ചക്ക് ഉപകരിച്ചു.

ആശംസകളോടെ.....

# വൈത്തിരി പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നമ്പർ. W. 32, കൽപ്പറ്റ

ഫോൺ : 04936 205481, 202699

ബ്രാഞ്ചുകൾ : പടിഞ്ഞാറത്തറ, മേപ്പാടി

**ദീർഘകാല ഹ്രസ്വകാല വായ്പ കൂടാതെ ഭവന നിർമ്മാണ വാഹന വായ്പ എന്നിവ നൽകുന്ന സഹകരണ സ്ഥാപനം**

സ്വർണ്ണ പണയ വായ്പയ്ക്കും JLG ലോണുകൾക്കും ഏറ്റവും കുറഞ്ഞ പലിശ. ഗഡു സംഖ്യ കൃത്യമായി അടച്ചു തീർക്കുന്നവർക്ക് നിബന്ധയ്ക്ക് വിധേയമായി 15% വരെ പലിശ ഇളവ് ലഭിക്കുന്നതാണ്.

കെ. സുഗതൻ
പ്രസിഡന്റ്

സച്ചിദാനന്ദൻ
സെക്രട്ടറി

അടിയന്തിരാവസ്ഥയിൽ കൃഷ്ണപിള്ള ദിനം ആചരിച്ചതിന് പോലീസ് കേസെടുത്ത് വേട്ടയാടിയപ്പോൾ പി.പി. ബാലകൃഷ്ണനും, സി. ഭാസ്ക്കരനുമടക്കമുള്ള മൂന്ന് സഖാക്കൾ പുത്തൻകുന്ന് കോടതിപ്പടിയിലെ ഞങ്ങളുടെ തറവാട് വീട്ടിലായിരുന്നു താമസിച്ചത്.

മിച്ചഭൂമി സമരത്തിലും, കർഷക സമരത്തിലും ഞങ്ങൾക്ക് ജയിലിൽ പോകേണ്ടി വന്നിട്ടുണ്ട്. പോലീസിനെ മർദ്ദിച്ചു എന്ന പേരിൽ ഞങ്ങൾക്ക് ഒളിവിൽ പോകേണ്ട സാഹചര്യമുണ്ടായി.

പട്ടിണിയും ദാരിദ്ര്യവും മൂലം കടന്നു വന്ന കൃഷിക്കാരിൽ ചിലർ ആദിവാസികളെ അടിമകളായാണ് കണ്ടത്. ആദിവാസികളെ സംഘടിപ്പിച്ച്, അവരുടെ ഇടയിൽ പ്രവർത്തിച്ച്, ബോധവൽക്കരണം നടത്തി കൂലി കൂട്ടുന്നതിനുവേണ്ടി സമരം ചെയ്തു.

പാർട്ടി പ്രവർത്തനത്തിന്റെ ഭാഗമായി ആദിവാസികൾക്ക് അസുഖം പിടിപെട്ടാൽ അവരെ ആശുപത്രിയിലെത്തിച്ച് ചികിത്സ ഉറപ്പു വരുത്തുന്നതിന് മുൻകൈ എടുത്തു.

നമ്മളുമായി അകന്നു നിന്നിരുന്ന പണിയ വിഭാഗത്തിൽപെട്ട ആദിവാസികളുടെ വീടുകളിൽ പോയി ചായയും ഊണും കഴിച്ച് അടുപ്പമുണ്ടാക്കി അവരെ പാർട്ടിക്കൊപ്പം അണിനിരത്താൻ പരിശ്രമിച്ചു.

ബത്തേരി, മീനങ്ങാടി, അമ്പലവയൽ, നൂൽപ്പുഴ, നെന്മേനി എന്നീ ലോക്കൽ കമ്മറ്റികൾ ഉൾപ്പെട്ട സുൽത്താൻ ബത്തേരി ഏരിയയിൽ സഖാക്കൾ പി.വി. വർഗ്ഗീസ് വൈദ്യർ, പി.പി.ബാലകൃഷ്ണൻ, സി.ഭാസ്ക്കരൻ എന്നിവരുടെ നേതൃത്വത്തിൽ വർഗ്ഗ - ബഹുജന പ്രസ്ഥാനങ്ങളും പാർട്ടിയും പ്രാദേശിക പ്രശ്നങ്ങളും സംസ്ഥാന - കേന്ദ്ര ഭരണങ്ങൾക്കെതിരെയുള്ള മുദ്രാവാക്യങ്ങളും ഉയർത്തി നിരന്തര പോരാട്ടം നടത്തി.

ആ പോരാട്ടത്തിലൂടെ ബത്തേരി ഏരിയയിലെ ഏറ്റവും വലിയ ഒന്നാമത്തെ പാർട്ടിയായി സി.പി .ഐ (എം) വളർന്നു. ഇതിന് നേതൃത്വം കൊടുത്ത സ:പി.വി. വർഗ്ഗീസ് വൈദ്യരും സ: പി.പി. ബാലകൃഷ്ണനും, സ : സി. ഭാസ്കരനും നമ്മെ വിട്ടു പിരിഞ്ഞു.

ബത്തേരിയിലെ പാർട്ടി പ്രവർത്തനത്തിന് നേതൃത്വം കൊടുത്തിരുന്ന സ: എൻ. വാസുദേവൻ , സ : പി.ടി ഉലഹന്നാൻ, സ : കെ. ശ്രീധരൻ തുടങ്ങിയവരും നമ്മെ വിട്ടു പിരിഞ്ഞു.

ചീരാലിലെ സഖാക്കൾ പി. ആർ. കുമാരൻ, ഇ. എസ്. സഹദേവൻ, എൻ.സിദ്ധിക് നെന്മേനിയിലെ സഖാക്കൾ കെ.എസ്. കറപ്പൻ, ചുള്ളിയോട് തൊവരിമല അബ്ബാസ് , റഷീദ് , അപ്പുണ്ണി, കൃഷ്ണഗിരിയിലെ ഉണ്ണീൻകുട്ടി, അമ്പലവയലിലെ സ: രാമകൃഷ്ണൻ മൂലങ്കാവ് ടി. സി. ജോൺ തുടങ്ങിയവരും

**കൂടാതെ**

കുമ്പളേരിയും നെന്മേനികുന്നുമടക്കം അറിയുന്നവരും അറിയപ്പെടാത്തവരുമായ നൂറുകണക്കിന് സഖാക്കളും നമ്മെ വിട്ടു പിരിഞ്ഞു.

ഇവരെല്ലാവരും ആഗ്രഹിച്ചത് ബത്തേരിയിൽ പാർട്ടിയുടെ വളർച്ചയും മുന്നേറ്റവുമാണ്. അവർ സ്വപ്നം കണ്ട ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പിൻമുറ സഖാക്കൾ ഏറ്റെടുത്തു മുന്നോട്ടു പോവുകയാണ്.

പാർട്ടിയുടെ ബത്തേരി ഏരിയാ കമ്മറ്റിയുടെ പഴയ ഓഫീസ് ഉദ്ഘാടനം ചെയ്തത് സ: ഇ.കെ. നായനാരാണ്. അന്നത്തെ ഉദ്ഘാടന ദിവസവും അതിന്റെ സംഘാടനവും, ഫണ്ട് പിരിവ്, പ്രചാരണ പ്രവർത്തനങ്ങളും ഇന്നലെ കഴിഞ്ഞതു പോലെ എന്റെ ഓർമ്മയിലുണ്ട്. സഖാക്കൾ പുതുതായി പണിതുയർത്തിയ എ.കെ.ജി മന്ദിരത്തിന് എന്റെ സ്നേഹാശംസകൾ.

പുതിയ ഓഫീസ് പാർട്ടി പ്രവർത്തനം ശക്തിപ്പെടുത്താൻ, കൂടുതൽ കരുത്തോടെ, ഊർജ്ജ്വസ്വലതയോടെ മുന്നേറാൻ സഖാക്കൾക്ക് പ്രചോദനം നൽകട്ടേ..

ബത്തേരിയിലെ ഒന്നാമത്തെ പാർട്ടി എന്ന് ജനങ്ങൾ നൽകിയ അംഗീകാരത്തിൽ നിന്ന്

ബത്തേരി ഏരിയായിൽ താമസിക്കുന്ന ഭൂരിപക്ഷം പേരുടെയും പാർട്ടിയായി ഉയർത്താൻ സഖാക്കൾക്ക് കഴിയട്ടെ എന്നും ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.



സ്മരണകൾ ഇരമ്പുന്നു

# ചൂരിമല സമരം




അഡ്വ. അരവിന്ദാക്ഷൻ

സുൽത്താൻ ബത്തേരി ഏരിയ പ്രദേശത്ത് സ്ഥിതിചെയ്യു മദ്ധ്യപ്രദേശ് സർക്കാരിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ബീനാച്ചി എസ്റ്റേറ്റിന്റെ വടക്കു പടിഞ്ഞാറു ഭാഗത്തായി സ്ഥിതിചെയ്യു ചൂരിമല എരിയപ്പെടു പ്രദേശത്തുള്ള ഭൂമിയിൽ സർക്കാർ റിപ്പോർട്ടുകളും രേഖകളും പ്രകാരം തന്നെ 1959 മുതൽ ഭൂമി കൈവശംവെച്ച് വീടുണ്ടാക്കി താമസിച്ചു വരുവരെ കൈവശഭൂമിയിൽ നിന്നും ഒഴിപ്പിക്കാമെന്ന് എസ്റ്റേറ്റ് മേനേജ്മെന്റ് കോടതിയിൽ നിന്നും വിധിസമ്പാദിക്കുകയും വിധിപ്രകാരം കൈവശക്കാരെ ഒഴിപ്പിക്കാനുള്ള നടപടികൾ മേനേജ്മെന്റ് ആരംഭിക്കുകയും ചെയ്തപ്പോഴാണ് ഒഴിപ്പിക്കൽ നടപടിക്കെതിരെ പ്രദേശവാസികളെ അണിനിരത്തി പാർട്ടിയുടെ നേതൃത്വത്തിൽ ചെറുത്തിനിൽപ്പ് സമരം ആരംഭിക്കുന്നത്.

അത് പാർട്ടിയുടെ സുൽത്താൻബത്തേരി താലൂക്ക് കമ്മിറ്റിയുടെ സെക്രട്ടറിയായി പ്രവർത്തിച്ച സ: വർഗ്ഗീസ് വൈദ്യർ, കർഷകസംഘം ജില്ലാ നേതാക്കളായ സഖാക്കൾ പി.കെ.മാധവൻ, ടി.എസ്. രാധാകൃഷ്ണൻ, എന്നിവരും ഏരിയാ നേതാക്കളായ സഖാക്കൾ ബേബി വർഗ്ഗീസ്, എൻ.എ.നാരായണൻ, എസ്. അജയകുമാർ എന്നിവരും സുൽത്താൻ ബത്തേരി ഏരിയാലോക്കൽ പാർട്ടി നേതൃത്വവും സമരങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. എസ്റ്റേറ്റ് പടിക്കൽ തുടർച്ചയായി ദിവസങ്ങൾ നീണ്ടു നി കഞ്ഞിവെച്ചു കുടിക്കൽ സമരവും നിരവധി കാൽനട ജാഥകളും വിശദീകരണ പൊതുയോഗങ്ങളും ചെറുത്തുനിൽപ്പ് സമരങ്ങളുടെ ഭാഗമായി നടത്തപ്പെട്ടിട്ടുണ്ട്. കൈവശക്കാരെ ഒഴിപ്പിക്കുത് അവസാനിപ്പിക്കാനും, കൈവശക്കാർക്ക് പണയം അനുവദിക്കുതുവരെ സമരത്തിൽനിന്നും പിന്മാറില്ല എന്ന ഉറച്ച തീരുമാനത്തിൽ സമരം മുന്നോട്ടു പോകുകയാണ് ഉണ്ടായത്. സമാനസ്വഭാവമുള്ള മൂന്നാനക്കുഴി, കൃഷ്ണഗിരി, ഫെയർലാന്റ് പ്രദേശങ്ങളിലും പണയം ലഭിക്കാത്ത പ്രശ്നം ഈ കാലഘത്തിൽ ഉയർന്നുവരികയും മൂന്നാനക്കുഴി, കൃഷ്ണഗിരി, ഫെയർലാന്റ്, ചൂരിമല പ്രദേശങ്ങളിൽ പണയം ലഭിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് കലക്ടറേറ്റ് പടിക്കൽ ദിവസങ്ങൾ നീണ്ടുനിന്ന നിരാഹാര സമരവും നടത്തുകയുണ്ടായി. ചൂരിമല പ്രദേശത്തെ എല്ലാ കുടുംബങ്ങളും അത് കുടിയൊഴിപ്പിക്കലിതിരെയുള്ള സമരത്തിൽ പാർട്ടിയോടൊപ്പം അണി ചേർന്ന് സമരത്തിലും പങ്കെടുത്തിരുന്നു.

അത് കർഷകസംഘം സംസ്ഥാന നേതാവും ഇടതുപക്ഷ ജനാധിപത്യ മുന്നണി മന്ത്രിസഭയിലെ മന്ത്രിയുമായിരുന്ന സ: ടി.കെ.രാമകൃഷ്ണൻ ചൂരിമല വിഷയം നേരിട്ട് മനസ്സിലാക്കാനും പരിഹരിക്കാനുമുള്ള ശ്രമത്തിന്റെ ഭാഗമായി ചൂരിമല പ്രദേശത്ത് വരികയും പ്രോവിഡന്റ് ഇൻവെസ്റ്റ്മെന്റ് കമ്പനി കൈവശക്കാരെ ഒഴിപ്പിക്കാൻ ഫയലാക്കിയ കേസിൽ പ്രതികളാക്കിയ ചൂരിമല ഗോപാലൻ മുതൽ 5 പേരിൽ ഒരാളായ സ: ഗോപാലന്റെ വീട്ടിൽ വരികയും കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. കേസ്സിൽ പ്രതികളാക്കിയ 5 പേരിൽ 3 പേർ ഇതിനകം മരണപ്പെട്ടുപോയി. സ:ഗോപാലൻ പലവിധ അസുഖങ്ങളും കാരണം പുറത്തേക്ക് പോകാൻ കഴിയാതെ അധികസമയവും വീട്ടിൽത്തന്നെ കഴിഞ്ഞുവരുന്നു. മരിക്കുതിനുമുൻപേ കൈവശ ഭൂമിക്ക് പണയം ലഭിക്കുമെന്ന പ്രതീക്ഷയിലാണ് സഖാവ്.

കൈവശക്കാരെ ഒഴിപ്പിക്കാനുള്ള അതി ശക്തമായ ശ്രമം നിയമപരമായിത്തന്നെ മദ്ധ്യപ്രദേശ് സർക്കാരിനു കീഴിലുള്ള കമ്പനി നടത്തുകയുണ്ടായി. ഒരുഘട്ടത്തിൽ ഒഴിപ്പിക്കൽ നടപടിയുടെ ഭാഗമായി കോടതി ശക്തമായ ഇടപെടലുകൾ നടത്തുകയും പോലീസ് ഫോഴ്സിന്റെ സഹായത്തോടെ ഒഴിപ്പിക്കാനുള്ള ശ്രമം നടത്തുകയും ചെയ്തെങ്കിലും ശക്തമായ ചെറുത്തുനിൽപ്പ് സമരത്തിന്റെ ഭാഗമായി പ്രസ്തുത ഉദ്യമത്തിൽ നിന്നും പിൻതിരിഞ്ഞു പോകേണ്ടി വന്നിട്ടുള്ളതുമാണ്.


കുടിയൊഴിപ്പിക്കൽ നിരോധനം ഒരു നയമായി 1957 മുതൽ തന്നെ കേരളത്തിൻ നടപ്പാക്കിയിട്ടുണ്ടെങ്കിലും കേരളാ സർക്കാരിന്റെ അധികാരപരിധിയിലും നിയന്ത്രണത്തിലും വരുന്ന ഭൂമിക്ക് മാത്രമേ ഈ നയം ബാധകമാവൂ എന്നും മദ്ധ്യപ്രദേശ് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഭൂമിയിൽ ഈ നയം ബാധകമാക്കാനാവില്ല എന്നുമുള്ള നിലപാടാണ് കോടതി സ്വീകരിച്ചത്. ഈ ഒഴിപ്പിക്കൽ നടപടിയും ചെറുത്തുനിൽപ്പ് സമരങ്ങളും നടന്നുവരവെത്തന്നെ നായനാർ സർക്കാർ അധികാരത്തിലിരുന്ന ഘട്ടം മുതൽ കേരളാസർക്കാരും മദ്ധ്യപ്രദേശ് സർക്കാരും തമ്മിൽ സർക്കാർ തല ചർച്ചകളും പരിഹാര മാർഗ്ഗങ്ങളും തേടിവന്നിരുന്നുമാണ്. ഇതിനിടയിൽ 1980 ൽ കേരളാ ലാൻഡ് റിഫോംസ് നിയമത്തിന്റെ പരിധിയിൽ ചൂരൽമല ഭൂമി കൊണ്ടുവരാനുള്ള ശ്രമവും സർക്കാർ തലത്തിൽ നടന്നെങ്കിലും കോടതി ഈ വാദം തള്ളുകയാണുണ്ടായത്. 1989 ൽ കൈവശ കുടിയാന്മാർക്ക് പട്ടയം നൽകാനുള്ള സർക്കാർ ശ്രമവും ഹൈക്കോടതി തള്ളുകയാണുണ്ടായത്. ബീനാച്ചി എസ്റ്റേറ്റിന്റെ മദ്ധ്യഭാഗത്തായി ഏതാനും ഭാഗങ്ങൾ നിബിഡ വനവും വന്യജീവികളുടെ വാസസ്ഥലവും ആണ്. ആ നിലയിൽ 2001 ൽ ബീനാച്ചി എസ്റ്റേറ്റ് വനമായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് സർക്കാർ കോടതിയെ സമീപിച്ചെങ്കിലും ആ ആവശ്യവും കോടതി തള്ളുകയാണുണ്ടായത്. ഇതിനിടയിൽ കേരള- മദ്ധ്യപ്രദേശ് സർക്കാരുകൾ തമ്മിലുള്ള ചർച്ചകളുടെ ഭാഗമായി ആദ്യഘട്ടത്തിൽ മദ്ധ്യപ്രദേശ് സർക്കാർ ഒഴിപ്പിക്കൽ നടപടികൾ അവസാനിപ്പിക്കുകയും പിന്നീട് ബീനാച്ചി എസ്റ്റേറ്റ് കേരളാസർക്കാരിന് വിട്ടുകൊടുക്കാനുള്ള തീരുമാനത്തിലെത്തുകയും ചെയ്തു. തുടർ നടപടികൾ ഇപ്പോൾ നടന്നുവരികയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ.എം.ബി. രാജേഷിന്റെ ഇടപെടലുകൾ മൂലം മുൻസിപ്പാലിറ്റി മുഖേന വീടുകൾ റിപ്പയർ ചെയ്യാനും മറ്റും തുക അനുവദിക്കാനുള്ള തടസ്സം നീക്കുകയും വന്യമൃഗ ശല്യത്തിൽ നിന്നും സംരക്ഷണത്തിനായുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഒഴിപ്പിക്കൽ നടപടികൾ തുടങ്ങിയ ഘട്ടങ്ങളിൽ ചൂരിമല പ്രദേശത്തെ മുഴുവൻ കുടുംബങ്ങളും ചെറുത്തുനിൽപ്പു സമരങ്ങളിൽ സജീവമായി പാർട്ടിയോടൊപ്പം നിലകൊണ്ടതായി സ: ഗോപാലൻ ഞങ്ങളോട് പറഞ്ഞു. ഒഴിപ്പിക്കൽ നടപടികൾ അവസാനിപ്പിച്ചതിനുശേഷം സുരക്ഷിതരാണെന്ന ബോദ്ധ്യത്തിൽ ചിലരെല്ലാം വിട്ടുപോയതായും സ:ഗോപാലൻ പറയുന്നു.

സുൽത്താൻ ബത്തേരിയിലെ പാർട്ടിയുടെ വളർച്ചയുടെ ഘട്ടത്തിലെ ഒരു ഏടാണ് ചൂരിമല സമരം.

(നിരവധി സഖാക്കളോടും പ്രവർത്തകരോടുമൊപ്പം എസ്റ്റേറ്റ് പടിക്കൽ ദീർഘനാൾ നീണ്ടു നിന്ന കഞ്ഞിവെപ്പ് സമരത്തിലെ പങ്കാളിയായിരുന്നു ഈ ലേഖകനും.)





# അരങ്ങൊലി

## സ.സി.ഭാസ്ക്കരൻ കലാ–സാംസ്ക്കാരിക വേദി

നവോത്ഥാനകാലഘട്ടം മുതൽ സമൂഹത്തിൽ പുരോഗമനപരമായ ആശയങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ കലയും, സംസ്കാരിക ഇടപെടലും നല്ല രീതിയിൽ പ്രതിഫലിപ്പിച്ചിട്ടുള്ള നാടാണ് നമ്മുടേത്. തുടർന്നിങ്ങോട്ട് തുള്ളൽകഥകളിലൂടെയും ചാക്യാർ കൂത്തിലൂടെയും അത് മുന്നേറി , ഹരികഥയും കഥാപ്രസംഗവും ജനഹൃദയങ്ങളിൽ നിറഞ്ഞു തുളുമ്പി നാടകങ്ങളിലെ പച്ചയായ യാഥാർത്ഥ്യം വിളിച്ചു പറയാനും സന്ദേശങ്ങൾ ജനങ്ങളിലേക്കെത്തിക്കാനും കഴിഞ്ഞു.

അതിന്റെ അനുഭവ സാക്ഷ്യമെന്നോണം നാടൻ പാട്ടീണങ്ങളും . നൃത്ത ശിൽപങ്ങളും , കൈകൊട്ടി കളിയും വിപ്ലവ ഗാനങ്ങളും നമുക്ക് ആവേശമായി. ഇതിനെ നമ്മുടെ സമൂഹത്തിലേക്കും സന്നിവേശിപ്പിക്കണം എന്ന് ഏരിയ കമ്മിറ്റി ആലോചിക്കുന്നു. ആ ചിന്തകൾ ഗഥകാല വിപ്ലവ പോരാട്ടങ്ങളുടെ വഴിത്താരകൾ തുറന്നിടണം എന്നതിന്റെ അടിസ്ഥാനത്തിൽ, കഷ്ടപ്പാടുകളുടെ പഴയ കാലത്ത് സമൂഹത്തിലെ നിസ്വജന വിഭാഗത്തിനു വേണ്ടി പാടത്തും പറമ്പിലും . ജന്മിത്വത്തിനടമപ്പെട്ടു നരകതുല്യം ജീവിക്കുന്ന ഗോത്രവർഗ വിഭാഗങ്ങളുൾപ്പെടെയുള്ള  തൊഴിലാളി കളെ സംഘടിപ്പിച്ച്  പ്രസ്ഥാനത്തെ കെട്ടിപ്പടുത്ത് അവരെ ആത്മാഭിമാനമുള്ളവരാക്കി മാറ്റുന്നതിനുള്ള ദിശാബോധം നൽകിയ നേതാവ്, വലതു വ്യതിയാനത്തിന്റെ ഭൂപ്രഭുത്വത്തിനു മുമ്പിൽ ഓച്ഛാനിച്ചു നിന്ന അടിയാളന്മാർക്ക് സംഘബോധം ചൊല്ലിക്കൊടുത്ത കമ്യൂണിസ്റ്റ് ദൈന്യതയിലും ജീവിത പ്രതിസന്ധികളിലും അടിസ്ഥാന വർഗത്തോടൊപ്പം നിന്ന് മാനവികത ഉയർത്തിപ്പിടിച്ച സഖാവ് തെരഞ്ഞെടുക്കപ്പെട്ട വേദികളിൽ ജനകീയനായി മാറിയ ഭരണാധികാരി

വർഗസമരങ്ങൾക്കു മുമ്പിൽ മുഷ്ടി ചുരുട്ടി അണികൾക്ക്പോരാട്ട വീര്യം പകർന്നു കൊടുത്ത പോരാളി വിഭിന്ന ആശയങ്ങളുള്ളപ്പോഴും എല്ലാ രാഷ്ട്രീയ ക്കാരോടും മാനുഷിക അംഗികാരത്തോടെ  സൗഹൃദങ്ങൾ പങ്കുവക്കുന്ന സുഹൃത്ത്, വിദ്യാർത്ഥി, യുവജന, മഹിള പ്രസ്ഥാനങ്ങളെ എന്നും ചേർത്തു നിർത്തിയ രക്ഷാധികാരി അങ്ങനെ ഒരു പാടു വിശേഷണങ്ങൾ  ഭാസ്ക്കരേട്ടന്റെ ജീവചരിത്ര പന്ഥാവിൽ ജ്വലിക്കുന്ന നക്ഷത്രങ്ങളായ് ഉദിച്ചു നിൽക്കുന്നു.

വിളിച്ചു തന്ന മുദ്രാവാക്യങ്ങൾ ചൊല്ലിത്തന്ന ആശയസംഹിതകൾ ഇതെല്ലാം കരുത്തായ്

ഈ കെട്ടകാലത്ത് പൊരുതുവാൻ ഞങ്ങൾക്കാവേശമാണ്

സ.സി.ഭാസ്ക്കരന്റെ പേരിൽ സുൽത്താൻ ബത്തേരി ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരു കലാ–സാംസ്കാരിക വേദി നമ്മൾ ആരംഭിച്ചു കഴിഞ്ഞു. അരങ്ങൊലി എന്ന ഈ സാംസ്ക്കാരിക കൂട്ടായ്മ നമ്മുടെ പ്രദേശത്തെ കലാ–സാംസ്ക്കാരിക പ്രവർത്തകരെ പ്രോത്സാഹിപ്പിക്കുന്നതിനും., പുതിയ തലമുറയെ വളർത്തിക്കൊണ്ടുവരുന്നതിനും ഈ മേഖലയിൽ കഷ്ടത അനുഭവിക്കുന്നവരെ പരിഗണിക്കുന്നതിനും ലക്ഷ്യം വെക്കുന്നു.

കലാ–സാംസ്കാരിക വേദികളൊരുക്കി നമുക്കൊത്തുകൂടാം.





Auditorium










AKC സ്മാരക മന്ദിരം & സി. ഭാസ്കരൻ ഓഡിറ്റോറിയം
തറക്കല്ലിടലും


AKC സ്മാരക മന്ദിരം & സി. ഭാസ്കരൻ ഓഡിറ്റോറിയം
തറക്കല്ലിടലും


CPI (M)






ASSUMPTION FORANE CHURCH
Super









# പടവുകൾ പാഠമാകുമ്പോൾ.....

ചരിത്രമെന്നത് പഴമയുടെ ആഖ്യാനമല്ല സാമൂഹികാധികാര ക്രമങ്ങളുടെ വിവരണമാണ്.ചരിത്രത്തെ മറികടക്കുന്നവർ മതമൗലീകാശയങ്ങൾക്ക് താരപരിവേഷം നൽകുന്നവരാണ് എന്ന് തിരിച്ചറിയേണ്ടതുണ്ട്.

ഭൂതകാലത്തെ സമഗ്രതയോടും വൈരുദ്ധ്യങ്ങളോടും കൂടി അവതരിപ്പിക്കപ്പെടുമ്പോൾ ആ ശേഷിപ്പുകൾ പുതിയ സമൂഹരൂപങ്ങളുടെ ഇന്ധനമായി മാറുന്നു.

അരാഷ്ട്രീയതയുടെയും അസംഘടിതരുടെയും ചൂഷിതരുടെയും ജീവിത ക്രമങ്ങളിൽ ഇടപെട്ടുകൊണ്ട് ചൂഷണരഹിതമായ പുരോഗമന തൊഴിലാളി വർഗ ദിശാബോധം വളർത്തി ഇരുണ്ട വഴികളിലൂടെ മർദ്ദനങ്ങളുടെയും ആക്രമണങ്ങളുടെയും നേരെ മുഷ്ടി ചുരുട്ടി മുദ്രാവാക്യം വിളിച്ച് ചവിട്ടിക്കയറിയവർ, അവർ കൂടി സ്വപ്നം കണ്ട ജനകീയ ജനാധിപത്യത്തിന്റെ ചുവന്ന പടവുകൾ ശാശ്വതമാക്കപ്പെടുവാൻ ജാഗരൂകരാകണം.

പുതിയ ഓഫീസ് സംവിധാനങ്ങൾ തുടർന്നുള്ള സമര സംഘടനാ പ്രവർത്തനങ്ങളുടെ ഈറ്റില്ലമായി മാറേണ്ടതുണ്ട്. അതിനുള്ള ഊർജ്ജം സ്വാംശീകരിക്കാൻ സമ്പൂർണ്ണമല്ലെങ്കിലും ഇനിയും അനസ്യൂതം പൂർത്തീകരിക്കപ്പെടേണ്ട ചുവന്ന പടവുകൾ എന്ന ഈ അനുഭവ പ്രവാഹത്തിനും ആവിഷ്ക്കാര രൂപത്തിനും കഴിയുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി വിപ്ലവാഭിവാദനങ്ങളോടെ,

എഡിറ്റോറിയൽ ബോർഡിനുവേണ്ടി.

എൻ എ വിജയകുമാർ
കോ–ഓർഡിനേറ്റർ



## എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ : സുരേഷ് താളൂർ
കൺവീനർ : പി.ആർ. ജയപ്രകാശ്
ട്രഷറർ : പി.കെ.രാമചന്ദ്രൻ

അഡ്വ. : കെ.കെ.സോമനാഥൻ
സി.എസ്.ശ്രീജിത്ത്
എൻ എ.വിജയകുമാർ
അഡ്വ: കെ. അരവിന്ദാക്ഷൻ
അമൽ റോഷൻ
കെ.കെ.സനിൽ

വി. സുരേഷ്
രാഹുൽ രാജ്
മിനി രാജഗോപാൽ
പി.കെ.അനൂപ്
കെ.ബാലഗോപാൽ
ആൽബിൻ ബെന്നി

*കവർ ഡിസൈനിംഗ് : ജഗദീഷ് വെല്ലോടി*